599 597

തുരങ്കം

തുടർക്കഥ

KOTTAYAM
KERALA STATE



Block by-
VALSAN

പി. കുഞ്ഞിരാമൻ നായർ

H.S. 599

കേരളം

നൂറാണ്ടുകൾക്കു മുമ്പ്

GOVERNMENT HIGH & TRAINING SCHOOL
KOTTAYAM.
KERALA STATE.

പുനർവിചാരണം

കേരളം
നൂറാണ്ടുകൾക്കു മുമ്പ്



ഗ്രന്ഥകർത്താ :-
പി. എ. സെയ്തുമുഹമ്മദ്.

അജന്താ പബ്ലിക്കേഷൻസ്,
കോതപറമ്പു്,
കൊടുങ്ങല്ലൂർ.

ഒന്നാം പതിപ്പു കോപ്പി : 1000

കവർ : വി. എം. ബാലൻ.

വില : 1-ക. 4-ണ.

Printed & Published by Ajantha Publications,
Kothaparamp, Cranganoor-at V. K. Press, Kunnamkulam.

ഉള്ളടക്കം

GOVERNMENT HIGH & TRAINING SCHOOLS
KOTTAYAM.
KERALA STATE.

1. ചരിത്രവീക്ഷണം.

2. വിദേശബന്ധങ്ങൾ.

3. ചരിത്രനാണയങ്ങൾ.

4. ബൌദ്ധകേരളം.

5. അറക്കൽ രാജവംശം.

6. തുളുവും കേരളവും.

7. പോർത്തുഗീസാക്രമണം.

8. കേരള കടൽക്കള്ളന്മാർ.

ഗ്രന്ഥകാരന്റെ മറ്റു പുസ്തകങ്ങൾ

ചരിത്രകേരളം

സഞ്ചാരികൾ കണ്ട കേരളം.

കുട്ടികളുടെ കേരളചരിത്രം.

കേരളം നൂറാണ്ടുകൾക്കു മുമ്പ്.

H S 599

കേരളം
നൂറാണ്ടുകൾക്കു മുമ്പ്



I. ചരിത്രവീക്ഷണം



ഒരു രാഷ്ട്രത്തിന്റെ ചരിത്രവും അതിനു ജീവൻ നൽകുന്ന സംസ്കാരവും ആ രാഷ്ട്രത്തിലെ ആദിമവർഗ്ഗക്കാരുടേതായിരിയ്ക്കും. ആദികാലകുടിയേറിപ്പാർപ്പുകാരുടെ സംസ്കാരത്തെ സംബന്ധിച്ചും പഠനം നടത്തിയാൽ പലതും കണ്ടുപിടിയ്ക്കാം. കേരളത്തെപ്പറ്റി പൂർവ്വകാലഗവേഷണം നടത്തണമെങ്കിൽ കേരവൃക്ഷത്തെ സംബന്ധിച്ച് അന്വേഷണം ആരംഭിച്ചേ തീരൂ. ആധുനികസസ്യശാസ്ത്രജ്ഞന്മാർ തെങ്ങിന്റെ ജന്മനാട് പോളിനേഷ്യയും സിലോണുമാണെന്ന് സംശയിയ്ക്കുന്നു. അപ്പോൾ ഒരു പോളിനേഷ്യൻസംസ്കാരത്തിന്റെ കുടിയേറിപ്പാർപ്പ് ആദികേരളത്തിൽ ഉണ്ടായതായി സംശയിയ്ക്കണം. പരശുരാമൈതിഹ്യത്തിന്റെ നൂൽപ്പാലത്തിൽ കെട്ടിയുയർത്തിയിട്ടുള്ള ചരിത്രത്തിന്റെ വണ്ണപ്പകിട്ടേറിയ ഈ കടലാസുകോട്ട ശാസ്ത്രപുരോഗതിയുടെ പ്രവാഹത്തിൽ വിലയംപ്രാപിച്ചുവരികയാണ്. ബ്രാഹ്മണകുടിയേറിപ്പാർപ്പുകാലം ബി. സി. രണ്ടാം നൂറാണ്ടിനപ്പുറത്തായിരുന്നില്ല എന്ന കാര്യത്തിൽ

ഭിന്നാഭിപ്രായക്കാരായ ചരിത്രകാരന്മാർ യോജിയ്ക്കുന്നുണ്ട്. അതിനപ്പുറത്തേയ്ക്കു കടന്നുനില്ക്കാൻ ഉപയുക്തമായ രേഖകൾ കാണുന്നില്ല. ബ്രാഹ്മണസംസ്കാരത്തിന്റെ പരിഷ്കർത്താവായ പരശുരാമൻ പ്രസ്തുത കാലത്തിന്റെ നേതാവായിരിയ്ക്കുമല്ലൊ. ചരിത്രത്തിന്റെ മറ്റൊരു ഭാഗത്തു് യുഗാന്തരം മാഞ്ഞുപോകാത്ത വേറെ ചില കുറിപ്പുകൾ കാണുന്നു. ക്രിസ്തുവിനു് രണ്ടായിരം വർഷങ്ങൾക്കു മുമ്പു് കേരളം വിദേശരാജ്യങ്ങളുമായി വ്യാപാരം നടത്തിയിരുന്നുവെന്നു് — അപ്പോൾ പരശുരാമകേരളത്തിനപ്പുറത്താണു് നടന്നതെന്നു് ആദികാലകേരളസംസ്കാരം വെളിപ്പെട്ടുത്തുന്നു. ഈ വസ്തുതയുടെ വെളിച്ചത്തിൽ പരശുരാമവാദം നിരർത്ഥകമാണെന്നു് വരുന്നു. മഹാഭാരതം, രാമായണം, വായുപുരാണം, മത്സ്യപുരാണം, മാർക്കണ്ഡേയപുരാണം, പെരിപ്ലസ്, കേരളോല്പത്തി, മെക്കൻസി മാനുസ്ക്രിപ്റ്റ് തുടങ്ങിയവയിൽ കേരളത്തെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ടു്. ഇതിൽനിന്നെല്ലാം ഒരു കാര്യം വ്യക്തമാകുന്നുണ്ടു്. സഹസ്രാബ്ദങ്ങൾക്കു മുമ്പു് കേരളക്കര സാംസ്കാരികനിലവാരത്തിൽ ഉയർന്നിരുന്നെന്നും ഇവിടത്തെ ആദിമനിവാസികൾ പ്രയത്നശാലികളായിരുന്നെന്നും വ്യക്തമാകുന്നു.

നമുക്കു വസ്തുനിഷ്ഠമായ സത്യത്തെ മാനിച്ചുകൊണ്ടുള്ള ഒരു കേരളചരിത്രമുണ്ടാകണമെങ്കിൽ ഇവിടെ ആദിമനിവാസികളെ സംബന്ധിച്ചു് ഗവേഷണം നടത്താതെ തരമില്ല. കേരളത്തിലെ തിരപ്രദേശങ്ങളിലും മലയോരങ്ങളിലും അധിവസിയ്ക്കുന്ന ആദിമനിവാസികൾ, കൃഷിപ്പണിയിലേർപ്പെട്ടു് പ്രയത്നിയ്ക്കുന്ന വർഗ്ഗങ്ങൾ, പുലയൻ പറയൻ തുടങ്ങിയ അവാന്തരവിഭാഗങ്ങൾ, ഭൂരിപക്ഷം വരു

ന്ന ഈഴവർ ഇവരെല്ലാം ഇവിടുത്തെ പൌരാണികരാണ്. ഈ നാട്ടിന്റെ അവകാശികളെ ബോധപൂർവ്വം പിൻതള്ളിക്കൊണ്ട് നിർമ്മിച്ചിട്ടുള്ള ചരിത്രരേഖകൾക്ക് പൊളിച്ചെഴുത്താവശ്യമാണ്. കേരളഭ്രമിതന്നെ ഒരുകാലത്ത് കടലിൽ വേലിയേറ്റമുണ്ടായപ്പോൾ കായായി പൊന്തിയതാണ്. തദനന്തരം ഉപദ്വീപുകൾ ഉയരുകയും കേരളനാട് വിശാലമായിത്തീരുകയും ചെയ്തു. ബി. സി നാനൂറിൽ ഇൻഡ്യ സന്ദർശിച്ച മെഗസ്റ്റനീസ് ഇന്നത്തെ തൂത്തൂണിത്തുറ കടൽവക്കത്തായിരുന്നുവെന്ന് പറഞ്ഞിട്ടുണ്ട്. കൊടുങ്ങല്ലൂരിന്നും കൊച്ചിയഴിമുഖം മദ്ധ്യേ ഉയർന്നുവന്നിട്ടുള്ള വയ്പിൻദ്വീപ് ക്രിസ്താബ്ദം 1341-ാമാണ്ടിനോടടുത്തുണ്ടായ വെള്ളപ്പൊക്കത്തിൽ കടൽ നിറഞ്ഞിയുണ്ടായതാണ്. അങ്ങിനെ രേഖകളിൽക്കൂടെത്തന്നെ നമ്മുടെ നാടിന്റെ ഭ്രശാസ്ത്രപരമായ ചരിത്രം നമുക്ക് കോത്തെടുക്കാൻ കഴിയുന്നു. ഈ യാഥാർത്ഥ്യങ്ങളെ അതിലംഘിച്ചുകൊണ്ടുള്ള കെട്ടുകഥകളുടെ നിലനിൽപ്പു ശ്രുഭകരമല്ല. ഇടക്കാലത്ത് പ്രാകൃതരുപത്തിലുള്ള ജനാധിപത്യഭരണംപോലും നമ്മുടെ നാട്ടിലുണ്ടായിട്ടുണ്ട്. മൂന്നു കാലഘട്ടങ്ങളായി കേരളചരിത്രത്തെ ഭാഗിച്ചു പഠനം നടത്തണം. ബ്രാഹ്മണാധിപത്യത്തിന്നു മുമ്പു ജാതികളും വർണ്ണവ്യത്യാസങ്ങളുമില്ലാതെ അധിവസിച്ചിരുന്ന കാലം, രണ്ടാമത്തേത് ആത്മീയവാദികളായ ബ്രാഹ്മണരുടെ കാലം. ഈ കാലഘട്ടത്തിലുണ്ടായ പരിവർത്തനങ്ങളുടെ സ്വാധീനശക്തിയാണ് ഇന്നു നമ്മുടെ ചരിത്രഗ്രന്ഥങ്ങളിൽ കാണുന്നത്. മൂന്നാമത്തെ കാലഘട്ടം ബുദ്ധമതം, വൈദേശികമതങ്ങൾ തുടങ്ങിയവയുടെ മുന്നേറ്റത്തിന്റെ ചരിത്രം ഉൾക്കൊള്ളുന്നതാണ്. ഇങ്ങിനെ മൂന്നായി അപഗ്രഥിച്ച് ഗവേഷണം നടത്തേണ്ടിയിരിയ്ക്കുന്നു.

കേരളചരിത്രപ്രധാനമായ ഏതാനും ഗ്രന്ഥങ്ങൾ കഴിഞ്ഞ ആറു വർഷങ്ങൾക്കിടയിൽ പുറത്തുവന്നിട്ടുണ്ട്. കേരളോല്പത്തിയുടെ നിർമ്മാണവീക്ഷണത്തെ പിന്തുടർന്നാണ് ആരംഭത്തിൽ കേരളചരിത്രം എഴുതിത്തുടങ്ങിയത്. 1868-ൽ പ്രസിദ്ധീകരിച്ച പാച്ചുമൂത്തതിന്റെ തിരുവിതാംകൂർ ചരിത്രമാണ് ചരിത്രകാരന്മാർക്ക് നിർമ്മാണപ്രചോദനം നല്കിയത്. അതിനെത്തുടർന്ന് സർ, ടി. മാധവറാവുവിന്റെ തിരുവിതാംകൂർ രാജകീയചരിത്രവും പേഷ്കാർ ശങ്കുണ്ണിമേനോന്റെ ബൃഹത്തിരുവിതാംകൂർ ചരിത്രവും പുറത്തുവന്നു. ഈ ഗ്രന്ഥങ്ങളിലെല്ലാം തിരുവിതാംകൂർ രാജാക്കന്മാരുടെ പ്രതാപകാലത്തെ കേരളചരിത്രവുമായി കൂട്ടിയിണക്കുകയാണ് ചെയ്യുന്നത്. തിരുവിതാംകൂർ രാജവംശവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥപ്രമുഖന്മാരാണ് കേരളചരിത്രത്തിനു പ്രസ്തുത കാലഘട്ടങ്ങളിൽ സംഭാവനകൾ നല്കിയത്. പ്രൊഫസർ സുന്ദരം പിള്ളയുടെ ചരിത്രരേഖാവ്യാഖ്യാനം ആരംഭിച്ചതോടെ ഒരു പുതിയ വഴിത്താര ഈ മാർഗ്ഗത്തിൽ കണ്ടുതുടങ്ങി. ടി. ഗോപിനാഥറാവുവും ഈ മാർഗ്ഗത്തിൽ കനത്ത സംഭാവനകൾ നല്കി. സുന്ദരംപിള്ളയുടെ രേഖാപഞ്ചായം ചരിത്രാന്വേഷികൾക്ക് ലഭിയ്ക്കുന്നതിനു മുമ്പെ കേരളചരിത്രത്തിൽ ഒരു മഹാസംഭവമുണ്ടായി. വിദേശീയനായ വില്യം ലോഗൻ എഴുതിയ മലബാർ മാന്വൽ വസ്തുനിഷ്ഠമായ ചരിത്രസത്യത്തെ മാനിച്ചു പ്രസിദ്ധീകരിച്ച ആദ്യത്തെ ചരിത്രഗ്രന്ഥമാണ്. ഇതൊരു പുതിയ സംഭവമായി പരിഗണിയ്ക്കാൻ നിഷ്പക്ഷമതികൾ തയ്യാറായി. ബലഹീനമായ കെട്ടുകഥകൾക്ക് വിലയിരുത്താൻ ലോഗൻ തയ്യാറായില്ല. പ്രസ്തുത കെട്ടുകഥകളെ സംശയദൃഷ്ടിയോടും

യുക്തിചിന്തയോടും കൂടി സമീപിയ്ക്കുകയും ചെയ്ത ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭമായപ്പോഴെയ്ക്കും ചരിത്രനിർമ്മാണത്തിൽ കുറെക്കൂടി മുന്നോട്ട് യാത്രചെയ്യാൻ ചില പ്രഗത്ഭന്മാർ തയ്യാറായി. പോർത്തുഗീസുകാരുടെയും ഡച്ചുകാരുടെയും ബന്ധംകൊണ്ട് കൊച്ചിക്ക് ലഭിച്ച രേഖകളും വെളിച്ചം കണ്ടതു് ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിലാണെന്നു പറയാം. സി അച്യുതമേനവന്റെ കൊച്ചിൻ മാനുവൽ ചരിത്രത്തിൽ കൊച്ചിയുടെ പ്രാധാന്യം ഉയർത്തിക്കാട്ടി. കേരളചരിത്രത്തിന്റെ മറ്റൊരു നേട്ടമായി ഗണിയ്ക്കാവുന്ന ശ്രീ: കെ. പി. പത്മനാഭമേനോന്റെ കേരളചരിത്രത്തിൽ ആദ്യന്തം വൈദേശികസമ്പർക്കത്തിന്റെ സ്വാധീനം കാണാം. ഈ ഗ്രന്ഥം കാൻറൻ വിഷർ എന്ന ഡച്ചുപാതിരിയുടെ സുദീർഘങ്ങളായ എഴുത്തുകളെ അവലംബിച്ചു രചിച്ചതാണ്. തിരുവിതാംകൂറിലാണ് ചരിത്രസാഹിത്യത്തിന്നു് വളർച്ച ലഭിച്ചതെന്നു് ഒറ്റനോട്ടത്തിൽ കാണാം. വസ്തുനിഷ്ഠമായ ചരിത്രരചനയുടെ മാതൃക ശുദ്ധമായംഗീകരിയ്ക്കാൻ ഇവരിൽ പലർക്കും സാധിച്ചില്ല. ഇരുളടഞ്ഞ കാലങ്ങളിൽനിന്നു് പകർത്തിയെടുത്ത ചില ഭാഗങ്ങൾ തുടച്ചുമിനുക്കാനാണ് ശ്രമിച്ചതു്. പ്രാചീനകേരളത്തെപ്പറ്റി ഗവേഷണം ഇപ്പോഴും പുരോഗമിച്ചിട്ടില്ല. സദസ്യതിലകൻ, നാഗവയ്യ തുടങ്ങിയവർ തിരുവിതാംകൂർചരിത്രത്തിന്റെ വ്യാപ്തിയെപ്പറ്റി പഠനം നടത്തിയ പ്രസിദ്ധരാണ്. പുരാതന തമിഴ് സംഘം കൃതികളെപ്പറ്റി കെ. ജി. ശേഷയ്യരുടെ ഗ്രന്ഥവും ചരിത്രസാഹിത്യത്തിലെ മുതൽക്കൂട്ടായി ഗണിയ്ക്കാം. ശ്രീമാൻ കെ. അനന്തകൃഷ്ണയ്യർ, ആർ. മഹാദേവയ്യർ, എ. ബാലകൃഷ്ണപിള്ള, കെ. വി. കൃഷ്ണയ്യർ, ശൂരനാട്ട് കുഞ്ഞൻ

പിള്ള, കറുപ്പംവീട്ടിൽ ഗോപാലപിള്ള, ഇളംകുളം കുഞ്ഞൻപിള്ള തുടങ്ങിയവർ കേരളചരിത്രഗവേഷണത്തിൽ വിവിധ കാഴ്ചപ്പാടിലൂടെ പ്രവർത്തനം നടത്തിയ പ്രതിഭാസമ്പന്നരാണ്. ശ്രീ: ഇളംകുളം കുഞ്ഞൻപിള്ളയുടെ ഈയിടെയിറങ്ങിയ ഗ്രന്ഥങ്ങൾ ചരിത്രനിർമ്മാണഗതിയെ ത്വരിതപ്പെടുത്തിയിട്ടുണ്ട്. പക്ഷെ ചരിത്രസാഹിത്യം അർഹിയ്ക്കുന്ന നിലയിൽ സമ്പന്നമായിത്തീർന്നിട്ടില്ലെന്നു് ധരിയ്ക്കേണ്ടിയിരിയ്ക്കുന്നു. കുറവുകൾ വളരെയേറെ മുഴച്ചു കാണാമെങ്കിലും അതെല്ലാം നികത്തി ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ കാര്യങ്ങൾ കണ്ടെത്തുന്നതായാൽ വ്യക്തമായ ചരിത്രം നിർമ്മിയ്ക്കാൻ കഴിയുമെന്നു് വിശ്വസിയ്ക്കാം.

ഒരു സങ്കരസംസ്കാരം ഇന്നു് കേരളത്തിൽ നാം കാണുന്നു. ഈ സങ്കരസംസ്കാരത്തിന്റെ കഥ വൈദേശിക മതങ്ങളുടെ പ്രവേശനത്തോടുകൂടിയാണു് ആരംഭിയ്ക്കുന്നതു്. വ്യാപാരത്തിനായി കേരളക്കരയിൽ വന്ന സഞ്ചാരികളുടെ കുറിപ്പുകളിൽ ഇതു സ്പഷ്ടംപ്രാപിച്ചുനില്ക്കുന്നു.

ജൂത, ക്രൈസ്തവ, മുസ്ലിം കുടിയേറ്റപ്രവാഹം കേരളചരിത്രത്തിലെ വഴിത്തിരിവിനെ കാണിയ്ക്കുന്നു. കേരളത്തിലെ ജനങ്ങൾ കോളനികൾ കോളനികളായി ക്രിസ്തുമതത്തിലും ഇസ്ലാംമതത്തിലും ചേർന്നതുകൊണ്ടാണ് ഇന്നു കാണുന്ന ലക്ഷക്കണക്കിനുള്ള ക്രൈസ്തവരും മുസ്ലീമിങ്ങളും ഒരു സങ്കരസംസ്കാരത്തിന്റെ സന്തതികളാണെന്നു് പറയാൻ കഴിയുന്നതു്. അവരുടെ കലകളും ശാസ്ത്രവും ജീവിതരീതിയും കേരളീയർക്ക് പകർന്നതന്നു നമ്മുടെ വൈദ്യവും മറുവിധത്തിലുള്ള ആചാരക്രമങ്ങളും അവരും പകർത്തിയിട്ടുണ്ട്. വിശ്വവിശാലവീക്ഷണം കേരളീയരിൽ നാമ്പെടുത്തുതുടങ്ങിയിട്ടുള്ളതു് അവരുടെ സഹവർത്തിത്വം കൊണ്ടാണു്. വിദേശഭാഷകൾ പഠിയ്ക്കാൻ ഈ വിദേശി

കാം പ്രോത്സാഹനം നല്കിയിരുന്നു. നമ്മുടെ ഭാഷയിലെ നാല്പതു ശതമാനം പദങ്ങളും ഈ വിദേശീയസമ്പർക്കം കൊണ്ടുണ്ടായതാണ്. കച്ചവടവേഴ്ചയും, മതപ്രചരണവും ആണ് ഇതിനു നിദാനമായി നില്ക്കുന്നത്. ഇന്നത്തെ തഹസിൽദാരും, വക്കീലന്മാരും, മജിസ്ട്രേട്ടും, ഹർജിയും, കസ്ബയും, കൈമളും, താക്കീതും, ജമയും, ജപ്തിയും, വസൂലാക്കലും, ജാമ്യവും, മാമൂലും, സക്കാറും, മഹസറും, കുത്തും, കിശയും, ശുപാർശയും, കച്ചേരിയും, ശിപ്പായിയും, രസീതും, ദിവാനും, പേഷ്കാരും, ഖജനാവും, ഘോഷാരിയും, സവാരിയും, സിക്കാരും മറവും മറവും പേഴ്സ്യൻ, ഉറുദ്, അറബി തുടങ്ങിയ വിദേശഭാഷകളിൽനിന്ന് നാം കടം വാങ്ങിയതാണ്. ഇതൊന്നും നമ്മുടെ മലയാളപദങ്ങളല്ല: ഭാഷാപദങ്ങളുടെ ഉല്പത്തിസ്ഥാനത്തെ സംബന്ധിച്ച് ഗവേഷണം നടത്തുന്നവർക്ക് ഇതു വേഗം കണ്ടുപിടിയ്ക്കാം

നമ്മുടെ വസ്ത്രധാരണത്തിലും ജീവിതത്തിലും എന്തെന്തു മാറ്റങ്ങളാണ് ഈ വിദേശികാം വരുത്തിയത്. കോട്ടും നിണ്ട കാലുറയും നമുക്ക് ഒരു സ്വപ്നം ആയിരുന്നു. വസ്ത്രധാരണത്തിൽ ഒറ്റ മുണ്ടിന്റെ ഒറ്റാമൂലിക മാത്രമെ നമുക്കുണ്ടായിരുന്നുള്ളു. ആഴികാം‌ക്കപ്പുറത്തുള്ള പലതും കണ്ടുപഠിയ്ക്കാനും നാമിന്ന് ഔത്സുക്യം പ്രകടിപ്പിയ്ക്കുന്നുണ്ട്. ക്രൈസ്തവമുസ്ലീംമതങ്ങളുടെ വളർച്ചയ്ക്ക് കാരണം ഇവിടെ നിലവിലുണ്ടായിരുന്ന വർണ്ണബന്ധവും ജാതിചിന്തയുമാണ്. ഏതു മതമായിരുന്നാലും ഉയരണം, വളരണം എന്ന അഭിലാഷം കേരളീയരിൽ കുടികൊണ്ടിരുന്നു.

പരന്ത്രീസ്, പോർച്ചുഗീസ്, ഡച്ച് തുടങ്ങിയ ശക്തികളുടെ പ്രവേശനം ആരംഭിച്ചിട്ട് ഏതാനും നൂറാ

ണ്ടുകളേ ആയിട്ടുള്ളൂ. വ്യാപാരമത്സരംകൊണ്ട് നമ്മുടെ നാട്ടിൽ സ്വാധീനം ചെലുത്തിയ ഇവർ നമ്മുടെ ഐക്യത്തെ ചില ഘട്ടങ്ങളിൽ തകർത്തിട്ടുണ്ട്. ഇവരുടെ പ്രവേശനം രാജാധിപത്യവാഴ്ചയ്ക്ക് ചില കെടുതികളും വരുത്തി. അതോടൊപ്പം നമ്മുടെ വിലയേറിയ ഉല്പന്നങ്ങളുടെ കുത്തകയും ഇവർ കയ്യടക്കി. നാടുരാജാക്കന്മാരെ തമ്മിൽ അടിപ്പിച്ച് ഐക്യബന്ധം ശിഥിലീകരിപ്പിച്ച് നമ്മുടെ സമ്പത്തു ചൂഷണം ചെയ്ത് ഇടയ്ക്കിടയ്ക്ക് കൊള്ളയും, കൊലയും, തീവെയ്പും നടത്തി പോർത്തുഗീസുകാർ നമ്മുടെ ചരിത്രത്തിൽ കരിപുരട്ടി. ബ്രിട്ടീഷ് ആധിപത്യത്തോടുകൂടി കേരളത്തിനു് വാപൊത്തിനിൽക്കേണ്ടതായി വന്നു. ആ കഴിഞ്ഞകാലസംഭവങ്ങളും അങ്ങനെ മറഞ്ഞുതുടങ്ങിയിരിയ്ക്കുന്നു. എന്നാലും അതൊരു ചരിത്രസംഭവമായി എന്നെന്നും ജീവിയ്ക്കുന്നു

ചരിത്രമെന്നാലെന്ത്? ഈ ചോദ്യത്തിനുത്തരം ഗ്രീക്കുകാരും റോമാക്കാരും പലതരത്തിലാണ് പറഞ്ഞിട്ടുള്ളതു്. സുന്ദരമായ നുണയാണെന്നു് ഒരു കൂട്ടർ, യഥാർത്ഥമായ സംഭവവിവരണമാണെന്നു് മറെറാരു കൂട്ടർ. രാഷ്ട്രങ്ങളും, സമുദായങ്ങളും, പ്രസ്ഥാനങ്ങളും, ശാസ്ത്രങ്ങളും തുടങ്ങിയവയുടെ പരിണാമം, അവയെ സംഘടിപ്പിയ്ക്കുകയും ആവിഷ്കരിയ്ക്കുകയും ചെയ്ത വ്യക്തികളും, അവയേയും അവരേയും സംബന്ധിച്ചുണ്ടായ സംഭവങ്ങളും മുതലായവ സത്യസന്ധതയോടെ വിവരിയ്ക്കുന്നതാണ് യഥാർത്ഥത്തിൽ ചരിത്രം. ഭൂതകാലസംഭവങ്ങളെ ആധുനികയുഗത്തിന്റെ സ്വഭാവത്തിനനുസരിച്ച് സമുദായത്തിന്റെ ജ്ഞാനപ്രവൃദ്ധതയെ ലാക്കാക്കി പരിശോധിയ്ക്കുകയാണ് ചരിത്രം ചെയ്യുന്നതു്. ചരിത്രത്തിന്റെ ആവിഷ്കരണഭംഗി മികച്ച

താണെങ്കിൽ വായനക്കാരെ ഹഠാദാകർഷിയ്ക്കുവാൻ കഴിയുന്നു. കാർലൈനിന്റെ ഫ്രഞ്ചുചരിത്രം അതിനൊരുദാഹരണമാണ്. ചരിത്രനിർമ്മാണത്തിനു് ബലിഷ്ഠമായ ഒരടിത്തറ സൃഷ്ടിയ്ക്കുന്ന പ്രവൃത്തിയിലാണു് ഭൂഖനനവിദഗ്ദ്ധന്മാരും ഗവേഷകന്മാരും വ്യാപൃതരായിരിയ്ക്കുന്നതു്. പൂർവ്വകാലചരിത്രമാണു് ഗവേഷകന്മാക്കു് ഉത്തേജനം നല്കുന്നതു്. ഗവേഷണത്തിൽ വ്യാപൃതനായിരിയ്ക്കുന്ന വ്യക്തിക്കു് നിഷ്പക്ഷതാമനഃസ്ഥിതിയില്ലെങ്കിൽ അതിന്റെ ദൌർബ്ബല്യം നിഴലിച്ചുകാണും. സ്വപക്ഷീയതാല്പര്യങ്ങൾക്കായി വസ്തുതകളെ വളച്ചൊടിച്ചതിന്റെ ദുരന്തഫലം നാം ഇന്നു് അനുഭവിയ്ക്കുന്നുണ്ടു്. പ്രസിദ്ധ ജർമ്മൻ ചരിത്രകാരനായ റാങ്കിയുടെ അഭിപ്രായം ശ്രദ്ധേയമാണു്. "ദൃഷ്ടികോണം നഷ്ടപ്പെടുത്തിയാൽ ഒരു മൃഗത്തെകൊണ്ടുള്ള പ്രയോജനം നഷ്ടപ്പെടുന്നു. അതുപോലെ സത്യദീക്ഷയില്ലാതെ ഏതെങ്കിലും പ്രവണതയെ അനുയായിചെയ്തുകൊണ്ടു് ചരിത്രഗവേഷണം നടത്തി ലഭിയ്ക്കുന്നതു് പ്രയോജനരഹിതമായ വെറും കഥ മാത്രമാണു്."

ശാസ്ത്രത്തിന്റെ അഖണ്ഡതയിലുള്ള പാശ്ചാത്യരുടെ വിശ്വാസവും അദ്ധ്യാത്മകതയുടെ ശ്രേഷ്ഠതയിലുള്ള പൌരസ്ത്യരുടെ വിശ്വാസവും ചരിത്രനിർമ്മാണത്തെ തെറ്റിയ വഴികളിലേയ്ക്കു് നയിച്ചിട്ടുണ്ടു്. പൌരസ്ത്യരുടെ മതാരാധനകൃതികളായ വേദങ്ങൾക്കു് അനർഹമായ പ്രാമാണ്യം നല്കി യഥാർത്ഥ ചരിത്രവസ്തുതകളാണെന്നു് പാശ്ചാത്യരിൽ ചിലർ സ്ഥാപിച്ചു. പാശ്ചാത്യരുടെ പ്രാചീനചരിത്രഗവേഷണം മാക്സ്മുള്ളനെപ്പോലെയുള്ളവർ വെട്ടിത്തുറന്ന വഴിയിലൂടെ വളർന്നതും ശാസ്ത്രീയഗവേഷണത്തിന്റെ വളർച്ചയെ തടഞ്ഞിട്ടുണ്ടു്. പരിതഃസ്ഥിതി

യ്ത്ത് പാരമ്പര്യത്തേക്കാൾ വളരെയധികം ശക്തിയുണ്ടെന്ന് പാശ്ചാത്യരുടെ വിശ്വാസവും നിർമ്മാണപുരോഗതിയെ സാരമായി തടഞ്ഞു. "യഥാർത്ഥമായ നരവംശീയ ചരിത്രം സംഭവസ്മരണകളാണ്. ജനകീയഐതിഹ്യകഥകളും ഉൾക്കൊള്ളുന്ന ശാസ്ത്രവിഭാഗം. ശാസ്ത്രത്തിൽ ആധുനികയുഗത്തിനുള്ള വിശ്വാസക്കുറവും, ഇന്നത്തെ പുതിയ കണ്ടുപിടിത്തങ്ങളും, പഴയ ദേശീയതത്ത്വത്തിന്റെയും അതിന്റെ ഉപസിദ്ധാന്തങ്ങളുടെയും അർത്ഥമായത് ഓരോ ദേശത്തിന്റെയും സംസ്കാരം എല്ലാത്തിലും ഉയർന്നതാണെന്നും സ്വയം നിശ്ചയവും മറ്റുള്ളവരോട് കടപ്പാടില്ലാത്തതും നേരെമറിച്ച് എല്ലാത്തിനും സ്വന്തം സംസ്കാരത്തോട് കടപ്പാടുണ്ടെന്നും ശരിയല്ലെന്ന സങ്കുചിതത്വവും ചരിത്രപഠനത്തെ പ്രാകൃതാവസ്ഥയിൽ നിർത്തിയിരിയ്ക്കുകയാണ്. ഈ സ്തംഭനത്തിന് മാറ്റം വരണമെങ്കിൽ സമഗ്രമായ നിഷ്പക്ഷമനഃസ്ഥിതിയും സർവ്വലോകദൃഷ്ടിപൂർവ്വമുള്ള താരതമ്യപഠനവും ഉണ്ടായേ തീരൂ. പൂർവ്വകാലചരിത്രഗവേഷണം വളർന്നാലെ ആധുനികഗവേഷണത്തിന്ന് പിടിച്ചുനില്ക്കാൻ കഴിയുകയുള്ളൂ. ഭൂലോകസംഭവങ്ങളെക്കുറിച്ച് നമുക്കുള്ള പരിജ്ഞാനത്തിൽ ഏതെങ്കിലും പരിവർത്തനം ഉണ്ടായാൽ ഇത് നമ്മുടെ ഇന്നത്തെ പ്രവർത്തനരീതിയിലും പരിവർത്തനം ഉണ്ടാക്കും" എന്ന് പ്രസിദ്ധ ചരിത്രാന്വേഷകനായ ഡോ: വിൻഡ് ചൂണ്ടിക്കാട്ടുന്നു. പണ്ടത്തെ അബദ്ധജല്പനങ്ങൾക്ക് മാറ്റം വന്നാലെ ലോകത്തിന്നാവശ്യമായ സഹിഷ്ണുതാപൂർവ്വമായ സാംസ്കാരികൈക്യത്തിന്ന് എന്തെങ്കിലും സംഭാവനചെയ്യുവാൻ കഴിയുകയുള്ളൂ. സങ്കുചിതചരിത്രനിർമ്മാണത്തെപ്പറ്റി മഹാനായ റൊമാങ്ങ് റൊള്ളാങ്ങ് പറഞ്ഞിതിങ്ങിനെയാണ്:

"ഓരോ നരവംശത്തിനും ഓരോ കലയ്ക്കും അതതിന്റെ കാപട്യമുണ്ടായിരിയ്ക്കും. ലോകം അല്പം സത്യവും അധികം അസത്യവും ഭക്ഷിച്ചു വളരുന്നു. മനുഷ്യമനസ്സ് ഋജുവായ ഒന്നാണ്. ശുദ്ധസത്യം അതിനു ദഹനക്കേടുണ്ടാക്കുന്നു. അതിന്റെ മതം, ധർമ്മശാസ്ത്രം, രാഷ്ട്രങ്ങൾ, കവികൾ, കലാകാരന്മാർ എന്നിവ എല്ലാറ്റിനേയും വ്യാജങ്ങൾകൊണ്ട് പൊതിഞ്ഞു മാത്രമേ അതിനു നൽകാവൂ. ഓരോ നരവംശത്തിന്റെയും മനഃസ്ഥിതിയ്ക്ക് യോജിച്ചതായിരിയ്ക്കും ഈ വ്യാജങ്ങൾ. ഇവ നരവംശമനുസരിച്ച് മാറിക്കൊണ്ടിരിയ്ക്കും. ഇവയാണ് ദേശങ്ങൾ തമ്മിൽ പരസ്പരം മനസ്സിലാക്കുന്നതിനു പ്രതിബന്ധങ്ങൾ സൃഷ്ടിയ്ക്കുന്നതും അവ തമ്മിൽ പരസ്പരം നിന്ദിയ്ക്കുന്നതിനു വളംവെച്ചുകൊടുക്കുന്നതും. നമുക്കെല്ലാവർക്കും വേണ്ടതു സത്യം ഒന്നുതന്നെയാണ്. എന്നാൽ ഓരോ നേഷനും അതിന്റെ പ്രത്യേകതരം വ്യാജങ്ങളുണ്ടായിരിയ്ക്കും ഇവയെ ആദർശസഞ്ചയം എന്നു പേരിടാം. ആ ദേശത്തിലെ ഓരോ വ്യക്തിയും ജനനം മുതൽക്ക് മരണം വരെ ഇതു വിശ്വസിച്ചുപോരുന്നു. ഇതു ജീവിതത്തോടു അത്രയ്ക്കുമായിട്ടുള്ള ഒരു പരിതഃസ്ഥിതിയായി മാറിയിട്ടുണ്ട്. ആപൽസന്ദർഭങ്ങളിൽ ഇതിന്റെ മങ്ങല പൊട്ടിച്ചെറിയാൻ സാധിയ്ക്കുന്ന പ്രതിഭാശാലികൾ വളരെ അപൂർവ്വമായി മാത്രമെ ഉണ്ടാകാറുള്ളൂ. തങ്ങളുടെ ചിന്താലോകത്തിലെ ശുദ്ധവായു ശ്വസിയ്ക്കുമ്പോഴാണ് ഇവർ മങ്ങല പൊട്ടിച്ചെറിയുന്നത്." തലമുറകളായി മനുഷ്യഹൃദയങ്ങളിൽ പറ്റിപ്പിടിച്ച വളർന്ന വിശ്വാസങ്ങളുടെ ഗതിയാണ് ചരിത്രത്തെ നിയന്ത്രിച്ചത്. ഭൌതികവീക്ഷണം ഈ ഗതിയെ ശാസ്ത്രത്തിന്റെ വഴിത്താരയിലേയ്ക്ക് തിരിച്ചുവിടാൻ ശ്രമിയ്ക്കുകയാണ്.

ചരിത്രാതീതകാലത്തെ ഗവേഷണം അത്ര എളുപ്പം സാധിയ്ക്കാവുന്ന കാര്യമല്ല. അക്കാര്യത്തിൽ അക്ഷീണമായ പ്രവർത്തനവും, അവഗാഢമായ പഠനവും, സൂക്ഷ്മപരിനിഷ്പക്ഷതാവീക്ഷണവും, ക്ഷമയും ആവശ്യമാണ്. ഇതേവരെ ഉണ്ടായിട്ടുള്ള ചരിത്രാതീതഗവേഷണത്തെ പഠനത്തിനായി പാകപ്പെടുത്തുമ്പോൾ ഒമ്പതു മാർഗ്ഗങ്ങൾ അതിൽ കാണാം. ഭാഷാശാസ്ത്രപരമായ മാക്സ്മുള്ളരുടെ മാർഗ്ഗം, മിസ്റ്റിക്കുമതപരമായ അഡ്വിൻഹോഷിൻറെത്, ജ്യോതിശ്ശാസ്ത്രപരമായ ഡോ: ശ്യാമശാസ്ത്രിയുടേത്, ഭൂഗർഭശാസ്ത്രപരമായ ശ്രീ പരമശിവയ്യരുടേത്, നരവംശശാസ്ത്രപരമായ ഫ്രെഡറുടേത്, തനി ചരിത്രശാസ്ത്രപരമായ പാർജിറരുടേത്, ഭൂമിശാസ്ത്രപരമായ ഡോ: കിർഫലിൻറെത്, പുരാതനസ്ഥലഖനനത്തെ ആസ്പദിച്ചുള്ള ഫിളിൻഡേഴ്സ് പെടിയുടേത്, കല്പകാലഗണിതശാസ്ത്രപ്രകാരമുള്ള കേസരി എ. ബാലകൃഷ്ണപിള്ളയുടേത് ഇവയെല്ലാമാണ് ആ മാർഗ്ഗങ്ങൾ. ഈ മാർഗ്ഗങ്ങൾ മനസ്സിലാക്കി ഗവേഷണകുതുകികൾ പരിശ്രമിച്ചാൽ പലതും കണ്ടുപിടിയ്ക്കാം. പുരാതനകേരളത്തിൻറെ രൂപം കല്പകാലഗണിതപ്രകാരം കേസരി കണ്ടുപിടിച്ചിട്ടുണ്ട്. പ്രളയകാലത്തെ കഥയും ആഴിയിൽനിന്നു് ഉയർന്ന കാര്യവും സോദാഹരണം പ്രഗത്ഭനായ ആ ഗവേഷകപണ്ഡിതൻ പുറത്തുകൊണ്ടുവന്നിട്ടുണ്ട്. പിടികിട്ടാത്ത ആദികാലചരിത്രംതന്നെയാണ് ആദ്യമായി ഗവേഷണം നടത്തി സമ്പാദിയ്ക്കേണ്ടത്. അടിത്തറയില്ലാത്ത കെട്ടിടം പണിയുന്ന സ്വഭാവം ഇനി ആവർത്തിയ്ക്കരുതു്. ശാസ്ത്രീയവീക്ഷണം ഇക്കാര്യത്തിൽ ഉണ്ടായാൽ അതൊരു നേട്ടമായിരിയ്ക്കും.

2. വിദേശബന്ധങ്ങൾ

കേരളത്തിന്റെ അതിപ്രാചീനചരിത്രം അവ്യക്തമാണെങ്കിലും ചരിത്രാന്വേഷണത്തിന് സ്ഥിരോത്സാഹികൾക്ക് ആശയും ആവേശവും നൽകാൻ പര്യാപ്തമാണ്. ദക്ഷിണേന്ത്യൻരാജ്യങ്ങളായ പാണ്ഡ്യ, മോള, ചേര എന്നിവയുമായി വ്യാപാരസമ്പർക്കം പുലർത്താൻ ക്രിസ്തുവിനു മുമ്പ് രണ്ടായിരാമാണ്ടിൽ കൽഡികന്മാർ പരിശ്രമിച്ചതായി ചരിത്രകാരന്മാർ സമർത്ഥിയ്ക്കുന്നു. അറബികളും, ജൂതന്മാരും, സോമാലികളും പ്രവേശിയ്ക്കുന്നതിനു മുമ്പുതന്നെ പൌരാണികറോമാക്കാർ കേരളത്തിലെത്തിയിരുന്നു. പക്ഷെ ചരിത്രസംബന്ധിയായ രേഖകൾ ബി. സി. നാലാം ശതകത്തിനും എ. ഡി. മൂന്നാം ശതകത്തിനുമിടയ്ക്കുള്ളതാണ് കണ്ടുപിടിയ്ക്കപ്പെട്ടിട്ടുള്ളത്. എന്നാലും ചേരമെന്ന പേരിൽ കേരളാധിപത്യം നടത്തിയ രാജവംശത്തിന്റെ ചരിത്രം ഇന്നും ഇരുളടഞ്ഞുകിടക്കുകയാണ്. പ്രാചീന തമിഴ്നാടിന്റെ ആധിപത്യം വഹിച്ചിരുന്ന ചേരരാജ്യത്തെപ്പറ്റി തമിഴ് ഗ്രന്ഥങ്ങൾ ഏറെക്കുറെ വിവരങ്ങൾ നൽകുന്നുണ്ട്. രണശൂരന്മാരായ രാജാക്കന്മാർ അക്കാലത്ത് കേരളനാടിന്റെ അതിർത്തി വികസിപ്പിയ്ക്കാൻ പടയുമായി ഉത്തരദേശങ്ങളിൽ പാഞ്ഞുകയറിയതായി ചരിത്രരേഖകൾ പറയുന്നു. അന്നത്തെ ഔദ്യോഗികഭാഷയായ പ്രാകൃതദ്രാവിഡതമിഴ് സാഹിത്യത്തിൽ പടയോട്ടക്കാലത്തെ വീരാപദാനങ്ങൾ വർണ്ണിയ്ക്കപ്പെട്ടിട്ടുണ്ട്. ചിലപ്പതികാരം, മണിമേഖല, പതിറ്റുപത്ത്, അകനാനൂറ്,

പുറന്നാന്നൂറ് തുടങ്ങിയ ഏതാനും പ്രാചീനതമിഴ് ഗ്രന്ഥങ്ങൾ അക്കാലത്തെ രാജ്യമീമാംസയിലേയ്ക്ക് വെളിച്ചം വീശുന്നു. പെരിക്ലിസിന്റെ കാലത്തെ ആതൻസുപോലെ ചെങ്കുട്ടുവരേണകാലത്തു് കേരളത്തിനും ഒരു സുവർണ്ണദശയുണ്ടായിരുന്നു. റോമും ഗ്രീസ്സും വ്യാപാരവികസനം നേടിയ ആ കാലഘട്ടങ്ങളിൽതന്നെ കേരളം പ്രസ്തുത രാജ്യങ്ങളുമായി ബന്ധപ്പെട്ടു.

ഭാരതസംസ്കാരത്തിന്റെ വ്യാഖ്യാതാക്കളായ കാത്ത്യായനനും, പതഞ്ജലിയും കേരളത്തെപ്പറ്റി സ്പർശിച്ചിട്ടുണ്ടെങ്കിലും അവഗാഢമായ ഒരു പഠനത്തിനു് പര്യാപ്തമായിരുന്നില്ല ആ വിവരണങ്ങളെന്നു് ചരിത്രാന്വേഷകനായ കിൽഹോൺ പറയുന്നു. മഹാഭാരതം, രാമായണം, വായുപുരാണം, മത്സ്യപുരാണം, ഭാഗവതം, മാർക്കാണ്ഡേയപുരാണം തുടങ്ങിയ കൃതികളിലും മിലതെല്ലാം പറഞ്ഞിട്ടുണ്ടെന്നു് സമ്മതിയ്ക്കുന്നതോടൊപ്പം അതൃപ്തിയും വസ്തുനിഷ്ഠമായ ചരിത്രനിർമ്മാണത്തിനു് കരുക്കളായെടുക്കാൻ നമ്മുടെ ചരിത്രകാരന്മാർ തയ്യാറായിട്ടില്ല. കഴിയുന്നത്ര രേഖകൾ വിദേശങ്ങളിൽനിന്നുതന്നെയാണു് ചരിത്രനിർമ്മാണത്തിനു് ശ്രീ കെ പി. പത്മനാഭമേനോനെപ്പോലെയുള്ള പണ്ഡിതന്മാർ സ്വീകരിച്ചിട്ടുള്ളതു്. ഭാഷാപരമായി ദുർഗ്രഹമായ ചില വ്യാഖ്യാനങ്ങൾ കഴിച്ചുനിർത്തിയാൽതന്നെ ആ രേഖകൾക്കു് നമ്മുടെ ഇതിഹാസങ്ങളേക്കാൾ കനം തൂക്കം കാണും. പ്ലിനിയുടെയും ടോളമിയുടെയും നാണയങ്ങൾ കേരളചരിത്രനിർമ്മാണത്തിൽ ചെലുത്തിയിട്ടുള്ള സ്വാധീനശക്തി മികച്ചതാണു്.

ക്രി. മു. 390-ൽ ഗാളുകൾ എന്ന സാഹസികരായ പടയാളികൾ റോമിനെ ആക്രമിച്ചപ്പോൾ അവർക്കു് അപഹരിയ്ക്കാൻ സാധിച്ച വിലപിടിച്ച വസ്തുക്കളിൽ കുരുമു

ളക്ക് പെട്ടിരുന്നു. റോം പൌരസ്ത്യ രാജ്യങ്ങളുമായി നൂറാ
ണ്ടുകളായി നടത്തിപ്പോന്ന വ്യാപാരബന്ധംകൊണ്ട് അ
ഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. റോമക്കാരുടെ ഖജനാവിൽ
വിലയുള്ള വസ്തുവായി എണ്ണിയിരുന്നത് കുരുമുളകും ലോ
ഹവുമാണ്. ഈ വസ്തുക്കൾ ദക്ഷിണേന്ത്യയിൽനിന്നാ
ണ് സംഭരിച്ചിരുന്നത്. റോമക്കാർ ക്രി. മു. ആയിരത്തി
കുറേനൂറിൽതന്നെ ആ സംഘടിതരായിട്ടാണെങ്കിലും വിദൂര
ദേശങ്ങളിലേയ്ക്ക് കപ്പലോടിച്ചിരുന്നു. പല ഘട്ടങ്ങളിലും
പരാജയമാണ് അവരെ അഭിമുഖീകരിച്ചത്. എല്ലാ പ
രാജയങ്ങൾക്കും വിജയത്തിനേറേതായ വിശ്വാസമുള്ളതു
കൊണ്ട് ആരും പിന്തിരിയാറില്ല. അങ്ങിനെ സംഘടി
തരും സുശിക്ഷിതരുമായ റോമൻ നാവികർ സീസർ അഗ
സ്റ്റസിന്റെ ഈജിപ്ത് ആക്രമണകാലത്ത് പെങ്കടലിന്റെ
അധികാരവും വഹിച്ചുകൊണ്ട് കുരു യാത്രയാരംഭിച്ചു. ഈ
സംഘം കാറിലകപ്പെട്ട് പരാജയപ്പെട്ടെങ്കിലും സീസർ
ക്ലോഡിയസ്സിന്റെ കാലത്ത് വീണ്ടും യാത്രയാരംഭിച്ചു.
അവർ വഴിതെറ്റി കേരളതീരത്തെത്തി അറേബ്യൻ
തീരത്തുകൂടിയല്ലാതെയും ദക്ഷിണേന്ത്യയിലെത്താമെന്നു
അവർ ഗ്രഹിച്ചു. തുടർന്ന് ഈജിപ്റ്റുകാരും റോമക്കാരും
തുടരെ കേരളത്തിലെത്താൻ തുടങ്ങി. ഈജിപ്തിൽനിന്നു
രണ്ടു മാസവും പത്തു ദിവസവുംകൊണ്ട് ഐശ്വര്യത്തി
ന്റെ സങ്കേതമായ കേരളത്തിലെത്തിച്ചേരാമെന്നു വന്ന
തോടെ കാലവർഷക്കാറ്റിന്റെ ഗതിയും ഈ യാത്രക്കാർ മ
നസ്സിലാക്കി. റോമക്കാരുടെ ഈ യാത്രയാണ് കേരള
ത്തെ വിദേശവിപണികളുമായി വേഗത്തിൽ ബന്ധിച്ച
ത്. നാവികവീരനായ ഹിപ്പാലുസ്സിന്റെ പേരിൽ 'ഹി
പ്പാലോ — മുസ്സരി' എന്ന കച്ചവടക്കപ്പലും റോമക്കാർ കേ

രളവ്യാപാരത്തിനായി നിമ്മിച്ചു. ഹിപ്പാലുസ്സാണ് കാലവർഷക്കാറ്റിനെ റോമിനു പരിചയപ്പെടുത്തികൊടുത്തത്.

റോമിലെ പ്രതാപശാലിയായ സിസർ അഗസ്റ്റസിന്റെ സ്മരണയ്ക്കായി കേരളതലസ്ഥാനത്തു ഒരു ഗംഭീര ദേവാലയം പണിയിച്ചു. ഒന്നാം കാത്തേജ് യുദ്ധക്കാലത്തു് ഈ ദേവാലയാങ്കണത്തിൽനിന്നു റോമാപടയാളികൾ പ്രതിജ്ഞാബദ്ധരായി പോർവിളിയോടെ പുറപ്പെട്ടിരുന്നു. അന്നത്തെ തമിഴ്കാവ്യങ്ങളിൽ 'യവനർ' എന്ന പേരിൽ റോമക്കാരെ വിശേഷിപ്പിച്ചിരുന്നു. റോമിൽത്തന്നെ കൂട്ടക്കൊലകളും തകർച്ചയും തലപൊക്കിയപ്പോൾ കേരളവ്യാപാരം തകിടംമറിഞ്ഞു. മറ്റു വിദേശികൾ കേരളതീരത്തു് പ്രതാപവാന്മാരായി. ക്രിസ്തുവിനുശേഷം ഇരുനൂറ്റിമുപ്പതു കൊല്ലം റോമക്കാർതന്നെയായിരുന്നു കേരളത്തിലെ വാണിജ്യപ്രമുഖന്മാർ. അലക്സാണ്ഡ്രിയപട്ടണം അധിപതിച്ചപ്പോൾ റോമക്കാർ കച്ചവടകുത്തകയിൽനിന്നു പുറംതള്ളപ്പെട്ടു. എന്നാലും കേരളത്തിന്റെ യശോധാവള്യം ലോകത്തിന്റെ പ്രധാന സങ്കേതങ്ങളിൽ ചെന്നെത്തിയതു് റോമക്കാരുടെ സ്ഥിരസമ്പർക്കംകൊണ്ടാണെന്ന കാര്യം വിസ്മരിച്ചുകൂടാത്തതാണ്.

കേരളത്തിലെ കുരുമുളകിന്റെ എരിവും വീര്യവും വിദേശികളെ മത്തുപിടിപ്പിച്ചിരുന്നെന്നാണു ചരിത്രമുൽഘോഷിയ്ക്കുന്നതു്. അനന്തമായ അറബിക്കടലിന്റെ വിരിമാറിൽ കപ്പൽപടയാളികൾ നമ്മുടെ കുരുമുളകിന്നായി യുദ്ധംചെയ്തു മരിച്ചുവീണിട്ടുണ്ട്. റോമിൽ നടന്ന മിക്ക യുദ്ധങ്ങളുടേയും കടിഞ്ഞാൺപിടിച്ചിരുന്നതു് കേരളത്തിലെ കുരുമുളകായിരുന്നു. കുരുമുളകിനേറെതായ ആ പ്രതാ

പകാലം ഇന്നു് കേരളീയക്കു് ഒരു കടംകഥയായിത്തീർന്നിരിയ്ക്കുന്നു. ക്രിസ്താബ്ദാരംഭത്തിൽ ലോകശ്രദ്ധയെ മുഴുവനും തന്നിലേയ്ക്കാകർഷിയ്ക്കാൻ ഈ കൊച്ചുകുരുമുളകിനു് കഴിഞ്ഞു. പ്രസിദ്ധ ഗ്രീക്കു് പരിണാമവാദിയായ ഹെറാക്ലീറസ്സിന്റെ കാലത്തും, റോമിൽ പ്ലബിയന്മാരും പാറ്റ്റിഷിയന്മാരും യുദ്ധംചെയ്തിരുന്ന കാലത്തും കുരുമുളകു് വിലപ്പിടിപ്പുള്ള വസ്തുവായി ഗണിയ്ക്കപ്പെട്ടു. ഇവരുടെ യുദ്ധത്തിൽ പാറ്റ്റിഷിയന്മാർ എതിരാളിക്കു് യുദ്ധകടം എന്ന നിലയ്ക്കു് വസ്തുക്കൾ കൈമാറ്റംചെയ്തപ്പോൾ കുരുമുളകും സ്ഥാനംപിടിച്ചിരുന്നു. വിവാഹവേളയിലും കുരുമുളകിനു് പ്രാധാന്യംനല്കിയിരുന്നു. കലവറയിലും ചികിത്സാകേന്ദ്രങ്ങളിലും കുരുമുളകു് സുലഭമായി ഉപയോഗിച്ചിരുന്നു. ഔഷധവീര്യമുള്ള കുരുമുളകിനു് രാജകൊട്ടാരത്തിൽ പ്രത്യേകം സൂക്ഷിപ്പുകാരനുണ്ടായിരുന്നു. ഹിപ്പോക്രാറ്റീസിന്റെ വൈദ്യനിർദ്ദേശങ്ങളിലും കൊൽസസ്സിന്റെ പ്രായോഗികവൈദ്യസിദ്ധാന്തത്തിലും കുരുമുളകിനെപ്പറ്റി പറഞ്ഞിട്ടുണ്ടു്. റോമൻയുദ്ധങ്ങളിൽ വിജയിയ്ക്കുന്നവക്കു് സമ്മാനം നൽകുമ്പോൾ കുരുമുളകും നൽകിയിരുന്നു. യുദ്ധക്കരാറുകളിൽ കുരുമുളകു് ഗണ്യമായ സ്വാധീനശക്തി ചെലുത്തിയതോടെ വിലക്കയറ്റമുണ്ടായി.

ലക്ഷം 'ദീനാരി'നു് കുരുമുളകുകൂടി കൈക്കൂലികൊടുത്തിട്ടാണു് ക്രി. മു. 118-ൽ നടന്ന യുദ്ധത്തിൽ ജുഗാർത്ത എന്ന രാജാവു് റോമാസൈന്യാധിപനെ സ്വാധീനിച്ചതു്.

കുരുമുളകിൽ കമ്പംകേറിയ റോമക്കാരെ പ്ലീനിതന്നെ തന്റെ ലേഖനങ്ങളിൽ പരിഹസിച്ചിട്ടുണ്ടു്. "സ്വാദുള്ള ഫലവർഗ്ഗങ്ങളിലോ മറ്റു ഭക്ഷണസാധനങ്ങളിലോ

ചേക്കാൻ ഗുണമൊന്നും കുരുമുളകിനില്ല. കൃത്രിമസ്വാദുണ്ടാക്കി അമിതഭക്ഷണം കഴിയ്ക്കാനാഗ്രഹിച്ച ചിലരായിരിയ്ക്കും ഈ സാധനം റോമക്കാക്ക് പരിചയപ്പെടുത്തിയത്. കുരുമുളകിന്റെ എരിവും വീര്യവും റോമക്കാരെ മത്തു പിടിപ്പിച്ചിരിയ്ക്കുകയാണ്.'' * വിദഗ്ധരായ ലേഖകന്മാർ പലരും കുരുമുളകിന്റെ മേൽക്കോയ്മാവകാശത്തേയും റോമക്കാരുടെ വ്യാപാരമസ്തിഷ്കത്തേയും പറ്റി അത്ഭുതം പ്രകടിപ്പിച്ചിട്ടുണ്ട്. എന്നിട്ടും കേരളത്തിലെ കുരുമുളകിന്റെ സന്ദേശംതന്നെ വിജയിച്ചു. മുത്ത്, മിനുസമുള്ള തുണിത്തരങ്ങൾ, വനവസ്തുക്കൾ എന്നിവയും അന്നത്തെ കച്ചവടച്ചരക്കുകളിൽപെട്ടിരുന്നു. വൈനും ഉപഭോഗവസ്തുക്കളുമായും ഈ കച്ചവടം നിർബ്ബാധം നടന്നു. വീഞ്ഞ്, കണ്ണാടി, ലോഹസാധനങ്ങൾ എന്നിവ കേരളത്തിലിറക്കുമതിചെയ്തിരുന്നു.

അറബികളാൽ സംബോധനചെയ്യപ്പെട്ടിരുന്ന ''മലബാറി''നും മുമ്പുതന്നെ പല പേരുകളും കേരളത്തിനുണ്ടായിട്ടുണ്ട്. റോമൻ ചരിത്രകാരന്മാരിൽ കേരളത്തിലെ പ്രധാന വ്യാപാരകേന്ദ്രങ്ങളെക്കുറിച്ച് കൂടുതൽ അന്വേഷിച്ചറിഞ്ഞിട്ടുള്ള പണ്ഡിതനായിരുന്ന പ്ലീനി റോമക്കാർ കേരളത്തിലെ വ്യാപാരച്ചരക്കുകൾ കയ്യടക്കിയ കാലത്തു് എഴുതിയിട്ടുള്ള ഒരു പ്രമാണഗ്രന്ഥമാണ് ''പെരിപ്ലീസ് ഓഫ് ദി എരിത്രിനസീ''. ടോളമിയും അദ്ദേഹത്തിനുശേഷം കേരളപര്യടനം ചെയ്തവരും പല പേരുകളും വ്യാപാരകേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്. കേരളത്തിന്റെ പ്രതാപകാലത്തു് വ്യാപാരനേതൃത്വം നൽകിയ മുസരീസി (കൊടുങ്ങല്ലൂർ)നു് പത്തിലധികം ഉപനാമങ്ങളുണ്ട്. തമിഴ് ഐതിഹ്യങ്ങളിൽ വിദേശികളുടെ നാമങ്ങളുമായി ബ

* Pliny's Work XII

ന്ധമുള്ളതും കാണാം. കുരുമുളകു് വിപണിയായിരുന്ന 'മുസരീബന്ദർ' റോമക്കാരെ പുളകംകൊള്ളിച്ച രാജ്യമാണെന്നു് പ്ലീനിതന്നെ വ്യക്തമാക്കിയിട്ടുണ്ടു്. 'ഓഫിർ' എന്ന മറെറാരു ഐശ്വര്യകേന്ദ്രത്തെപ്പററിയും ചരിത്രത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. സ്വർണ്ണം വിളഞ്ഞിരുന്ന നാടു് എന്നത്രേ ഓഫിർ എവിടെയാണെന്നു് ചരിത്രാന്വേഷികർ തിരക്കിയിട്ടുണ്ടു്. സ്വർണ്ണം ഉല്പാദിപ്പിയ്ക്കപ്പെട്ടിരുന്നതു് നിലമൂർപ്രദേശങ്ങളിലാണു്. സ്വർണ്ണാംശങ്ങളേടങ്ങിയ അവിടത്തെ മണ്ണുതന്നെ അക്കാര്യം തെളിയിയ്ക്കുന്നു. വിലപിടിച്ച മേൽത്തരം തേക്കുതടികളും നിലമൂർ കാടുകളിൽനിന്നു് കയററിഅയച്ചിരുന്നു. അവിടെയുണ്ടായിരുന്ന ബേപ്പൂർ പ്രശസ്തിയുടെ തങ്കത്തലപ്പാവു് ഉയർത്തിയ കാലമുണ്ടായിരുന്നു. ഓഫിർ കാലാന്തരത്തിൽ ബേപ്പൂരായി രൂപാന്തരപ്പെട്ടതാകാം. 'ഹന്തിനാ' പന്തലായിനി ആയിത്തീർന്നതുപോലെ 'തിന്തീസ്' എന്ന സ്ഥലം കൊയിലാണ്ടിയോ കടലുണ്ടിയോ ചാലക്കുടിയോ ആകാം. മുസരിസ്സിൽനിന്നു് പതിനെണ്ണായിരത്തിൽപരം വാരദൂരമാണു് 'തിണ്ടിസി'ലേയ്ക്കു് എന്നു പറയുന്നു. ആ നിലയ്ക്കു് ഈ രാജ്യം ഏതാണെന്നു് പിടിയില്ലാതിരിയ്ക്കുകയാണു്. ഉച്ചാരണം കാലപഴക്കത്തിൽ മാറിപ്പോകുന്നതുകൊണ്ടു് ഭാഷാപണ്ഡിതന്മാരും വിഷമിയ്ക്കുന്നുണ്ടു്. 'നിടിയസ്' എന്ന മറെറാരു സ്ഥലത്തെപ്പററിയും പ്ലീനി പറയുന്നുണ്ടു്. അനുമാനങ്ങളെ അടിസ്ഥാനപ്പെടുത്തി ആ രാജ്യം ഏതാണെന്നു കണ്ടുപിടിയ്ക്കാൻ പ്രയാസം. 'നിടിയസ്' നീണ്ടകരയാണെന്ന വാദം അത്ര ശരിയായിരിയ്ക്കുകയില്ല. നീണ്ടകര പട്ടണമായിരുന്നുവെന്നതിനു് തെളിവുകളില്ല. കൊല്ലം ആകാനും തരമില്ല. അതുപോലെ 'തർശിശും'

ആശയം കൂഴപ്പം സൃഷ്ടിച്ചു. ഹിബ്രുവിന്റെയും പഴയ ലാറ്റിന്റെയും ശബ്ദസാരംകൊണ്ട് തിരുവഞ്ചിക്കുളവും താനുരുമാണെന്നു പറയുന്നവരുമുണ്ട്. അവഗാഢമായ പാണ്ഡിത്യത്തിൽ ഉണ്ടായേ തീരൂ 'ബകര'യെന്നതു് വടകരയാണെന്നു് മിലർ ധരിച്ചിരുന്നു. വയ്പിൻകര യാണെന്ന ധാരണയും തെറ്റാണു്. വയ്പിൻകരയുണ്ടായിട്ടു അധികനൂറ്റാണ്ടുകളായിട്ടില്ല. 'വയസ്സർ'യോ മറ്റു വല്ല കരകളോ ആകാം. ക്രി. പി. 150-ൽ ടോളമി മദ്ധ്യകേരളത്തിലെ മിലരാജ്യങ്ങളെപ്പറ്റി പറഞ്ഞിട്ടുള്ളതും സംശയാസ്പദവും ആശയക്കുഴപ്പം സൃഷ്ടിയ്ക്കുന്നതുമാണു്. 'കരൂർ' കാന്തളും കാരുമാത്രയുമാണെന്നു് സംശയിയ്ക്കപ്പെട്ടു. മുസരിക്കും കരൂരിയ്ക്കും ഇടയ്ക്കു് മൂന്നു പെരിയ സ്ഥലങ്ങളെപ്പറ്റി പറയുന്നതുകൊണ്ടു് കാന്തൾ എന്നതിനു് പ്രാബല്യം ലഭിയ്ക്കുന്നതുപോലെ കാരുമാത്രയ്ക്കും ലഭിയ്ക്കുന്നുണ്ടു്. കാന്തൾ കൊടുങ്ങല്ലൂർതന്നെയാണെന്ന ധാരണ പുലർത്തുന്നുണ്ടു്. പ്രസ്തുത മൂന്നു സ്ഥലങ്ങൾ കൊറിയാറ, പൊദപ്പെരൂറ, സെമൺ എന്നിവയാണു്. കൊറിയാറയും മറ്റു രണ്ടു സ്ഥലങ്ങളും കൊടുങ്ങല്ലൂരിനടുത്തുതന്നെയാണു്. കൊറിയാറ-എറിയാടോ കോതപറമ്പോ (ചേരരാജാക്കന്മാരുടെ കാലത്തെ വകോതപറമ്പു്) ആകാനെതരമുള്ള പൊദപ്പെരൂറ കരുപ്പടന്നയോ പെരുമ്പടപ്പോ ആകാം. സെമൺ എന്ന സ്ഥലം ഭാഷാന്തരമായി പറയുകയാണെങ്കിൽ പൊയ്യ (കൊടുങ്ങല്ലൂർനിന്നു് 3 നാഴിക തെക്കുകിഴക്കു്) എന്ന സ്ഥലത്തിനടുത്ത ഇന്നത്തെ ചെമ്പൻതുരുത്താണു്. കൊടുങ്ങല്ലൂരിനടുത്തുള്ള പെരിയ വ്യാപാരകേന്ദ്രങ്ങളെപ്പറ്റിയാണു് ടോളമി പറഞ്ഞിട്ടുള്ളതു്.

പ്ലീനി പറയുന്ന നവോറയും, വെല്ലയും, പതലയും, കോട്ടനാരയും, കാപ്പുവായും തിരിച്ചറിയാൻ സാധിയ്ക്കാത്ത വിധം ചരിത്രാന്വേഷകരെ വിഷമിപ്പിയ്ക്കുകയാണിന്നും. ഭാഷാശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ലോപത്രുപങ്ങളടി സ്ഥാനപ്പെടുത്തി പല പേരുകളും നൽകിയിട്ടുണ്ട്. നാവോറ നവോദയപുരവും, വെല്ലയെന്നതു് വടകരയ്ക്കടുത്തുള്ള ബലിപ്പാറയും (കൊച്ചിയ്ക്കടുത്തുള്ള ചരിത്രപ്രസിദ്ധമായ വല്ലാർപാടം) ആകാം പതല പന്തലായിനിയും, കോട്ടനിര കോതനഗരവും (കോതപറമ്പായിരിയ്ക്കും), കാപ്പുവാ കാപ്പാട്ടം (കാപ്പുവാ-ചേറുവായായിരിയ്ക്കും) ആയി എണ്ണപ്പെടുന്നു. സ്ഥലനിർണയങ്ങൾ തെറ്റാമെങ്കിലും ചരിത്രത്തിനു് ഭൂമിശാസ്ത്രപരമായ ഒരു കാഴ്ചപ്പാടുകൂടി വേണമെന്നു് വരുമ്പോൾ ഭാഷാശാസ്ത്രത്തിന്റെ സഹായത്തോടെ കുറെയൊക്കെ ശരിയായി കണ്ടുപിടിയ്ക്കാം. പ്ലീനിയും ടോളമിയും ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ ഭൂമിശാസ്ത്രപരവും ഭാഷാശാസ്ത്രപരവുമായ നിലപാടു് ഗ്രഹിയ്ക്കാൻ സാധിച്ചാൽ കാര്യം സുകരമാണു്. പണ്ഡിതകേസരിയായ ശ്രീ: എ. ബാലകൃഷ്ണപ്പിള്ള ഈ കാലഘട്ടത്തെപ്പറ്റി നടത്തുന്ന ഗവേഷണം ചരിത്രവളർച്ചയ്ക്കു് സഹായകമാവുന്നുണ്ടു്.

കേരളത്തിന്റെ വിദേശസമ്പർക്കത്തിൽ മതപരമായി സ്വാധീനശക്തി ചെലുത്തിയ മൂന്നു മഹാരഥന്മാരാണു് യൂതനേതാവായ ജോസഫ് റബ്ബാനും, ക്രൈസ്തവപുണ്യവാളനായ സെൻറ് തോമസും, ഇസ്ലാംമതസന്ദേശവാഹകനായ മാലിക്ബാനുദീനാരും. ഈ സംസ്കാരനായകന്മാരെ ഒഴിച്ചുനിറുത്തിയാൽ കേരളചരിത്രം പൂർണ്ണമാവുകയില്ല. ഇവരുടെ മതപ്രചരണത്തോടുകൂടി കേരളചരി

ത്രത്തിൽ നൂതനപ്രവണതകൾ ഉടലെടുത്തു. അതിരുകൾ അതിലംഘിച്ച് സാംസ്കാരികവേഴ്ച സ്ഥാപിയ്ക്കാൻ കേരളത്തിനു് കഴിഞ്ഞു. വ്യാപാരികൾക്ക് സാധിയ്ക്കാത്ത ശാശ്വതങ്ങളായ പല കാര്യങ്ങളും കേരളത്തിൽ പ്രകൃതിരോദത്തന്മാർക്ക് സാധിച്ചു. ആ മതപ്രചരണത്തിലൂടെ കരുപ്പിടിച്ചുവളർന്ന പുത്തൻമാതൃകകൾ കേരളത്തിൽ പൂത്തു വിരിഞ്ഞു. ആ പ്രചാരകന്മാരുടെ കത്തിയെരിയുന്ന വിചാരങ്ങൾ പ്രബുദ്ധകേരളത്തിന്റെ പുരോഗതിയ്ക്ക് അവലംബമായി.

കേരളത്തിൽ മതപ്രചാരകന്മാരുടെ കുടിയേറിപ്പാർപ്പ് ആരംഭിച്ചതു് ചരിത്രപ്രസിദ്ധമായ ജറുസലംപട്ടണം നശിപ്പിയ്ക്കപ്പെട്ടപ്പോഴാണു്. ചരിത്രപുരുഷനായ സോളമന്റെ കാലത്തു് അഭയാർത്ഥികളായി യഹൂദർ കേരളതലസ്ഥാനമായ കൊടുങ്ങല്ലൂരിലെത്തിയെന്നാണു് ഐതിഹ്യം. ജൂതകുടിയേറിപ്പാർപ്പിനെസ്സംബന്ധിച്ച് ഭിന്നാഭിപ്രായം ചരിത്രകാരന്മാർക്കിടയിലുണ്ടെങ്കിലും കേരളത്തിൽ ജൂതന്മാർക്കുണ്ടായിരുന്ന സ്വാധീനശക്തി അവരാരും നിഷേധിയ്ക്കുന്നില്ല. വൈദേശികബന്ധം കാര്യക്ഷമമായി വികസിപ്പിച്ച വിദേശജൂതനേതാക്കന്മാരെ ചരിത്രം നമുക്കു് പരിചയപ്പെടുത്തിതരുന്നുണ്ടു്. അഞ്ചാം നൂറാണ്ടിൽ ടുണീഷ്യയിൽനിന്നു പുറത്താക്കപ്പെട്ടപ്പോൾ കേരളത്തിലെത്തിയവരാണു് ജൂതന്മാരെന്നു് ടുണീഷ്യൻ ചരിത്രകാരന്മാരും, നെബുഷാദ്നെസ്സർ ബാബിലോണിയയിലേയ്ക്കു് കൊണ്ടുപോയവരുടെ സന്തതികളാണിവരെന്നു് സ്പെയിൻ ചരിത്രകാരന്മാരും, നാലാം നൂറാണ്ടിൽ മൈസോർക്കായിൽനിന്നു് കേരളത്തിൽ കുടിയേറിപ്പാർത്തവരാണെന്നു് ജൂതചരിത്രകാരനായ മോസസ് ഡിപൈയും പറ

യുന്നു. എ. ഡി. 70-ൽ ജറുസലം ആക്രമിയ്ക്കുന്നതിനു മുമ്പുതന്നെ ജൂതന്മാർ കേരളത്തിലുണ്ടായിരുന്നുവെന്നു നിസ്സംശയം പറയാം. ജൂതകവികളായ എബ്രഹാം ഇബ്നു ഈസ്രയും ഹെലവിയും ഇവരുടെ കുടിയേറിപ്പാർപ്പും മതപ്രചരണവും കവിതയിൽത്തന്നെ പകർത്തിയിട്ടുണ്ട്.

കേരളജൂതന്മാരുടെ മഹാനായ നേതാവായിരുന്നു ജോസഫ് റബ്ബാൻ. ഭാസ്കരരവിവർമ്മയുടെ കാലത്തെ ജൂതപട്ടയത്തിലും, ജൂതനാടോടിപ്പാട്ടിലും, പ്രാർത്ഥനകളിലും ജോസഫ് റബ്ബാനെപ്പറ്റി പറഞ്ഞിട്ടുണ്ട്. ജോസഫ് റബ്ബാനു രാജാവു് "അഞ്ചുവണ്ണം" ദാനം ചെയ്തതും അതു നടന്നതു് ആറു കാലഘട്ടങ്ങളിലായിട്ടാണെന്നും ചരിത്രകാരന്മാരുടെയിടയിൽ തർക്കമുണ്ട്. ക്രി. 420-ലാണെന്നു് ഡോ: ബുച്ചാനും 379-ലാണെന്നു് കൊച്ചിയിലെ ജൂതന്മാരും, 508-ലാണെന്നു് മിഡിൽട്ടനും, 750-ലാണെന്നു് ലോവ് സനും, 825-ലാണെന്നു് പയോളിനും പറയുന്നു. റാബി പോഥം എന്ന ക്രിസ്തീയപുരോഹിതൻ ജൂതന്മാരെ ജ്ഞാനസ്നാനം ചെയ്യിയ്ക്കുന്ന കാലം വരെയും കേരളത്തിൽ ഇവർക്കു പ്രകടമായ സ്വാധീനതയുണ്ടായിരുന്നു. ചേന്ദമംഗലം, ഏഴിമല, ശ്രീകണ്ഠപുരം, കൊടുങ്ങല്ലൂർ, കൊച്ചി എന്നിവിടങ്ങളിൽ കോളനികളായി ഇവർ അധിവസിച്ചു. പിന്തുടച്ചാവകാശത്തർക്കത്തിൽ ജ്യേഷ്ഠാനുജന്മാർ കലഹിച്ചപ്പോൾ ഇവർ തകർന്നു. ഈ തകർച്ചയിലൂടെ പോർത്തുഗീസ്സുകാരുടെ കിരാതവാഴ്ച വളർന്നു. അങ്ങനെ ജൂതപ്രതാപം കേരളത്തിൽ നശിച്ചു. ക്രൈസ്തവരെപ്പോലെയോ മുസ്ലീമിങ്ങളെപ്പോലെയോ മതത്തിലേക്കു് ആളെ മേക്കാൻ ശ്രമിയ്ക്കാത്തതു് വംശനാശത്തിനിടയായി. എന്നാലും ജോസഫ് റബ്ബാന്റെ സുശിക്ഷിതനേതൃത്വത്തിൽ വളർന്ന ജൂതന്മാർ തങ്ങളുടെ അന്തസ്സിനു് കോട്ടംവരാതെ കേ

രളത്തിൽ ജീവിച്ചു. ഇന്നവർ കേരളത്തിന്റെ മണ്ണിൽ നിന്നു് യാത്രതിരിച്ചുകൊണ്ടിരിയ്ക്കുകയാണു്.

കേരളത്തിലെ ക്രൈസ്തവപ്രചാരണോൽഘാടകനായ സെൻറ്തോമസ്സിന്റെ കാലഘട്ടത്തെക്കുറിച്ചുള്ള ശബ്ദസമരം ഇപ്പോഴും അവസാനിച്ചിട്ടില്ല. അങ്ങിനെ ഒരു പുണ്യശ്ലോകൻ കേരളത്തിൽ എത്തിയിട്ടില്ലെന്നു് പറയുന്നതു് സത്യവിരുദ്ധമാണു്. തോമസ്ശ്ലീഹ എന്നും സെൻറ് തോമസ്സെന്നും പേരിട്ടു് വാഴിയ്ക്കുന്നവർ വസ്തുനിഷ്ഠമായ ഒരു കേന്ദ്രത്തിൽ വന്നു നിലയുറപ്പിയ്ക്കുന്നുണ്ടു്. ക്രിസ്തുമതപ്രചരണം എ. ഡി. ഒന്നാം നൂറാണ്ടിൽത്തന്നെ കേരളത്തിലെത്തിയെന്നു് സമ്മതിയ്ക്കുന്നവരാണധികവും. ക്രിസ്തുദേവന്റെ പന്ത്രണ്ടു് അപ്പോസ്തലന്മാരിൽ ഒരാളായിരുന്ന തോമസ്സ് അപ്പോസ്തലൻ. എ. ഡി. 52-ൽ കേരളത്തിലെത്തിയ തോമസ്സ് പുണ്യവാളന്റെ പരിശ്രമഫലമായി ക്രൈസ്തവമതം ഇവിടെ വളരാൻ തുടങ്ങി. കൊടുങ്ങല്ലൂരിലെത്തിയ തോമസ്സ് പുണ്യവാളനെ രാജാവു് സബഹുമാനം സ്വീകരിച്ചു. ശാംബൂരി, പൌലോമമറ്റം, കാളികാവു് തുടങ്ങിയ കുടുംബാംഗങ്ങളെ ക്രിസ്തുമതത്തിൽ ചേർത്തു് പ്രവർത്തനമാരംഭിച്ച സെൻറ്തോമസ്സ് കൊടുങ്ങല്ലൂർ, കൊല്ലം, പാലയൂർ, പറവൂർ, പള്ളിപ്പുറം, കോക്കമംഗലം, നിരണം, നെല്ലിക്കൽ തുടങ്ങിയ സ്ഥലങ്ങളിൽ പ്രാർത്ഥനാലയങ്ങൾ പണിതു. പള്ളികളുടെ ഭരണം ഓരോ കുടുംബക്കാരെ ഭാരമേല്പിച്ചു. കേരളത്തിലെ പ്രചരണാനന്തരം സെൻറ്തോമസ്സ് തമിഴ്നാട്ടിലേയ്ക്കു പോയെന്നും മൈലാപ്പൂരിൽവെച്ചു് എതിരാളികൾ ആ പ്രചാരകനെ വധിച്ചെന്നുമാണു് ചരിത്രവിവരണം. ഈ സിദ്ധന്റെ ശവകുടീരത്തെപ്പറ്റി ഇപ്പോഴും വിവാദം നടക്കുകയാണു്. "മദിരാശിയ്ക്കു തെക്കു് മൈലാപ്പൂരിലുള്ള ഈ

ശവകുടീരം മുസ്ലിംസിദ്ധന്റെയാണെന്നു് ഒരു കൂട്ടർ പറയുന്നു.'' * തോമയെന്നല്ല മുസ്ലീംനാമമായ 'തപ്പാമ'യാണെന്നു് സമർത്ഥിയ്ക്കുന്നവരുമുണ്ടു്. മുസ്ലീമിങ്ങളും ക്രിസ്ത്യാനികളും ഈ ശവകുടീരത്തെ ബഹുമാനിയ്ക്കുകയും ആദരിയ്ക്കുകയും ചെയ്യുന്നുണ്ടു്. സെൻറ് തോമസ്സ് സമാരാധ്യനായ ചരിത്രപുരുഷനായിത്തീർന്നതോടെ കേരളവുമായി റോമിനു് അഭേദ്യമായ ബന്ധം ഊട്ടിയുറപ്പിയ്ക്കാൻ കഴിഞ്ഞു. ക്രൈസ്തവപ്രചരണത്തിനു് ഉപോൽബലകമായ ഒരു ഐതിഹ്യംകൂടി കേരളചരിത്രത്തിലുണ്ടു്. വില്യാർവട്ടം എന്ന ടീനിലെ രാജാവു് പുണ്യവാളനായ യേശുവിനെ സന്ദർശിച്ചവരിൽ പെട്ടയാളെന്നും അതുകൊണ്ടാണു് ക്രിസ്തുമതം സംഘടിതമായി വളർന്നതെന്നും പറയുന്നു. മതപ്രചരണത്തിലൂടെയാണെങ്കിലും കേരളത്തിനു് റോമും അയൽദേശങ്ങളുമായി ബന്ധപ്പെടാൻ സാധിച്ചു. പരിഷ്കാരികളായ വിദേശികളിൽനിന്നു് കേരളീയജീവിതത്തിലേയ്ക്കു് മഹത്തായ പലതും പകർത്താൻ കഴിഞ്ഞു.

ക്രൈസ്തവപ്രചരണശേഷം കേരളത്തിലേയ്ക്കു വന്നതു് ഇസ്ലാംമതപ്രചാരകന്മാരാണു്. ഇസ്ലാംമതത്തിന്റെ സന്ദേശം പ്രവാചകന്റെ കാലത്തുതന്നെ കേരളത്തിലെത്തിയിട്ടുണ്ടു്. നിഷേധിയ്ക്കാനാകാത്ത തെളിവുകൾ അതിനുണ്ടു്. എ. ഡി. 628-ൽ ഇസ്ലാമിന്റെ സന്ദേശം ഉൾക്കൊള്ളുന്ന എഴുത്തുകൾ നബിതന്നെ ആഫ്രിക്കയിലെ രാജാക്കന്മാർക്കും പ്രത്യേകമായി കേരളത്തിലെ രാജാവിനും എഴുതിയിട്ടുണ്ടെന്നു് ആധുനികചരിത്രഗവേഷണകലയുടെ ഉപജ്ഞാതാവായ ശ്രീ: എ. ബാലകൃഷ്ണപിള്ള രേഖാസഹിതം സമർത്ഥിച്ചിട്ടുണ്ടു്. * പ്രവാചകന്റെ അ

* Six St. Thomases of South India.
* ചരിത്രകേരളം : പേജ് 11

ഹിജ്റ ഏഴാമത്തെ വയസ്സിൽ ചേരമാൻപെരുമാൾ നബിയെ കണ്ടിട്ടുണ്ടെന്നും വരുന്നു. ആ കാലഘട്ടത്തിൽ തന്നെയാണ് ഇസ്ലാംമതപ്രചാരകനായ മാലിക്ബാനുദീനാറും ഷൊറഹ്ബീനുമാലിക്കും കേരളത്തിലെത്തിയത്. ഈ പ്രചാരകന്മാരും കേരളതലസ്ഥാനമായിരുന്ന കൊടുങ്ങല്ലൂരിലിറങ്ങി. മതപ്രചരണത്തിലുള്ള സൌകര്യം ലഭിച്ചതുകൊണ്ടിവർ കേരളമൊട്ടുക്കും സഞ്ചരിച്ചു. "അസ്വദ്, മർജാൻ എന്ന ദാസന്മാരടക്കം പത്തു പേർ എ ഡി. 701-ൽ കൊടുങ്ങല്ലൂരിൽ മതപ്രചരണാർത്ഥം കപ്പലിറങ്ങി." * മാലിക്ബാനുദീനാർ കേരളത്തിൽ പതിനൊന്നു പള്ളികൾ പണിയിച്ചു. വർണ്ണമേധാവിത്വത്തിന്റെ കീഴിൽ അധമർണ്ണ ദുഃഖം അനുഭവിച്ചിരുന്നവർ ഇസ്ലാം മതത്തിൽ ചേർന്നു. അറേബ്യയുമായി പൌരാണികവ്യാപാരബന്ധവും മൈത്രിയും ഇസ്ലാംമതത്തിനു തഴച്ചുവളരാൻ സഹായകമായി. ദീനാറിന്റെ മരിത്രപ്രസിദ്ധമായ യാത്ര അവസാനിച്ച ഘട്ടത്തിൽ ജനനിബിഡങ്ങളായ മുസ്ലിംഗ്രാമങ്ങൾ അദ്ദേഹത്തിനു കാണാൻ കഴിഞ്ഞു. അറക്കൽ രാജവംശത്തിലെ പഴയ റിക്കാർഡുകളും ഇസ്ലാംമതപ്രചരണം കേരളത്തിൽ പ്രവാചകന്റെ കാലത്തുതന്നെയാണ് നടന്നതെന്നു വെളിപ്പെടുത്തുന്നുണ്ട്.

വ്യാപാരത്തിലൂടെയും മതപ്രചരണത്തിലൂടെയും പൌരാണികകേരളത്തിനു വിദേശരാജ്യങ്ങളുമായി ബന്ധപ്പെടാൻ സാധിച്ചതോടെ കേരളീയരുടെ സംസ്കാരത്തിനും ആ വിശ്വവിശാലവീക്ഷണം ലഭിച്ചു. ഇടുങ്ങിയ ഏകീകൃതസംസ്കാരത്തിന്റെ സ്ഥാനത്തു സങ്കരസംസ്കാരം തലയുയർത്തി. സാഹോദര്യസൌഹൃദത്തിന്റെ പാരമ്പര്യം വളർത്താൻ സാധിച്ചു. പ്രബുദ്ധകേരളം ആ പാരമ്പര്യം ഇന്നും വളർത്തിക്കൊണ്ടുവരുന്നുണ്ട്.

---

* നിഹ്ലത്തുൽ മുലൂക്ക് : പേജ് 9

3. ചരിത്രനാണയങ്ങൾ

പൌരാണികചരിത്രത്തിൽ സംഭവിച്ചിട്ടുള്ള കഥകളാണ് ചരിത്രഗവേഷകന്മാർക്കു ലഭിച്ചിട്ടുള്ള നാണയങ്ങൾക്ക് പറയാനുള്ളതു്. ശിലാപ്രതിമകൾ, സ്തൂപങ്ങൾ, ലിഖിതങ്ങൾ എന്നിവയോടൊപ്പം പ്രാധാന്യമുള്ള ഒന്നാണ് നാണയം. തകർന്നുപോയ സാമ്രാജ്യങ്ങളുടേയും അവയുടെ സാംസ്കാരികപ്രവണതകളുടേയും ചരിത്രം നാണയങ്ങളിൽ കാണാം. മൺമറഞ്ഞുപോയ മഹാസംഭവങ്ങളിലേയ്ക്ക് ഉത്സാഹപൂർവ്വം പ്രയാണമാരംഭിയ്ക്കുവാൻ പുരാതനനാണയങ്ങൾ വഴികാട്ടുന്നു. ഗ്രീക്ക് ഭാർശനികന്മാരുടെ കാലത്തുതന്നെ നാണയനിർമ്മാണം പ്രാബല്യത്തിൽ വന്നു. ബാബിലോൺ സാമ്രാജ്യത്തിന്റെ ആധിപത്യമേറ്റ നെബോണിഡസ് എന്ന ഗവേഷണപ്രിയനായ രാജാവു് തന്റെ ഗ്രന്ഥപ്പുരയിൽ മൻഗാമികളുടെ നാണയങ്ങൾ ശേഖരിച്ചു സൂക്ഷിച്ചു. ഗ്രീക്ക് ചരിത്രത്തിൽ ആശയക്കുഴപ്പം സൃഷ്ടിച്ച സാർഗന്റെ സിംഹാസനാരോഹണകാലം നെബോണിഡസാണ് കണ്ടുപിടിച്ചതു്. നാണയങ്ങളിൽനിന്നു് പകർത്തിയെടുത്ത രേഖകളുടെ വെളിച്ചത്തിൽ നേബോണിഡസ് ഗവേഷണം നടത്തി. ഈ കണ്ടുപിടിത്തം ശിലാശാസനങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഭ്രഷ്ടനായിട്ടുപന്മാർക്കു കണ്ടുകിട്ടിയിട്ടുള്ള നാണയങ്ങളിലൂടെ വിലപിടിച്ചുള്ള രേഖകൾ പുറത്തുവന്നിട്ടുണ്ടു്. ഈജിപ്തിൽനിന്നു് പതിനെട്ടാം നൂറ്റാണ്ടിന്റെ

മദ്ധ്യത്തിൽ കണ്ടെത്തിയ നാണയങ്ങളിലെ രൂപങ്ങൾ പൗരാണികഈജിപ്തിന്റെ ഭരണകൂടത്തെ വ്യാഖ്യാനിയ്ക്കുന്ന രേഖകളായിത്തീർന്നു. അൽബറൂണി എന്ന വിശ്വവിഖ്യാതനായ ചരിത്രകാരൻ ടൂണീഷ്യൻ രാജാവിനോട് ആവശ്യപ്പെട്ടതു് പഴയ ശിലാരേഖകളും നാണയങ്ങളുമാണു്. മറ്റൊന്നും ലഭിച്ചില്ലെങ്കിലും ഇതു രണ്ടും ലഭിച്ചാൽ ടൂണീഷിന്റെ പ്രാചീനചരിത്രം താൻ നിർമ്മിയ്ക്കാമെന്നദ്ദേഹം പറഞ്ഞു. പുരാതനനാണയങ്ങൾക്കു് ചരിത്രനിർമ്മാണത്തിലുള്ള സ്വാധീനശക്തിയാണിതു് വെളിപ്പെടുത്തുന്നതു്

ലോകചരിത്രത്തിന്റെ മദ്ധ്യകാലഘട്ടം വ്യാഖ്യാനിയ്ക്കാൻ ചരിത്രഗവേഷകന്മാർക്കു് നാണയങ്ങളാണു് സഹായം നൽകിയതു്. ഫിനീഷ്യക്കാരുടെ ശബ്ദം സംജ്ഞകളായി തിരിച്ചിട്ടുള്ള അക്ഷരമാലകളെക്കുറിച്ചും ആര്യവർഗ്ഗക്കാർ ഗ്രീസ്സിലെ നിവാസികളെ കീഴടക്കുന്ന കാലത്തെ ആചാരങ്ങളെ സംബന്ധിച്ചും വിവരം നൽകിയതു് ജൂസലം നാണയങ്ങളാണു്. ഇന്ത്യാചരിത്രനിർമ്മാണമാർഗ്ഗത്തിൽ കനത്ത സംഭാവനകൾ നൽകിയിട്ടുള്ളതു് സൈന്ധവസംസ്കാരത്തെ മുദ്രണംചെയ്തിട്ടുള്ള നാണയങ്ങളാണു്. ഹാരപ്പയിൽനിന്നും മോഹൻജാദാരോവിൽനിന്നും കഴിഞ്ഞെടുത്ത നാണയങ്ങൾ പുതിയ ഇന്ത്യാചരിത്രത്തിന്റെ ഉൽഘാടനകർമ്മം നിർവ്വഹിച്ചു. ആര്യസംസ്കാരവാദവുമായി കെട്ടിറപ്പിച്ചിട്ടില്ലാത്ത രേഖകളുടെ മറവിൽ വിജയചന്ദ്രഹാസമിളക്കിനിന്നിരുന്ന പലർക്കും ഈ കണ്ടുപിടിത്തം തിരിച്ചടിയായിത്തീർന്നു. പ്രാചീനഇന്ത്യയുടെ സാംസ്കാരികപ്രൗഢതയെപ്പറ്റി ഗ്രീക്കുലിപികളും യവനമുദ്രകളും നിണ്ടനിണ്ട കഥകൾ പറഞ്ഞപ്പോൾ ഒരു വിഭാഗം ഇന്ത്യൻ

ചരിത്രകാരന്മാർ തങ്ങളുടെ വിഷ്ടിവേഷം അഴിച്ചുവെയ്ക്കാൻ നിർബ്ബന്ധിതരായി. ഇന്ത്യാചരിത്രനിർമ്മാണത്തിൽ ശിലാലിഖിതങ്ങളും, ചെമ്പുതകിടുകളും, നാണയമുദ്രകളും വ്യാഖ്യാനിയ്ക്കാൻ സാഹസയത്നം ചെയ്തിട്ടുള്ള പ്രൊഫസർ കിൽഹോൺ ശ്രദ്ധേയമായ ഒരഭിപ്രായം 'നാണയവിജ്ഞാനീയ'ത്തെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. *"പുരാതനനാണയങ്ങൾ കഴിഞ്ഞ കാലങ്ങളെ കാണാൻ കഴിയുന്ന കണ്ണാടികളാണ്. നാണയങ്ങളിലെ മുദ്രകളുടെ മൌനഭാഷയിൽ ആവേശത്തോടെ പകർത്താൻ സാധിയ്ക്കുന്ന ചരിത്രകഥകൾ അടങ്ങിയിരിയ്ക്കുന്നുണ്ട്. ഭാവികാലത്തിന്റെ നിർമ്മാതാക്കളോട് കഴിഞ്ഞകാലസംഭവങ്ങൾ പറയാൻ ഈ നാണയങ്ങൾക്കു കഴിയുന്നു. വിശ്വവിശാലമായ മഹത് സംസ്കാരത്തിന്റെ ചെറിയ പ്രതിരൂപങ്ങൾ ഈ കൊച്ചുനാണയങ്ങളിൽ ഒതുങ്ങിയിരിയ്ക്കുന്നു. യുദ്ധത്തിന്റെയും സമാധാനത്തിന്റെയും സംഗ്രഹം നാണയങ്ങൾ നല്കുന്നതുകൊണ്ട് ആധുനികചരിത്രത്തിന് ഇതൊരു മികച്ച നേട്ടമാണ്. ഇതിലും വലിയ നേട്ടം ചരിത്രാന്വേഷികൾക്കു ലഭിയ്ക്കാനില്ല. നാണയവിജ്ഞാനീയം ചരിത്രാന്വേഷണവിഭാഗത്തിൽ വളർച്ചപ്രാപിയ്ക്കണം. എന്നാലെ വസ്തുനിഷ്ഠമായി കാര്യം കണ്ടെത്താൻ കഴിയൂ."

ക്രിസ്തുവിനു് ആറു നൂറ്റാണ്ടുകൾക്കു മുമ്പ് അറബികൾ സ്പെയിൻ കീഴടക്കിയപ്പോൾ 'സിഫർ' (പൂജ്യം) അടയാളമുള്ള നാണയങ്ങൾ നടപ്പാക്കിയിരുന്നു. അശോകന്റെ കാലത്തിനു മുമ്പുതന്നെ ദശാംശഗണിതം കുറിയ്ക്കുന്ന ചില ചെമ്പുനാണ്യങ്ങൾ ഇന്ത്യയിൽ നടപ്പുണ്ടായിരുന്നെന്നു് കർണൽ ടാഡ് എന്ന നാണയഗവേഷകൻ പ്രസ്താ

* Numismatic Supplement 2

വിയ്ക്കുന്നു. അശോകന്റെയും ചന്ദ്രഗുപ്തന്റെയും നാണയങ്ങൾ ഇന്ന് ഗവേഷകന്മാർക്ക് കണ്ടുകിട്ടിയിട്ടുണ്ട്. ക്രിസ്താബ്ദം മൂന്നാം നൂറ്റാണ്ടു മുതൽ തെക്കേ ഇന്ത്യയിൽ പ്രചാരത്തിലായ ബ്രാഹ്മിലിപികൾ കുറിയ്ക്കുന്ന നാണയങ്ങളും പുറത്തുവന്നിട്ടുണ്ട്. ഈ നാണയങ്ങളിൽനിന്ന് ആര്യ-ദ്രാവിഡ സംസ്കാരത്തിന്റെ കാലപ്പഴക്കത്തെക്കുറിച്ച് ചരിത്രകാരന്മാർ പലതും ഊഹിച്ചെടുത്തിട്ടുണ്ട്. ഇന്ത്യയുടെ പല ഭാഗങ്ങളിൽനിന്നും കഴിച്ചെടുത്തിട്ടുള്ള ഇരുനൂറിൽപ്പരം നാണയങ്ങളിൽനിന്നും ബി. സി. 400-ന്റെയും എ. ഡി. 300-ന്റെയും ഇടയ്ക്കുള്ള കാലഘട്ടത്തെ ഭരണക്രമങ്ങളെക്കുറിച്ച ഇന്ത്യൻ ചരിത്രകാരന്മാർക്ക് പലതും പഠിയ്ക്കാൻ കഴിഞ്ഞു. ഈജിപ്റ്റുകാരും, അറബികളും, ഗ്രീക്കുകാരും നാണയങ്ങളെക്കുറിച്ച് പഠനം ആരംഭിച്ചതു് എ. ഡി. മൂന്നാം നൂറ്റാണ്ടിലാണ്. പക്ഷെ ഇന്ത്യയിൽ അതാരംഭിച്ചതു് പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലാണ്. പുരാതനകേരളത്തിന്റെ തലസ്ഥാനമായിരുന്ന മുസരീസി (കൊടുങ്ങല്ലൂർ)ൽനിന്നും ഏഴു നൂറ്റാണ്ടുകൾക്കു മുമ്പ് ലഭിച്ച ചരിത്രവസ്തുക്കളിൽ നാണയങ്ങൾ ഉൾപ്പെട്ടിരുന്നു. റോമൻലിപികളുള്ള പഴക്കമേറിയ നാണയങ്ങൾ കൊടുങ്ങല്ലൂരിന്റെ പരിസരങ്ങളിൽനിന്നു ലഭിച്ചതു് കൊടുങ്ങല്ലൂർ രാജാവു് വിദേശികൾക്കു കാഴ്ചയായി സമ്മാനിച്ചു. രജപുത്താനയിലെ മെൻസാദയിൽനിന്നു ലഭിച്ച രണ്ടായിരത്തിലധികം സ്വർണ്ണനാണയങ്ങൾ ഇന്ത്യൻ രാജാക്കന്മാരുടെ കാലഘട്ടങ്ങളെക്കുറിച്ച് വിവരണം നല്കി. പ്രതാപശാലികളായ ഭരണാധിപന്മാരുടെ ശ്മശാനമണ്ഡപങ്ങളും തകർന്ന കോട്ടകളും പരിശോധിച്ചുനോക്കിയതുകൊണ്ടാണ് ബംഗാൾ, രജപുത്താന, ഗുജറാത്ത്, പാറ്റ്ന തുട

ങ്ങിയ സ്ഥലങ്ങളിലെ മൺമറഞ്ഞ മഹത്വം കണ്ടുപിടിയ്ക്കാൻ കഴിഞ്ഞതു്. ബ്രിട്ടീഷ് ഭരണത്തലവന്മാരിൽ ഭാവനാസമ്പന്നരായ മിലർ ഈ നാണയങ്ങളുടെ വിലയ ഗ്രഹിച്ചു. കണ്ണിംഗ്ഹാം, മെക്കോള തുടങ്ങിയവർ നാണയങ്ങൾ ചരിത്രപഠനത്തിന്റെ താക്കോലാണെന്നു് മനസ്സിലാക്കി. പരാക്രമശാലികളായ അവർ ഇന്ത്യയുടെ മഹത്വം ചരിത്രപരമായി തങ്ങളെ പിന്നിലാക്കുന്നതാണെന്നു് ഗ്രഹിച്ചിട്ടുണ്ടാകണം. മോഹൻജദോരോവിലൂടെയും തക്ഷശിലയുടേയും മഹത്തായ ഒരിന്ത്യയെ കണ്ടെത്തിയ ആർ. ഡി. ബാനർജി നാണയഗവേഷണത്തിൽ വ്യാപൃതനായി. മഹാനായ ആ മനുഷ്യൻ നാണയങ്ങളിലെ മുദ്രകൾ ഉയർത്തിപ്പിടിച്ചു് ഇന്ത്യയുടെ സാംസ്കാരികപാരമ്പര്യം ലോകസമക്ഷം പ്രഖ്യാപിച്ചു.

"ഞങ്ങളുടെ ഇന്ത്യ ഭരണതന്ത്രജ്ഞന്മാരുടെയും വിജ്ഞാനികളുടെയും നാടാണു്. ഇന്ത്യയുടെ പാരമ്പര്യം അയൽദേശങ്ങളെ പിന്നിലാക്കുന്നതാണു്." ഇന്ത്യയിൽ മോഹങ്ങളുടെ കണ്ടുപിടുത്തമുണ്ടായതിനു് ഏതാനും നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ നാണയനിർമ്മാണവും തുടങ്ങിയിട്ടുണ്ടാകണമെന്നാണു് ചരിത്രകാരന്മാർ വിശ്വസിയ്ക്കുന്നതു്.

ഇന്ത്യൻ നാണയവിജ്ഞാനീയവിഭാഗത്തിൽ ശ്രേയങ്ങളായ മാറ്റങ്ങൾ വരുത്താൻ റോയൽ ഏഷ്യാറ്റിക് സൊസൈറ്റിയുടെ പ്രവർത്തകർ ശ്രമിച്ചു. നാണയങ്ങളുടെ ലോഹക്കൂട്ടിനെക്കുറിച്ചു് തിയോബോൾഡും ലിപിയെ സംബന്ധിച്ചു് വിൽസ്റ്റൻസ്മിത്തും അവഗാഢമായി പഠനം നടത്തി. രജപുത്താനയിൽനിന്നും തക്ഷശിലയിൽനിന്നും കണ്ടുകിട്ടിയ നാണയങ്ങളിലെ ചിത്രങ്ങളെപ്പറ്റി

ഒരു പട്ടിക തയ്യാറാക്കൽ സ്പൂണർ എന്ന വിദേശഗവേഷകൻ കൊല്ലങ്ങൾതന്നെ മിലചഴിച്ചു. കാലനിർണ്ണയമാണ് മിക്ക ഗവേഷകന്മാരെയും വിഷമിപ്പിച്ചത്. വർഷങ്ങൾ അടയാളപ്പെടുത്തിയ നൂറിൽപരം നാണയങ്ങൾ തിരിച്ചറിയാൻ സാധിച്ചതോടുകൂടി മറവിൽ കിടക്കുന്ന ഇന്ത്യാചരിത്രത്തിലെ മില നൂറാണ്ടുകൾ വീണ്ടുകിട്ടി. ജയസ്സാൽ നാണയവിജ്ഞാനീയത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച മറ്റൊരു പണ്ഡിതനാണ്. ഗർഗ്ഗാപ്രസാദും, എൻ. ഡി. റെഡ്ഡിയും പല്ലവരാജാക്കന്മാരുടെ കാലഘട്ടങ്ങളിലെ ചരിത്രവസ്തുതകൾ നാണയങ്ങളിൽനിന്നു കണ്ടുപിടിച്ച മഹാന്മാരാണ്. തക്ഷശിലയിൽനിന്നു ലഭിച്ച മില നാണയങ്ങളിന്മേൽ ഗവേഷകന്മാരുടെ ജിജ്ഞാസയെ വളർത്തിക്കൊണ്ടിരിയ്ക്കുകയാണ്. മില നാണയങ്ങളിലെ ലിപികൾ വായിച്ച് ഹൃദിസ്ഥമാക്കാൻ ഗവേഷകന്മാർ ശ്രമിച്ചുകൊണ്ടിരിയ്ക്കുന്നു. മത്തുരാകൃതിയിലുള്ള നാണയങ്ങളിൽ ഒരു ഭാഗത്തു് റോമൻ പഴയ ലിപിയും ബ്രാഹ്മിയോടു് സാമ്യമുള്ള ദ്രാവിഡഭാഷാലിപിയും കാണുന്നതുകൊണ്ട് ഒരു സങ്കരസംസ്കാരത്തിന്റെ ചരിത്രം നിർമ്മിയ്ക്കാൻ ചരിത്രകാരന്മാർക്ക് സാധിച്ചു.

ഇന്ത്യയിൽ യജുർവ്വേദകാലത്തുതന്നെ നാണയങ്ങൾ നടപ്പുണ്ടായിരുന്നെന്നു് കൌടില്യനും, അഗസ്ത്യനും, പാണിനിയും തങ്ങളുടെ ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഋഗ്വേദത്തിൽ പറഞ്ഞിട്ടുള്ള മുപ്പത്തിമൂന്നു് ദേവതകളെയും നാണയങ്ങളിൽ മിന്ത്രീകരിയ്ക്കാൻ ഭരണകർത്തൃക്കന്മാർ ശ്രമിച്ചു. അർത്ഥശാസ്ത്രം, ശുക്രനീതി, രാജതരംഗിണി, അഷ്ടാധ്യായി തുടങ്ങിയ പ്രാമാണികഗ്രന്ഥങ്ങളിൽ നാണയനിർമ്മാണശാസ്ത്രത്തെ സംബന്ധിച്ചു് വിവരണം

നൽകിയിട്ടുണ്ട്. നാണയനിർമ്മാണം പ്രാചീനഭാരതീയർക്ക് സുപരിചിതമായ കലയായിരുന്നെന്നും ശാസ്ത്രഗ്രന്ഥങ്ങൾ തെളിയിയ്ക്കുന്നു. പാലിഭാഷയിൽ "കാഷിപണ" എന്ന പേരിലറിയപ്പെടുന്ന നാണയവിഭാഗമുണ്ട്. നാണയനിർമ്മാണത്തിന്റെ മൂലതത്വം ഗ്രഹിയ്ക്കാൻ ആധുനിക ഗവേഷകന്മാർ "പഞ്ച് മാർക്ക്ഡ് കായിൻസ്" ഉപയോഗപ്പെടുത്തുന്നത്. ലോകത്തിലെല്ലായിടത്തും ഗവേഷകന്മാർക്ക് പ്രസ്തുത നാണയങ്ങൾ പഠനത്തിനു് അഭിരുചിയുണ്ടാക്കുന്നു. ദക്ഷിണേന്ത്യയിൽ എല്ലാ രാജാക്കന്മാരും നാണയം നടപ്പാക്കാൻ ശ്രമിച്ചിരുന്നു. ചെമ്പും വെള്ളിയും സുലഭമായി നാണയനിർമ്മാണത്തിനു് ഉപയോഗിച്ചിരുന്നു. ഡോ: ജെ. എൻ. സർക്കാർ ചരിത്രഗവേഷണകലയിൽ ദക്ഷിണേന്ത്യൻനാണയങ്ങൾ കാണിച്ച വഴികൾ എടുത്തുപറഞ്ഞിട്ടുണ്ട്. *

പല്ലവരാജാക്കന്മാരുടെ കിരീടധാരണവേളയിലാണ് പുതിയ നാണയങ്ങൾ കൂട്ടത്തിറങ്ങിയിരുന്നത്. ശാഖന്മാരും, ഹൂണന്മാരും നാണയനിർമ്മാണത്തിൽ സ്വാധീനം ചെലുത്തിയിരുന്നതായിക്കാണാം മഗധയും പാടലീപുത്രവും നാണയനിർമ്മാണകേന്ദ്രങ്ങളായിരുന്നു. ബൌദ്ധമുന്നേറ്റകാലത്തു് നാണയങ്ങൾക്കു് പരിവർത്തനം വന്നു. വിദേശവ്യാപാരികളുമായി വാണിജ്യബന്ധം ദൃഢതരമാക്കാൻ അശോകൻ നാണയങ്ങൾ പരിഷ്കരിച്ചു. പേർഷ്യക്കാരുടെ സമ്പർക്കത്തോടുകൂടി ദീനാറും, റോമക്കാരുടെ ബന്ധത്തോടുകൂടി സ്വർണ്ണവും പൈസും ദക്ഷിണേന്ത്യക്കാർക്ക് സുപരിചിതമായി. നാണയങ്ങളിൽ കാണുന്ന ചിഹ്നമുദ്രകൾ ഓരോ രാജ്യത്തും ഓരോ തരത്തിലാണ്. മനുവും ഉത്താ

* Orient Lectures on Anciant Indian Numismatic.

നപ്പോഴും നാണയങ്ങളുടെ തൂക്കത്തെപ്പറ്റി ഭിന്നാഭിപ്രായക്കാരാണ്. പല ലോഹങ്ങളും കൂടിച്ചേർന്നതാണ് അക്കാലത്തെ നാണയങ്ങൾ. രൂപഭംഗിയേക്കാൾ തൂക്കത്തിനാണ് പ്രാധാന്യം നല്കിയിരിയ്ക്കുന്നത്. ഈ നാണയങ്ങളെല്ലാം ഓരോ ഭരണകൂടത്തിന്റെയും കാലഘട്ടങ്ങളിലേയ്ക്ക് ആധുനികർക്ക് കടന്നുചെല്ലാനുള്ള അംഗീകൃതസമ്മതമുദ്രകളായിത്തീർന്നിട്ടുണ്ട്. ശ്രീ: സക്കാറിന്റെ വിദഗ്ധാഭിപ്രായംതന്നെയാണിക്കാര്യത്തിൽ പ്രസിദ്ധ ഗവേഷകനായ ഭണ്ഡാക്കർക്കുള്ളതും. കനിഷ്കന്റെ കാലത്തെ നാണയങ്ങളിൽ ഒരു ഭാഗത്ത് പേരും മറുഭാഗത്ത് രാജ്യചിഹ്നവും കൊത്തിയിട്ടുണ്ട്. ഗുപ്തരാജാക്കന്മാരുടെ കാലത്ത് നാണയനിർമ്മാണസമ്പ്രദായം ഉണ്ടായിരുന്നു. നാട്ടിന്റെ സാമ്പത്തികശക്തിയെ നിയന്ത്രിയ്ക്കുന്ന ആ സമയിൽ കലാകാരന്മാരും രാജ്യതന്ത്രജ്ഞന്മാരും ഉപയോഗപ്പെട്ടിരുന്നു. അടിച്ചടിച്ചാൽ വേർപെടാത്ത ലോഹക്കൂട്ടായിരുന്നു ഫൽഗുനമിത്രന്റെ നാണയത്തിനേറ്റത്. പഞ്ചാബിലും വടക്കൻ അതിർത്തിപ്രദേശങ്ങളിലും നാണയങ്ങളിൽ കാളയുടേയും വൃക്ഷത്തിന്റെയും അടയാളങ്ങളുണ്ട്. ചന്ദ്രഗുപ്തഭരണകാലം സമ്പൽസമൃദ്ധിയുടെ കാലമാണെന്നും നാണയങ്ങൾ തെളിയിയ്ക്കുന്നു. അനുപമതരം സ്വർണ്ണനാണയങ്ങൾ അക്കാലത്ത് പ്രചരിച്ചിരുന്നു. ഐശ്വര്യത്തിന്റെ അടയാളങ്ങളാണ് നാണയങ്ങളുടെ ഒരു ഭാഗത്ത് ചിത്രീകരിച്ചിരുന്നത്. വിഷ്ണുഗുപ്തൻ തന്റെ സഹധർമ്മിണിയുടെ പേരിലാണ് നാണയം ഇറക്കിയത്. ചെങ്കിസ്ഖാന്റെ പടനോട്ടക്കാലത്ത് ഇന്ത്യൻനാണയങ്ങൾക്ക് ഒരു മാറ്റം സംഭവിച്ചു. കനംകുറഞ്ഞ ലോഹതകിടുകൾ വെട്ടി രൂപപ്പെടുത്തിയാണ് നാണയം നിർമ്മിച്ചത്. ഹൂണന്മാരുടെ

ആക്രമണകാലത്തും നദിയൊഴുക്കിന്റെയും കുതിരപ്പടയുടേയും ചിത്രങ്ങൾ കൊത്തിയിട്ടുള്ള നാണയങ്ങളും കനംകുറഞ്ഞവയായിരുന്നു.

മുസ്ലീം ഭരണകാലത്തു് മദ്ധ്യപൗരസ്ത്യരാജ്യങ്ങളിലെ നാണയനിർമ്മാണരീതി ഇന്ത്യയിൽ പ്രചരിച്ചു. സുൽത്താൻ റസിയയുടെ കീഴിൽ നാണയനിർമ്മാണം പുരോഗമിച്ചു. 'റസിയാത്തു് കായിൻസ്' ശേഖരത്തിൽ സ്വർണ്ണനാണയങ്ങൾക്കു് മികച്ച സ്ഥാനമുണ്ടു്. ഏക ദൈവവിശ്വാസം പ്രചരിപ്പിക്കുവാൻ പ്രസ്തുത നാണയങ്ങൾ ഉപയോഗപ്പെടുത്തിയിരുന്നു. ഒരു ഭാഗത്തു് മഹാറാണിയുടെ ആജ്ഞയും ചിത്രണം ചെയ്തു. മുഹമ്മദ്ഗസ്നി പതിനാലുതരം നാണയങ്ങൾ പ്രചരിപ്പിച്ചു. ആ നാണയങ്ങളുടെ ഒരു ഭാഗത്തു് ഇങ്ങിനെ കാണാം "ദൈവം ഏകനാകുന്നു. ശക്തനായ ദൈവത്തെ വിസ്മരിക്കുന്നവർ പിശാചുക്കളാകും." ഹുമയൂണും ഷാജിഹാനും പേർഷ്യൻമിട്ടുകളാണു് നാണയനിർമ്മാണത്തിൽ അംഗീകരിച്ചതു്. അക്ബർ തന്റെ പുതിയ മതമായ 'ദിൻഇലാഹി'യുടെ മുദ്രാവാക്യങ്ങൾ നാണയങ്ങളിൽ കൊത്തിവച്ചു. ജഹാംഗീർ നാടൻ പ്രമുഖർക്കും ഭരണാധികാരികൾക്കും തന്റെ മുദ്ര കൊത്തിയ നാണയങ്ങൾ സമ്മാനിച്ചിരുന്നു. മുഗൾ ഭരണകർത്താക്കളിൽ എല്ലാവരും നാണയനിർമ്മാണം പോഷിപ്പിച്ചവരാണു്. വിലകൂടിയ നാണയങ്ങളും മുഗൾഭരണകാലത്തേതാണു്. മുഗൾ ഭരണക്കാലത്തു് നടപ്പായിരുന്ന ആയിരത്തിൽപരം നാണയങ്ങളുടെ മാതൃകകൾ കണ്ടുകിട്ടിയിട്ടുണ്ടു്. കണ്ണിംഗ്ഹാം ആ കാലഘട്ടത്തെപ്പറ്റി പ്രസ്താവിയ്ക്കുന്നതു് ഇങ്ങനെയാണു്:—

*"ഇന്ത്യയുടെ സുവർണ്ണകാലഘട്ടം ഉദയംചെയ്തത് അശോകനുശേഷം മുഗൾകാലത്താണ്. മുഗളരുടെ കല്പനാവൈഭവം മായക്കൂട്ടിലും, ലോഹക്കൂട്ടിലും, കല്ലുകളിലും പതിഞ്ഞുകിടക്കുന്നു. ചിലരുടെ വ്യക്തിപരമായ മത്സരബുദ്ധി കഴിച്ചുനിർത്തിയാൽ മുഗൾഭരണം ഇന്ത്യയുടെ അന്തസ്സായ ഭരണമായിരുന്നു. ശാശ്വതസ്നേഹത്തിന്റെ കറയില്ലാത്ത പ്രതിജ്ഞകൾ അവരുടെ നാണയങ്ങളിൽ പോലും കാണാം. അക്ബറിന്റെ പണ്ഡിതസദസ്സും ജഹാംഗീറിന്റെ ഭരണസഭയും മനോഹരമായ നാണയനിർമ്മാണത്തിൽ ശ്രദ്ധപതിപ്പിച്ചു. മുഗളരുടെ ജന്മസഹജമായ കലാനൈപുണ്യം ആ നാണയങ്ങളിലും പതിഞ്ഞുകിടക്കുന്നു. പേർഷ്യൻഭാഷയിലും സംസ്കൃതത്തിലും സത്യത്തിന്റെയും, ധർമ്മത്തിന്റെയും, സ്നേഹത്തിന്റെയും മുദ്രാവാക്യങ്ങൾ അവർ നാണയങ്ങളിൽ കൊത്തിവെച്ചു. ആ മുദ്രാവാക്യങ്ങളിലൂടെ മുഗൾരാജാക്കന്മാരുടെ തുറന്ന ഹൃദയം നമുക്കു കാണാം."

കേരളക്കരയിൽ വിദേശനാണയങ്ങൾക്ക് പ്രചാരമുണ്ടായിരുന്നു. കേരളത്തിലെ വിലകൂടിയ വസ്തുക്കൾ കയറ്റിഅയയ്ക്കുന്ന തുറമുഖങ്ങളിൽ വ്യാപാരകാര്യത്തിനു കൈമാറിയിരുന്നതു വിദേശനാണയങ്ങളാണ്. റോം, പേർഷ്യ, ടുണീഷ്യ, ചൈന എന്നീ രാജ്യങ്ങളിലെ നാണയങ്ങൾ കേരളത്തിൽ പ്രചരിച്ചു. ചൈനീസ് സഞ്ചാരികളുടെയും പോർത്തുഗീസ് മതപ്രചാരകന്മാരുടെയും രേഖകളിൽനിന്നു ഇതു വ്യക്തമാകാം. പ്രസിദ്ധ ഇറ്റാലിയൻ

* Account of Mugal India.

പിററോഡെല്ലൊല്ലി (ക്രി: 1614-1627) പടിഞ്ഞാറൻ തീരത്തു് റോമാനാണയങ്ങളും, അറേബ്യൻനാണയങ്ങളും, ചൈനീസ്നാണയങ്ങളും നിലവിലുണ്ടായിരുന്നെന്നു് തന്റെ സഞ്ചാരക്കുറിപ്പുകളിൽ രേഖപ്പെടുത്തിയിരിയ്ക്കുന്നു. * മദ്ധ്യപൗരസ്ത്യദേശത്തു് പ്രതാപത്തോടെ രാജ്യം ഭരിച്ചിരുന്ന ലാരിസുൽത്താൻ (ക്രി: 1532) ദക്ഷിണേന്ത്യയിലും സിലോണിലും തന്റെ നാണയങ്ങൾ നിർല്ലോഭം ചെലവഴിച്ചിരുന്നു. 'ലാരിനാണയം' അക്കാലത്തെ കച്ചവടത്തെ നിയന്ത്രിച്ചിരുന്നു. പോർത്തുഗീസ് ആക്രമണകാലത്തും കോഴിക്കോടും കൊച്ചിയും ലാരിനാണയം വ്യാപാരമാക്കുറിലുപയോഗിച്ചിരുന്നു. ആ നാണയത്തിന്റെ മാതൃകയിലാണു് സാമൂതിരിരാജാവു് നാണയം നടപ്പാക്കിയതു്. പോർത്തുഗീസ് ഭരണത്തലവന്മാരും തങ്ങളുടെ ഭരണകാലത്തു് ലാരിനാണയം കൈമാറ്റംചെയ്തതായി കാണാം. ലാരിനാണയത്തിന്റെ പരിഷ്കൃതരൂപം ആണു് തിരുവിതാംകൂറിൽ നടന്നിരുന്ന ചക്രങ്ങൾ. ചോള, പാണ്ഡ്യരാജാക്കന്മാർ നാണയങ്ങൾ നടപ്പാക്കിയിരുന്നു. ആ നാണയങ്ങളിൽ ആന, മത്സ്യം, പുലി, അമ്പു്, വില്ലു് തുടങ്ങിയ മുദ്രകൾ കാണാം. കൊല്ലവർഷം 850-നും 960-നും ഇടയ്ക്കു് സിംഹളത്തിൽനിന്നു് ചെറിയ നാണയങ്ങൾ കേരളത്തിലിറങ്ങി. അക്കാലത്തു് പാന്ദാർകാശു്, ഈഴവർകാശു് എന്ന പേരിൽ തിരുവിതാംകൂറിലും തുലുക്കൻപുത്തൻ, സുൽത്താൻവെള്ളി, റോമാശില്ലി എന്ന പേരുകളിൽ മലബാറിലും നാണയങ്ങൾ പ്രചരിച്ചിരുന്നു.

* ലാരിനാണയം : പ്രാചീനമലബാർ : പേജ് 74

പഴയ നാടൻപാട്ടുകളിലും അറബി-മലയാളകേസ്സുകളിലും പ്രസ്തുത നാണയങ്ങൾ പ്രതിപാദ്യവിഷയമായിട്ടുണ്ട്. ഈസ്റ്റിൻഡ്യാ കമ്പനിയുടെ കീഴിൽ ഇന്ത്യാരാജ്യം ചെന്നുചേർന്നതോടെ ബ്രിട്ടീഷ് നാണയങ്ങൾ പ്രചരിയ്ക്കാൻ തുടങ്ങി. ചില നാട്ടരാജ്യങ്ങളിൽ ചെറിയ തുകയ്ക്കുള്ള നാണയങ്ങൾ രാജാക്കന്മാരും പ്രചരിപ്പിച്ചു. ബ്രിട്ടിഷ് ആധിപത്യം നാണയങ്ങൾക്ക് ഐകരൂപ്യം വരുത്തിയെങ്കിലും സമൂലമായ മാറ്റം വരുത്താൻ അവക്ക് കഴിഞ്ഞില്ല. ഇന്ത്യ സ്വതന്ത്രയായതിന്നുശേഷം നാണയനിർമ്മാണത്തിൽ ചില മാറ്റങ്ങൾ കണ്ടുതുടങ്ങി. ലോകത്തിലെ മറ്റു നാണയങ്ങളുമായി കിടപിടിയ്ക്കത്തക്കവിധത്തിലും ജനങ്ങളുടെ സൌകര്യത്തെ ലാക്കാക്കിയും സാവ്വജനീനമായ ഡെസ്മൽരീതി ഇന്ത്യ അംഗീകരിയ്ക്കാൻ പോകുന്നു. വരുന്ന തലമുറയ്ക്ക് ചരിത്രം പഠിയ്ക്കാൻ പയ്യാപ്പമായ നിലവാരത്തിൽനിന്ന് നാണയത്തിന്റെ നിർമ്മാണരീതി മാറിപ്പോകുമോ എന്ന് സംശയിയ്ക്കേണ്ടിയിരിയ്ക്കുന്നു. നമുക്കിന്ന് ലഭിച്ചിട്ടുള്ള എല്ലാ പഴയ നാണയങ്ങളും ഭൂതകാലവുമായി നമ്മെ മാനസികമായി ബന്ധിപ്പിയ്ക്കുന്ന മുദ്രകളാണ്. ചരിത്രഗവേഷണം നാണയത്തിലെ മുദ്രകളുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുകയാണ്.

4. ബൌദ്ധകേരളം

കേരളം സാംസ്കാരികപ്രബുദ്ധതയുടെ തങ്കത്തലപ്പാവണിഞ്ഞുനിന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. ആ കാലഘട്ടത്തിലെ ജ്ഞാനപ്രവൃദ്ധതയിൽനിന്നാണ് കേരളപ്പിടിച്ചുവളർന്ന സർഗ്ഗശക്തികൾ ഇന്നും കുമ്പടയാതെ നമ്മുടെ സാമൂഹ്യജീവിതത്തെ താങ്ങിത്തപ്പെടുത്തിക്കൊണ്ടിരിയ്ക്കുന്നു. ഭൌതികപരിഷ്കാരത്തിന്റെ പടഹധ്വനികൾക്കുള്ളിലും മനുഷ്യമഹത്വത്തെ പ്രകീർത്തിയ്ക്കുന്ന ആ ബൌദ്ധസിദ്ധികൾ ജാതികളേയും രാജ്യാതിർത്തികളെയും അതിലംഘിച്ച് ലോകജനതയ്ക്കു നേതൃത്വം നല്കാൻ ശ്രമിയ്ക്കുകയാണ്. വിശ്വവിഖ്യാതമായിത്തീർന്ന ആ മഹൽസംസ്കാരത്തിന്റെ സുവർണ്ണകാലഘട്ടം എന്നു പറയാവുന്ന ഒന്നുണ്ടെങ്കിൽ അതു ബുദ്ധമതപ്രചരണത്തിന്റേതായ കാലമാണ്. ബുദ്ധമതം അതിന്റെ പ്രാരംഭദശയിൽതന്നെ ദക്ഷിണേന്ത്യയിൽ പ്രചരിച്ചതായി പരിഗണിയ്ക്കേണ്ടിയിരിയ്ക്കുന്നു. പക്ഷെ അശോകന്റെ പ്രതാപകാലത്തോടുകൂടിയാണ് പ്രായോഗികരൂപം പൂണ്ടതെന്നു മാത്രം. അശോകന്റെ ശിലാലിഖിതങ്ങളും മൌര്യരാജാക്കന്മാരുടെ ഭരണകാലരേഖകളും ബുദ്ധമതത്തിന്റെ പടിഞ്ഞാറൻതീരത്തെ സ്വാധീനശക്തിയെ വെളിപ്പെടുത്തുന്നുണ്ട്. * "കിഴക്കൻഭാഗത്തു നാഗപട്ടണത്തും പടിഞ്ഞാറൻതീരത്തു ശ്രീമൂലവാസം എന്ന സ്ഥലത്തും മൌര്യപ്രതാപകാലത്തു ബുദ്ധമതതത്വങ്ങൾ സ്വാധീനം ചെലുത്തിയിരുന്നു." ഭൂഗർഭഗവേഷക

* A History of South India Page 418, 419 K. A. N. Sastri

ക്ക് മരുന്ന്, കൊത്തളവേദി, ബാലിപ്പാളയം, നാഗപട്ടണം തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് അടുത്ത കാലത്തു ലഭിച്ചിട്ടുള്ള ശിലാരൂപങ്ങളിലൂടെ ബുദ്ധമതപ്രവേശനകാലം നിർണ്ണയിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. തമിഴ്നാട്ടിനേക്കാൾ മികച്ച നിലയിൽ ദൂരദേശബന്ധങ്ങൾ സ്ഥാപിയ്ക്കാൻ സാധിച്ചിട്ടുള്ള കേരളത്തിൽ ബുദ്ധമതം വേഗം വേരുന്നി. പൌരസ്ത്യദേശങ്ങളുമായി യാത്രാബന്ധം പുലർത്തിയിരുന്ന ഒന്നാംകിട തുറമുഖങ്ങളും മറ്റു സൌകര്യങ്ങളും ബുദ്ധമതികൾക്ക് ആശയും ആവേശവും നല്കി. കേരളത്തിലെ ബഹുഭൂരിപക്ഷം ജനതയുടേയും മതമായിത്തീരാൻ സാധിച്ചതോടെ ബുദ്ധമതത്തിനു സംഘടിതമായി പ്രചരണം നടത്താൻ സൌകര്യം ലഭിച്ചു.

ബുദ്ധമതം കേരളത്തിൽ പ്രചരിച്ചിരുന്നതിനെസംബന്ധിച്ച് കേരളചരിത്രകാരന്മാർക്ക് ഒരു ഐതിഹ്യശകലം ഉയർത്തികാട്ടേണ്ടതായി വന്നു. കെട്ടുകഥകൾക്ക് പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള പഴയ ചരിത്രകാരന്റെ സങ്കല്പസൃഷ്ടി ഇതാണ്. "ബുദ്ധമതാവലംബിയായ മാലി എന്നസ്ത്രീ ഒരിയ്ക്കൽ സൌന്ദര്യമൂർത്തിയായ ഒരു മഹർഷിയെ കണ്ട് അവർ ആപത്യദാനത്തിനപേക്ഷിച്ചപ്പോൾ മഹർഷി അക്കാര്യം സസന്തോഷം നിർവ്വഹിച്ച് ഒരു കോമളശിശുവിനെ പ്രസവിച്ചു. ആ സന്ദർഭത്തിൽ കോലത്തിരി രാജവംശത്തിലും ഒരു രാജകുമാരൻ ജനിച്ചു. മാലിയുടെ ബുദ്ധിവൈഭവത്താൽ രാജകുമാരനെ മാലിയ്ക്ക് ലഭിച്ചു. മാലിയുടെ കുമാരൻ രാജാവിന്റെ കൊട്ടാരത്തിലും വളർന്നു. അങ്ങിനെ വളർന്ന ആ രാജകുമാരൻ ബുദ്ധമതപ്രചരണം കേരളത്തിലാരംഭിച്ചു. അതോടെ ബുദ്ധമതം

വളർന്നു.” * ഇതൊരു കടംകഥയാണെങ്കിലും ബുദ്ധമതം സ്വീകരിച്ച ഒരു ഭരണാധികാരി കേരളത്തിലുണ്ടായിരുന്നുവെന്നു തെളിയിയ്ക്കുകയാണു്.

ബുദ്ധമതം സ്വീകരിച്ചതു് പള്ളിബാണപ്പെരുമാളാണെന്നുള്ളതു് വരെയുള്ള ചരിത്രഗ്രന്ഥങ്ങൾ ഉൽഘോഷിയ്ക്കുന്നുണ്ടു്. പെരുമാൾ വംശജന്മാരിൽ പലരും ബുദ്ധമതവും ജൈനമതവും സ്വീകരിച്ചവരായിരുന്നു. പള്ളിബാണപ്പെരുമാളുടെ കാലഘട്ടത്തെക്കുറിച്ചാണു് ചരിത്രകാരന്മാർക്കിടയിൽ സംശയമുള്ളതു്. പെരുമാൾഭരണം ആരംഭിയ്ക്കുന്നതു് കലിയുഗവർഷമായ എ. ഡി. 444-ലിലാണെന്നു മെക്കൽസിമാൽ സ്ക്രിപ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ടു്. ഈ രേഖയുടെ വെളിച്ചത്തിൽ എ. ഡി. 657-ലെ അഖണ്ഡിതകീർത്തിപ്രതാപനായിരുന്ന വളഭൻ കന്നാമനാണു് പള്ളിബാണപ്പെരുമാളെന്നു് ഒരു വാദമുണ്ടു്. ഈ ഭരണാധികാരി ബുദ്ധമതത്തിന്റെ കേരളത്തിലെ അവസാനത്തെ നേതാവാകാനേ വഴിയുള്ളൂ. ബുദ്ധമതം അശോകന്റെ കാലത്തുതന്നെ കേരളത്തിൽ പ്രചരിച്ചുകഴിഞ്ഞുവെന്നു് ശിലാശാസനങ്ങൾ പ്രഖ്യാപിയ്ക്കുമ്പോൾ സംശയത്തിന്നവകാശമില്ല. പള്ളിബാണപ്പെരുമാൾ കേരളത്തിലെ ബുദ്ധസംസ്കാരത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച മഹാനാണെന്ന കാര്യം വിസ്മരിയ്ക്കാവതല്ല. പള്ളിബാണന്റെ ബുദ്ധമതപ്രചരണത്തെപ്പറ്റി കേരളചരിത്രം ഒരു കഥ പറയുന്നുണ്ടു്. “പരദേശത്തുനിന്നു ബ്രാഹ്മണർ ക്ഷണിച്ചുകൊണ്ടുവന്നിട്ടുള്ള ഒരാളാണു് പള്ളിബാണൻ. അല്ലൂർ കോവിലകത്തിരിയ്ക്കുമ്പോൾ ബുദ്ധസന്ന്യാസികളുമായി സംസാരിച്ചു് ബുദ്ധമതത്തിൽ പ്രതിപത്തി തോ

* കേരളമാഹാത്മ്യം

ന്നി, ബുദ്ധമതം സ്വീകരിച്ച് ബ്രാഹ്മണരെക്കൂടി ബുദ്ധമതത്തിലേയ്ക്കു സ്വാഗതംചെയ്തപ്പോൾ അവർ കോപാന്ധരായി, സ്ഥലം മാറി താമസിച്ചു. പള്ളിബാണനെ നിഷ്കാസനംചെയ്യാനുള്ള ശ്രദ്ധാലോമനയിൽ മുഴുകിയിരുന്നപ്പോൾ മിലപരദേശിബ്രാഹ്മണർ ആ കാര്യം നിർവ്വഹിയ്ക്കാമെന്നേറ്റ്, ഒരു ജ്ഞാനവാദം നടത്തി പെരുമാളെ തോല്പിച്ച്, നാടു മുറിച്ച് നാട്ടിൽനിന്നോടിച്ചു." * അങ്ങിനെ ജ്ഞാനയുദ്ധത്തിൽ ജയിച്ച ഭട്ടോമാർയ്യൻ, ഭട്ടബാണൻ, ഭട്ടവിജയൻ, ഭട്ടഗോപാലൻ, ഭട്ടനാരായണൻ എന്നിവർ ബ്രാഹ്മണാധിപത്യം വിണ്ടെടുക്കുവാൻ പരിശ്രമിച്ചു. ഇത്തരം തുടർക്കഥകൾ വേണ്ടതിലധികം പ്രചരിപ്പിച്ചിട്ടുള്ള കേരളോൽപ്പത്തി, കേരളപ്പഴമ, കേരളമാഹാത്മ്യം തുടങ്ങിയ ഗ്രന്ഥങ്ങളെ വിമർശനവിധേയമാക്കാതെ പകർത്തിക്കാണിയ്ക്കുന്ന ഒരു ഡസനിലധികം ചരിത്രഗ്രന്ഥങ്ങൾ കേരളത്തിലുണ്ട്. ശാസ്ത്രീയമായ ഒരു സമീപനരീതിയുടെ അഭാവം ഇന്നും കേരളചരിത്രത്തെ ആശയക്കുഴപ്പത്തിൽനിന്നു കരകയറ്റിയിട്ടില്ല. വൈദികബ്രാഹ്മണരുടെ പടക്കുറവൻ അക്രമങ്ങൾക്കിടയിപ്പെട്ട തകർന്നുപോയ ബുദ്ധമതത്തിന്റെ ചരിത്രം പരിശോധിച്ചുനോക്കിയാലെ കേരളത്തിന്റെ ഇരുളടഞ്ഞ ഭാഗങ്ങളിൽ വെളിച്ചം പകരാൻ കഴിയൂ.

പള്ളിബാണപ്പെരുമാൾ ബ്രാഹ്മണമുന്നേറ്റകാലത്ത് തിരുവഞ്ചിക്കുളത്തുനിന്നു നീലമ്പേരൂരേയ്ക്കു മാറി, വെമ്പനാട്ട് കാണത്തൂരുത്തിയിൽ താമസമാക്കി. ആ തുരുത്താണ കാലാന്തരത്തിൽ ബാണത്തുരുത്തായതെന്നു ചരിത്രകാരന്മാർ പറയുന്നു. പ്രതാപവാനായിരുന്ന പള്ളിബാണ

* പ്രാചീനകേരളം: ശൂരനാട്ട് കുഞ്ഞൻപിള്ള: പേജ് 14, 15

ന്റെ സ്ഥിരോത്സാഹത്താൽ കേരളക്കരയിൽ നൂറുകണക്കിനു ബുദ്ധവിഹാരങ്ങളും തലയുയർത്തി. ഈ പെരുമാളുടെ പേരിൽ വിദ്യാപീഠങ്ങളും, ദേവാലയങ്ങളും, വൈദ്യമന്ദിരങ്ങളും, ആതുരാലയങ്ങളും കേരളത്തിലുണ്ടായിരുന്നു.

പള്ളി എന്ന പേരിലാണ് ഇന്നു ക്രൈസ്തവ-മുസ്ലിം ദേവാലയങ്ങളറിയപ്പെടുന്നത്. ബൌദ്ധക്ഷേത്രങ്ങൾ ഇടിച്ചുപൊളിച്ച് ആ തറയിൽ പണിതുയർത്തിയതുകൊണ്ടായിരിയ്ക്കും ഈ പേരു വന്നത്. ചിത്രാംക്ഷേത്രത്തിലെ ശിലാരൂപങ്ങളിൽ ജൈനമതമുദ്രകൾ കാണാം. ബുദ്ധമതത്തിനു മുമ്പ് ജൈനമതം ഇവിടെ പ്രചരിച്ചിരുന്നുവോ എന്നു സംശയിയ്ക്കേണ്ടിയിരിയ്ക്കുന്നു. ഈ പേരു സിദ്ധിച്ചത് ബുദ്ധദേവാലയങ്ങൾക്കു പള്ളിബാണാലയമെന്ന് പേരുണ്ടായിരുന്നു. ബുദ്ധമതം സ്വീകരിച്ച ആദ്യത്തെ ഭരണാധികാരി വംശപരിപാലകനെന്നറിയപ്പെടുന്ന ഈശാനൻ ഒന്നാമനാണെന്നും, ഇളംകോവടികളാണെന്നും, മഹോദയപുരത്തെ അക്ഷയപാത്രമാണെന്നും ചില ചരിത്രകാരന്മാർ സംശയിയ്ക്കുന്നു. ബൌദ്ധവിഹാരങ്ങളും ദേവാലയങ്ങളും പ്രശസ്തമായ നിലയിൽ നടന്നിരുന്നതിന്റെ തെളിവുകൾ മരുത്വാമലയിലെ വിഹാരഗുഹാമണ്ഡപങ്ങളും നേമത്തുള്ള ചിത്രാംക്ഷേത്രവും നോക്കിയാലറിയാം. ഈ ഭാഗങ്ങളിലെല്ലാം ജൈനമുദ്രകളും വേണ്ടത്ര കാണാം പഴക്കമേറിയ ക്രൈസ്തവ-മുസ്ലിം ദേവാലയങ്ങളുടെ ചുമരുകളും കൽത്തറകളും ബൌദ്ധപാരമ്പര്യത്തെ പ്രഖ്യാപിയ്ക്കുന്നുണ്ട്.

ഹൈന്ദവ-ബുദ്ധസംഘട്ടനങ്ങൾ പല ഘട്ടങ്ങളിലായി നടന്നിട്ടുണ്ട്. കാലാന്തരത്തിൽ ബുദ്ധ-ജൈനവിഗ്രഹങ്ങൾക്ക് ഹൈന്ദവദേവന്റെ രൂപമാറ്റം വന്നിട്ട

ണ്ട്. കിരീടധാരിയായിരിയ്ക്കുന്ന ബുദ്ധന്റെയും, വനാന്തരത്തിൽ തപസ്സുചെയ്യുന്ന ബുദ്ധന്റേയും, യതിവര്യനെപ്പോലെ കഴിയുന്ന ബുദ്ധന്റെയും വിഗ്രഹങ്ങൾ കേരളക്കരയിലെ പ്രധാന ക്ഷേത്രങ്ങളിൽ കാണാം. വിഷ്ണു, ശാസ്താവ്, മുണ്ഡൻ എന്നിങ്ങനെ പല പേരുകളിലും ബുദ്ധവിഗ്രഹത്തെ സംബോധനചെയ്താരാധിയ്ക്കുന്നവരുണ്ട്. ശാസ്താവ് തന്നെ പല വേഷത്തിലും ക്ഷേത്രസങ്കേതങ്ങളിൽ കയറിപ്പറ്റിയിട്ടുണ്ട്. എല്ലാ ഹൈന്ദവദേവാലയങ്ങളുടെ മുമ്പിലും ബുദ്ധനു് ബോധോദയമുണ്ടായതിന്റെ സ്മാരകമായി കരുതപ്പെടുന്ന ആൽവൃക്ഷം കാണാം. മലബാറിലെ ഏഴിമലയ്ക്കടുത്തുള്ള ഒരു വലിയ പാറയിൽ കൊത്തിയിട്ടുള്ള വിഗ്രഹങ്ങൾ, തിരുവല്ലാ താലൂക്കിലെ തുക്കടിക്ഷേത്രത്തിന്റെ രൂപം, മോറൂവാമണപ്പുറത്തു് സാഹിബ്ബിന്റെ പള്ളിയുടെ പരിസരത്തിൽ കാണുന്ന വിഗ്രഹങ്ങൾ, കോട്ടയം താലൂക്കിലെ കിളിരൂർ ക്ഷേത്രസങ്കേതം, തിരുവിതാംകൂറിലെ ദേവഗിരിമലയിൽ ഉടഞ്ഞുകിടക്കുന്ന കരിങ്കൽരൂപങ്ങൾ തുടങ്ങിയവ ബുദ്ധമതകാലത്തെ വിഹാരങ്ങളുടെ നഷ്ടാവശിഷ്ടങ്ങളാണു്. കൂടാതെ ശബരിമല, കളത്തൂപുഴ, മാമ്പഴത്തറ, ആയ്മ്കാവ്, അച്ചൻകോവിൽ, മാവേലിക്കര, കൊരട്ടി, വഞ്ചിപ്പുഴ, മത്തപ്പട്ടം, കറിച്ചി, കടമാളൂർ, മേത്തല, പള്ളരുത്തി, അയ്യന്തരുത്തു്, പാണ്ഡവം തുടങ്ങിയ സ്ഥലങ്ങളിൽ ക്രിസ്താബ്ദാരംഭത്തിൽത്തന്നെ വലിയ ബുദ്ധവിഹാരങ്ങൾ നിലവിലുണ്ടായിരുന്നു. അശോകന്റെ കാലഘട്ടത്തിൽത്തന്നെയാണു് ഈ വിഹാരനിർമ്മാണം നടന്നതു്. ജൈനമതവും ആ കാലത്തിനടുത്തുതന്നെ കേരളക്കരയിൽ പ്രചരിച്ചു. * "ബുദ്ധമതവും ജൈനമതവും അടുത്ത കാലങ്ങളിൽ

* History of India—Vol : III—Wilson

ഒരു സ്ഥലത്തുതന്നെ പ്രചാരത്തിൽ വന്നു." * പ്രശസ്തി യാർജ്ജിച്ച ശാസ്താക്ഷേത്രങ്ങളോടു ബന്ധപ്പെട്ട് വളരെയധികം കഥകൾ പ്രചരിച്ചിട്ടുണ്ട്. ശബരിമലശാസ്താവ് ബുദ്ധനാണെന്നു വിശ്വസിയ്ക്കുന്നവരുണ്ട്. ആ വിശ്വാസത്തെ ഉറപ്പിയ്ക്കുവാൻ പര്യാപ്തമായ ഒരു ഭാഗം അമരകോശത്തിലുണ്ട്. ശാസ്താവ് ബുദ്ധന്റെ പര്യായമാണെന്ന് അമരകോശം വ്യക്തമാക്കുന്നതുകൊണ്ട് വിശ്വാസപ്രമാണത്തിനു പ്രസക്തിയുണ്ട്. ഹരിഹരസുതനെപ്പറ്റിയുള്ള കീർത്തനങ്ങളിലും മുദ്രാവാക്യങ്ങളിലും "ബുദ്ധം ശരണം ധർമ്മം ശരണം" മുഴങ്ങിക്കേൾക്കാം. ശാസ്താവ് ബുദ്ധമുനിയായിരുന്നെന്നു തെളിയിയ്ക്കാൻ ഇത്തരം ഉദാഹരണങ്ങൾ വേണ്ടതു ചരിത്രത്തിൽനിന്നു ലഭിയ്ക്കും.

ബുദ്ധമതകാലത്ത് സൌജന്യപാഠശാലകളും വൈദ്യമന്ദിരങ്ങളും നടത്തിയിരുന്നു. "കൊല്ലം ആദിശതകങ്ങളിൽ പ്രസിദ്ധിയാർജ്ജിച്ചിരുന്ന ശാലകളുടെ കൂട്ടത്തിൽ മൂഴിക്കുളം ശാല, തിരുവല്ലാ ശാല, പാർത്ഥിവപുരം ശാല, ശ്രീവല്ലഭപ്പെരുംശാല എന്നിങ്ങനെ പല ശാലകളുടെ പേരുകളും അവയുടെ നടത്തിപ്പിനുവേണ്ടി ഉദാരമതികളായ മാന്യന്മാർ ക്ഷേത്രത്തിന്റെ ഭരണാധികാരം വഹിച്ചിരുന്ന ഊരാളരെ ഏല്പിയ്ക്കുന്ന വസ്തുക്കളുടെ വിവരവും മറ്റും അക്കാലത്തുണ്ടായിട്ടുള്ള ശാസനങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. * ശാലകം എന്നറിയപ്പെട്ടിരുന്ന വൈദ്യവിദ്യാമന്ദിരങ്ങളുടെ പേര് ബുദ്ധമതകാലത്ത് 'മാലകം' എന്നായിരുന്നു. സൌജന്യചികിത്സ നടത്തുന്ന വൈദ്യ

---

* കേരളചരിത്രം! പേജ് 95, 96
—കറപ്പംവീട്ടിൽ ഗോപാലപിള്ള

* കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ: പേജ് 17
—ഇളംകുളം കുഞ്ഞൻപിള്ള

മന്ദിരങ്ങൾ കേരളത്തിന്റെ പ്രധാന ഭാഗങ്ങളിൽ സ്ഥാപിച്ചതു് ബുദ്ധസന്ന്യാസികളാണു്. വിദ്യാർത്ഥികൾക്കു സൌകര്യാർത്ഥം താമസിച്ചുപഠിയ്ക്കാനുള്ള വലിയ വിദ്യാശാലകളും കൊല്ലവർഷാരംഭത്തിന്റെ മൂന്നു നൂറ്റാണ്ടുകൾക്കു മുമ്പു് കേരളത്തിലുണ്ടായിരുന്നു. വൈദികബ്രാഹ്മണരുടെ ആക്രമണത്തോടുകൂടി അതെല്ലാം തകർന്നു. ബുദ്ധക്ഷേത്രങ്ങൾപോലും ഇടിച്ചുപൊളിയ്ക്കുന്ന തിരക്കിൽ വിദ്യാമന്ദിരങ്ങളും ആതുരാലയങ്ങളും തകർക്കാൻ അവർ മറന്നില്ല. ഹ്യൂങ്ങ്സാങ്ങിന്റെ ഇന്ത്യാപര്യടനകാലത്തു് ബുദ്ധദേവാലയങ്ങളും വിദ്യാപീഠങ്ങളും ജനശ്രുന്യമായിരുന്നു. തകച്ചുയുടെ ഒരു കാലമായിരുന്നു അതു്. കേരളം വിദ്ധരായ ചികിത്സകരുടെ കേന്ദ്രമായിരുന്നുവെന്നും അവരുടെ ബുദ്ധവിഹാരങ്ങൾ ചികിത്സാകേന്ദ്രങ്ങളായിരുന്നെന്നും സഞ്ചാരികൾതന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. "ഗുരുവായൂർ, ആദിത്യപുരം, തിരുവങ്ങാടു്, തകഴി തുടങ്ങിയവ കേരളത്തിൽ ചികിത്സനടത്തുന്ന ക്ഷേത്രങ്ങൾ, അതായതു് സ്ഥലങ്ങളിലെ ബുദ്ധവിഹാരങ്ങളുടെ അവശിഷ്ടങ്ങളായി നിലനിന്നുപോരുന്നവയാണു്.

ഇന്ത്യയുടെ വടക്കൻഭാഗങ്ങളിൽനിന്നു വന്ന ബുദ്ധമതപ്രചാരകന്മാരിൽ കരകൌശലവിദഗ്ധന്മാരുണ്ടായിരുന്നു. കൊത്തുപണി ഗൃഹനിർമ്മാണം എന്നിവയിൽ അന്തസ്സായ മാതൃക സൃഷ്ടിച്ച അവരാണു് കേരളത്തിന്റെ മരാമത്തുവേലകളുടെ മാർഗ്ഗദർശികൾ. കപിലവസ്തുവിലെ ആശാരികൾ ആരംഭിച്ച തച്ചുശാസ്ത്രസമ്പ്രദായമാണു് ഇന്നും കേരളീയർ അംഗീകരിച്ചിരിയ്ക്കുന്നതു്. നേപ്പാൾദേശത്തെ ലിച്ഛാവർഗ്ഗക്കാരും, കാൻഡികോട്ടിലെ ആസരവർഗ്ഗക്കാരും അശോകന്റെ കാലത്തുതന്നെ തച്ചുശാസ്ത്രത്തിൽ

പ്രാമാണികരായിരുന്നു. കപിലവസ്തുവിൽനിന്ന് ഇന്ത്യയുടെ നാനാഭാഗത്തും ഈ ശാസ്ത്രം വാസ്തുവിദ്യയെന്ന പേരിൽ പ്രചരിച്ചു. കേരളത്തിലെ ബുദ്ധക്ഷേത്രങ്ങൾ ആ മാതൃകയിൽ പണിതു. ശില്പകലയിൽ ബൌദ്ധശില്പികൾ വരുത്തിയ മാറ്റമാണ് കേരളത്തിൽ കാണുന്നതു്. കേരളത്തിൽ അഭിവൃദ്ധിയുടെ ഒരു യുഗം ഉൽഘാടനംചെയ്ത അവരുടെ മഹൽസേവനത്തെപ്പറ്റി കേരളീയർ അത്ര കാര്യമായാലോചിയ്ക്കാറില്ല. പുതിയ കേരളത്തിന്റെ പിറവിയിലെങ്കിലും കേരളചരിത്രപഠനം ഒഴിച്ചുകൂടാത്ത ഒരു ഘടകമായിത്തിക്കണം. അപ്പോൾ ആ കഴിഞ്ഞുപോയ നല്ല കാലങ്ങളുടെ കത്താക്കളെ സാഭിമാനം അഭിവാദ്യം ചെയ്യാൻ സാധിയ്ക്കും.

കേരളതലസ്ഥാനമായിരുന്ന കൊടുങ്ങല്ലൂരിൽനിന്നു തന്നെയാണ് ബുദ്ധമതത്തിനു ഹാനി സംഭവിച്ചതു്. കുമാരിലഭട്ടനും അനുയായികളും ആരംഭിച്ച 'പരിഷ്കരണപ്രസ്ഥാനം' രാജകീയാധികാരങ്ങളുടെ അകമ്പടിയോടെ മുന്നേറിയപ്പോൾ ബുദ്ധസന്ന്യാസികളും ഭിക്ഷുണികളും നാടുവിടേണ്ടതായി വന്നു. ബുദ്ധന്റെ മഹദുപാക്യങ്ങൾക്കെതിരായി തെറിപ്പാട്ട് ആരംഭിച്ചു. കൊടുങ്ങല്ലൂർ ഭരണിയ്ക്കും, ചേത്തല പൂരത്തിനും ഈണത്തിൽ പാടുന്ന ഈരടികളിൽ ബുദ്ധമതത്തിനെതിരായി ഉയത്തിയ മുദ്രാവാക്യങ്ങൾ കേൾക്കാം.

മഞ്ഞപ്പൊടി വാരിയും, മൃഗബലി നടത്തിയും, പടയണി തുള്ളിയും ബുദ്ധമതത്തിന്റെ സ്വാധീനശക്തിയെ തടഞ്ഞു. തുടർന്നു ഏതാനും നൂറാണ്ടുകൾ കേരളം ഒരു വഴിത്തിരിവിലായിരുന്നു. കേരളം സന്ദർശിച്ച പ്രശസ്തരായ സഞ്ചാരികളിൽ പലരും ഒരുകാലത്തു് കേരളീയരുടെ

മതം ബുദ്ധമതമായിരുന്നുവെന്നു സകാരണം സമർത്ഥിച്ചിട്ടുണ്ട്. കേരളത്തിലെ ഈഴവ-നായർ വിഭാഗങ്ങളെല്ലാം ബുദ്ധമതാനുയായികളായിതിന്നതോടെ എണ്ണത്തിൽ ചുരുങ്ങിയ ബ്രാഹ്മണർ ഒറ്റപ്പെട്ടു.

പിഷാരടി, നമ്പിടി തുടങ്ങിയവർ ബുദ്ധമതപിന്തുടച്ചക്കാരാണെന്നു ഒരഭിപ്രായമുണ്ട്. ബ്രാഹ്മണർ പകവീട്ടാൻ പാണ്ഡ്യരാജ്യപ്രതാപശാലികളുടെ സഹായം നേടി. അക്കാലത്തു ആവിർഭവിച്ച സാഹിത്യഗ്രന്ഥങ്ങളിൽ കഴിഞ്ഞ കാലങ്ങളെ അനുസ്മരിപ്പിയ്യുന്ന അദ്ധ്യായങ്ങൾപോലും എഴുതിച്ചേർക്കാതെ ബോധപൂർവ്വം തള്ളിക്കളഞ്ഞു. ദൈവദത്തമായി പരശുരാമനാൽ തങ്ങൾക്കു ലഭിച്ചതാണ് കേരളഭൂമി എന്നവർ കഥകളിലൂടെ സ്ഥാപിച്ചു. അശാസ്ത്രീയമായ ആ കെട്ടുകഥയുടെ അസ്ഥിവാരം ശാസ്ത്രീയവീക്ഷണത്തിലൂടെ മാറിയാലെ യഥാർത്ഥ കേരളചരിത്രത്തിന്റെ അടിത്തറ കണ്ടെത്താൻ കഴിയൂ. ബുദ്ധമതത്തിന്റെ തകർച്ചയ്ക്കുശേഷം അതിൽനിന്നു നാമ്പെടുത്ത സംസ്കാരവിശേഷങ്ങൾ കൂടിച്ചേർന്ന് ഒരു സങ്കരസമുദായരീതി ഉയർന്നുവന്നു. ആരാധനയെ എതിർത്ത ശ്രീബുദ്ധനെതന്നെ ആരാധ്യനാക്കുന്ന രീതി വളർന്നു. ജൈനമഹാവീരനെ "കരുമാടിക്കുട്ടൻ"നായും ബുദ്ധനെ "പിള്ള"വായും ആരാധിച്ചു. മനുഷ്യരുടെ മഹത്വത്തെ മാത്രം ലാക്കാക്കി പ്രായോഗികപരിപാടികൾ കണ്ടുപിടിച്ചു നടപ്പാക്കിയിരുന്നു. ബുദ്ധനെ ദൈവമായി ആരാധിച്ചതോടെ ബുദ്ധമതത്തിന്റെ മൌലികതത്വം പരാജയപ്പെട്ടുതുടങ്ങി. ബ്രാഹ്മണരുടെ ആത്മീയമർദ്ദനം മുറുകിത്തുടങ്ങിയതോടെ ജനതയുടെ ഇടയിൽ പിളർപ്പുണ്ടായി. ജാതികളും, അവാന്തരവിഭാഗത്തുകളും, അനാചാരങ്ങളും ദൈനംദിനം വളർന്നു.

മൂന്നു നൂറ്റാണ്ടു കാലം ഇടതടവില്ലാതെ പ്രചരണമാരംഭിച്ച വൈദികബ്രാഹ്മണർക്ക് ഭൂവുടമയുടേയും ദേവാലയങ്ങളുടേയും നേതൃത്വമേറ്റെടുക്കാൻ കഴിഞ്ഞു. പക്ഷേ ബൌദ്ധസംസ്കാരം വിതച്ച വിത്തു് മനുഷ്യരുടെ സൌഹാർദ്ദത്തേയും സാമൂഹ്യഘടനയേയും ജീവിതരീതിയേയും ഒരു പുതിയ വഴിയിലേയ്ക്കു തിരിച്ചുവിട്ടു് 'ബൌദ്ധർ' എന്നു പുച്ഛമായി വിളിച്ചു. അകലെ നിൽക്കുന്ന സമ്പ്രദായം ഭരിക്കാൻ അക്കാലത്തെ ബ്രാഹ്മണർക്കു് കഴിഞ്ഞെങ്കിലും കേരളീയരുടെ ഹൃദയത്തിൽനിന്നു ബുദ്ധവിശേഷതകഥം നിശ്ശേഷം തുടച്ചുനീക്കാൻ കഴിഞ്ഞില്ല. ബ്രാഹ്മണർ ബൌദ്ധസംസ്കാരത്തിന്റെ കൽത്തറയിൽ പുതിയ കെട്ടിടങ്ങൾ പണിതുകയറി. കെട്ടിടത്തെ സമസ്തഷ്ടിസ്നേഹസിദ്ധാന്തം പ്രഖ്യാപിയ്ക്കുന്ന കൽത്തറ ഇന്നും കാത്തുരക്ഷിച്ചുപോന്നു.

ഐശ്വര്യത്തിന്റേതായ ഒരു കാലം കേരളത്തിലുണ്ടായെന്നു നാം കണ്ടുകഴിഞ്ഞു. വിദ്വേഷത്തിന്നും മാത്സര്യത്തിന്നും പരാജയപ്പെടുത്താൻ സാധിയ്ക്കാത്ത ആ കാലഘട്ടത്തിലെ 'രാഷ്ട്രമീമാംസ' ഏതു കാലത്തേയ്ക്കും പറ്റിയതാണെന്നു പുതിയ ഗവേഷണങ്ങൾ തെളിയിച്ചുകൊണ്ടിരിയ്ക്കുന്നു. "പടിഞ്ഞാറൻതിരത്തു' ബി. സി. ഒന്നാം നൂറ്റാണ്ടു മുതൽ എ. ഡി. നാലാം നൂറ്റാണ്ടു വരെ ക്ഷോമാഭിവൃദ്ധി പൂവിട്ടുനിന്നിരുന്ന കാലമായിരുന്നു. വിദേശവിപണികളുമായി ബന്ധം സ്ഥാപിയ്ക്കുകയും വിദേശീയരുമായി സൌഹാർദ്ദം പുലർത്തുകയും ചെയ്തിരുന്ന ഈ രാജ്യത്തിന്റെ പരിഷ്കാരനായകന്മാർ ബുദ്ധമതവിരന്മാരായിരുന്നു. കലഹങ്ങളും സംഘട്ടനങ്ങളും തലപൊക്കാതെതന്നെ ആ രാജ്യം ഭരിയ്ക്കാൻ സാധിച്ചു. ഇവിടുത്തെ ജനങ്ങൾ ബുദ്ധമത

വിശ്വാസികളായതുകൊണ്ട് മാത്സര്യം അവരെ വിഷമിപ്പിച്ചിരുന്നില്ല. ബുദ്ധന്റെ ആദർശം അവരുടെ ജീവിതാനുഷ്ഠാനങ്ങളിൽ നിഴലിച്ചിരുന്നു." *

ബുദ്ധജയന്തി ആഘോഷിയ്ക്കാൻ പോകുന്ന ഈ ഘട്ടത്തിൽ കേരളത്തിൽ ബുദ്ധമതത്തിനു മെച്ചപ്പെടാൻ സാധിച്ച സ്വാധീനശക്തിയെപ്പറ്റി പഠനം നടത്തുന്നതു് നല്ലതാണു്. ഐക്യകേരളം രൂപംപ്രാപിയ്ക്കുന്ന ഈ ഘട്ടത്തിൽ വസ്തുനിഷ്ഠമായ ഒരു കേരളചരിത്രം നിർമ്മിയ്ക്കാനും അതിലൂടെ ബുദ്ധമതകാലത്തെ കേരളത്തെപ്പറ്റി ജനതയെ ഗ്രഹിപ്പിയ്ക്കാനും ശ്രമിയ്ക്കണം. മറ്റൊരു കാലത്തേക്കാളും ബൌദ്ധസിദ്ധാന്തങ്ങൾക്കു് പ്രചാരം ലഭിയ്ക്കേണ്ടതാണിപ്പോൾ. ഇന്ത്യയുടെ പ്രശാന്തമായ ചരിത്രഘട്ടം അതാണു്. കേരളക്കരയിൽ ഒരു പുതിയ സംസ്കാരത്തിന്റെ സവിശേഷതകൾ കണ്ടുതുടങ്ങിയിട്ടുണ്ടു്. സംസ്കാരനായകന്മാർക്കു് പുതുമയെ പുല്കുന്നതോടൊപ്പം പുതുമകൾക്കു നേതൃത്വം നല്കാൻ കഴിവുള്ള പഴയ ബൌദ്ധസംഹിതകൾ വീണ്ടുകരണാർഹങ്ങളാകണം. ക്ഷോഭവും അഭിപ്രായഭിന്നതയും തോളുരുമ്മിനിന്നിരുന്ന ബൌദ്ധകാലകേരളത്തെ അനുസ്മരിപ്പിച്ചുകൊണ്ടു് പുതിയ നിർമ്മാണത്തിനു ശ്രമിയ്ക്കുകയാണിന്നാവശ്യം.

* Buddism in South India—Mahabodhi Journal

5. അറയ്ക്കൽ രാജവംശം

* പുരാതനകേരളചരിത്രത്തിന്റെ ദിഷ്ടിമത്തായ അദ്ധ്യായങ്ങളിൽ ഓരോ കാലഘട്ടങ്ങളിൽ നാടുവാണിരുന്ന രാജവംശങ്ങളെ കാണാം. ചരിത്രാതീതകാലത്തെ ഐതിഹ്യങ്ങളും കെട്ടുകഥകളും മാറ്റിനിർത്തിയാൽ കേരളചരിത്രം രാജവംശങ്ങളുടെ ചരിത്രമായി തിരിഞ്ഞുനില്ക്കുന്നതു് കാണാം. രാജവാഴ്ചയ്ക്കു മുമ്പുള്ള പ്രാകൃതകമ്മ്യൂണിസവും പൌരാണിക റിപ്പബ്ലിക്കൻവ്യവസ്ഥയും അവ്യക്തമായ കാഴ്ചപ്പാടിലാണിന്നും നില്ക്കുന്നതു്. അഭ്യൂഹങ്ങൾക്കും അനുമാനങ്ങൾക്കുമതീതമായി വസ്തുനിഷ്ഠമായ ചരിത്രരേഖകൾ ലഭിയ്ക്കുന്നതു് രാജവാഴ്ചയോടുകൂടിയാണു്. രാജവാഴ്ചകാലത്തെ നാട്ടാചാരങ്ങളിലും യുദ്ധങ്ങളിലും ചരിത്രനിർമ്മിതിയ്ക്കാവശ്യമായ രേഖകൾ കണ്ടെത്താൻ കഴിയും. വിദേശികളുടെ വ്യാപാരസമ്പർക്കവും കേരളചരിത്രനിർമ്മാണത്തിനു മഹത്തായ സംഭാവന നല്കിയിട്ടുണ്ടു്.

വിദേശികൾ കേരളത്തിലേയ്ക്കു വന്നതുതന്നെ വ്യാപാരബന്ധം പുലർത്താനാണു്. സാംസ്കാരികമായ വേഴ്ചകൾക്കു മുമ്പു് അവർ കേരളക്കരയെ ധനദേവതയായി ആരാധിച്ചു. ബി. സി. അഞ്ചാം നൂറ്റാണ്ടിലാരംഭിച്ച ആ വൈവസായികബന്ധം കാലാന്തരത്തിൽ നമ്മുടെ സാമൂഹ്യജീവിതത്തെ സാരമായി സ്പർശിച്ചു. പരിവർത്തനാ

* ഈ ലേഖനമെഴുതാൻ അവലംബം നല്കിയതു് അറയ്ക്കൽ രാജവംശത്തിലെ കയ്യെഴുത്തുരേഖകളാണു്—ഗ്രന്ഥകർത്താ.

ത്മകമായ ആ ഘട്ടങ്ങളിലെല്ലാം കേരളത്തിലെ രാജവംശങ്ങൾ അവരുടെ പ്രതാപത്തിനൊത്ത പങ്കു വഹിച്ചിട്ടുണ്ട്. അങ്ങിനെ ലോകപ്രശസ്തി നേടിയ കണ്ണായിരുന്ന മലബാറിലെ അറയ്ക്കൽ രാജവംശം. ആയിരത്തിൽപരം വർഷങ്ങൾ രാജ്യം ഭരിയ്ക്കുകയും കേരളത്തിന്റെ വൈദേശിക വ്യാപാരമേൽനോട്ടം വഹിയ്ക്കുകയും ചെയ്ത ഈ രാജവംശത്തെസ്സംബന്ധിച്ച് കേരളചരിത്രം നിർമ്മിച്ച പ്രഗത്ഭ പണ്ഡിതന്മാർക്ക് വലിയ പിടിയൊന്നുമില്ല ഈ യാഥാർത്ഥ്യം നമ്മുടെ ചരിത്രഗ്രന്ഥങ്ങൾതന്നെ വ്യക്തമാക്കുന്നു. കേരളചരിത്രാന്വേഷകരിലാരും കണ്ണൂരിലെ അറയ്ക്കൽ രാജവംശത്തിലെ രേഖകൾ പരിശോധിയ്ക്കാൻ പരിശ്രമിച്ചതായി കാണുന്നില്ല. അങ്ങിനെ അവഗണിയ്ക്കപ്പെട്ട ഒരു രാജവംശത്തിന്റെ ചരിത്രത്തിനു സംഭവബഹുലമായ കഥകൾ പറയാനുണ്ട്. വിദേശികളുടെ കൗശലത്തിരിപ്പും ചരിത്രകാരന്മാരുടെ നിസ്സഹകരണവും വസ്തുനിഷ്ഠമായ സത്യത്തെ കണ്ടെത്തുന്നതിനു പ്രതിബന്ധമായിനിന്നു.

അറേബിയയിൽനിന്നു ഇസ്ലാമികസന്ദേശവും വഹിച്ചു കേരളത്തിലെത്തിയ ആദ്യകാലഇസ്ലാമികപരിഷ്കർത്താക്കളായ മാലിക്ബ്നുദിനാറിന്റേയും ഷറഫ്ബ്നുമാലിക്കിന്റേയും കാലത്തുതന്നെ രൂപവൽക്കൃതമായ ഒരു രാജവംശമാണു് അറയ്ക്കൽ. ചേരമാൻപെരുമാളിന്റെ അറേബ്യായാത്രക്കാലവുമായി ഈ രാജവംശത്തിനു അടുപ്പം കാണാം. ഈ രാജവംശത്തിന്റെ ആദ്യതലസ്ഥാനം ധർമ്മടത്തായിരുന്നു. ചേരമാൻപെരുമാളിന്റെ സഹോദരിയായ ശ്രീദേവിയുടെ മകൻ മഹാബലി എന്നറിയപ്പെടുന്ന മുഹമ്മദാലിയാണു് അറയ്ക്കൽ മുസ്ലിംരാജവംശത്തിന്റെ സ്ഥാപകൻ. ധർമ്മപട്ടണത്തു സ്ഥിതിചെയ്തിരുന്ന അരശർ കുള

ങ്കര തറവാടിന്നും നിലനില്ക്കുന്നുണ്ട്. ചേരമാൻപെരുമാൾ ഇസ്ലാംമതം സ്വീകരിച്ചു രാജ്യഭാരം കഴിഞ്ഞപ്പോൾ ശ്രീദേവിയ്ക്കായി വിലപിടിച്ച ഉപകരണവസ്തുക്കൾ നല്കിയതായി കേരളചരിത്രം പ്രസ്താവിയ്ക്കുന്നുണ്ട്. ശ്രീദേവിയുടെ മകൻ ഇസ്ലാംമതം സ്വീകരിച്ചതു് ഹിജ്റാബ്ദം 64-ലിലാണെന്നു അറയ്ക്കൽ സ്വരൂപത്തിലെ ചെപ്പേടുകൾ വ്യക്തമാക്കുകയും ചെയ്യുന്നു. ചേരമാൻപെരുമാളിനെത്തുടർന്നു ഇസ്ലാംമതം സ്വീകരിച്ച ഈ രാജാവാണു് അറയ്ക്കൽ രാജകുടുംബസ്ഥാപകൻ. അപ്പോൾ ക്രിസ്താബ്ദം ഏഴാം നൂറ്റാണ്ടിൽതന്നെ അറയ്ക്കൽ രാജകുടുംബത്തിന്നു സ്ഥിരപ്രതിഷ്ഠ ലഭിച്ചു. അറയ്ക്കൽ സ്വരൂപത്തിലിരിയ്ക്കുന്ന ചെപ്പേടുകൾ, നാണയങ്ങൾ, സന്ധിക്കരാറുകൾ തുടങ്ങിയവ പരിശോധിയ്ക്കുമ്പോഴാണു പ്രസ്തുത രാജവംശത്തിനു കേരളക്കരയിലുണ്ടായിരുന്ന സ്വാധീനശക്തി ഗ്രഹിയ്ക്കാൻ കഴിയുന്നതു്. അറബിയിലും, അറബിമലയാളത്തിലും, വട്ടെഴുത്തിലും അറയ്ക്കൽ സൂക്ഷിച്ചിരിയ്ക്കുന്ന ചരിത്രരേഖകൾ ചരിത്രഗവേഷകന്മാർക്കു് നിർമ്മാണമാർഗ്ഗത്തിൽ വെളിച്ചം നല്കുന്നതാണു്. കേരളക്കരയിലെ ഇസ്ലാംമതപ്രചരണത്തിലും കുടിയേറിപ്പാർപ്പിലും അറയ്ക്കൽ രാജകുടുംബത്തിനു അഭേദ്യമായ ബന്ധമുണ്ടായിരുന്നു. തിരസ്കരിയ്ക്കാൻ കഴിയാത്ത ചരിത്രസത്യങ്ങൾ മുമ്പിൽവെച്ചുകൊണ്ടുതന്നെ പ്രവാചകന്റെ കാലത്തു ഇസ്ലാംമതം കേരളത്തിൽ പ്രചരിച്ചെന്നു വിശ്വസിയ്ക്കാം. പ്രവാചകന്റെ മരണാനന്തരം രണ്ടു നൂറ്റാണ്ടുകൾക്കു ശേഷമാണു് കേരളത്തിൽ മുസ്ലീമിങ്ങൾ വന്നതെന്ന അഭിപ്രായത്തെ എ. ഡി. 8-ാം നൂറ്റാണ്ടിൽ അറയ്ക്കൽ രാജവംശം നടപ്പാക്കിയിരുന്ന വെള്ളിനാണയംതന്നെ ഖണ്ഡിയ്ക്കുന്നു. അറയ്ക്കൽ രാജയുടെ

പേരിൽ അടിച്ചിറക്കിയിരുന്ന നാണയങ്ങൾ 1943-ൽ മദിരാശിയിൽവെച്ചു നടത്തപ്പെട്ട സാംസ്കാരികപ്രദർശനത്തിൽ പ്രദർശിപ്പിച്ചിരുന്നു. പാരമ്പര്യമായി ലഭിച്ച രാജപദവിയല്ലാതെ കോട്ടംതട്ടാതെ അറയ്ക്കൽ രാജകുടുംബം നൂറാണ്ടുകൾക്കുശേഷവും നിലനിന്നു.

കാലനിർണ്ണയത്തിൽ നമ്മുടെ ചരിത്രഗ്രന്ഥങ്ങളിൽ പാകപ്പിഴ പറ്റിയിട്ടുണ്ട്. "തുഹ്ഫത്തുൽമുജാഹദീൻ" എന്ന ഗ്രന്ഥത്തിന്റെ കർത്താവായ ഷെയ്ക്ക് സൈനുദ്ദീൻ (എ. ഡി 1558) കേരളത്തിലെ ഇസ്ലാംമതപ്രചരണകാലം എ. ഡി പത്താം നൂറാണ്ടിലാണെന്നു പറഞ്ഞതുകൊണ്ട് തുടർന്നുള്ള മിക്ക ചരിത്രഗ്രന്ഥങ്ങളിലും ഇതു പകർത്തപ്പെട്ടു. പക്ഷേ പ്രസിദ്ധ പേർഷ്യൻ ചരിത്രകാരനായ ഇബ്നുഅറബ്ഷായും (1476) അറേബ്യനായ ഫക്രുദ്ദീൻരാസിയും (1272) മുഹമ്മദ്നബിയുടെ കാലത്തുതന്നെ പശ്ചിമദേശങ്ങളിൽ ഇസ്ലാംമതം പ്രചരിച്ചെന്നു വ്യക്തമാക്കുന്നു. ഇവരുടെ അഭിപ്രായത്തിനു പിൻബലം നല്കുന്നതാണ് അറയ്ക്കൽ രേഖകൾ. "തുഹഫത്തുൽമുജാഹിദ്ദി"ന്റെ തെളിവുകൾ ഉദ്ധരിച്ചുകൊണ്ടാണ് കെ. പി. പത്മനാഭമേനോനും, ഡബ്ലിയുഇനസും, റൌലൻസും നും കേരളത്തിലെ ഇസ്ലാംമതാവിർഭാവകാലത്തെപ്പറ്റി പറയുന്നത്. അതു തെറ്റായിരുന്നെന്നു് ഇപ്പോൾ കണ്ടെത്തിയിട്ടുള്ള രേഖകൾ വ്യക്തമാക്കുന്നു. മാലിയം, കൊടുങ്ങല്ലൂർ, കൊയിലാണ്ടി തുടങ്ങിയ സ്ഥലങ്ങളിലെ ആദ്യത്തെ പള്ളികൾ പണിതതു് ഹിജറ 120-നോടടുത്താണെന്നു (എ ഡി. 700) രേഖകൾകൊണ്ടു തെളിയുമ്പോൾ ആയിരം വർഷങ്ങൾക്കപ്പുറത്താണ് നമ്മുടെ ശ്രദ്ധ മൊന്നെത്തുന്നതു്. കൊല്ലം, പന്തലായിനി തുടങ്ങിയ പതി

നൊന്നു കേന്ദ്രങ്ങളിൽ ക്രിസ്ത്വബ്ദം 918-ൽത്തന്നെ മുസ്ലീ മിങ്ങൾക്ക് കോളനികൾ ഉണ്ടായിരുന്നതായി കേരളം സന്ദർശിച്ച ഫ്രെയർഓഡോറിക് എന്ന സഞ്ചാരിയും വെളിപ്പെടുത്തുന്നു.

അറയ്ക്കൽ കുടുംബത്തലവനായ രാജാവിനു സുൽത്താൻ എന്ന പേരു വിണതു് ക്രി: പതിമൂന്നാം നൂറ്റാണ്ടിനു ശേഷമാണു്. അതിനുമുമ്പു് ആദിരാജാവെന്നോ ആഴിരാജാവെന്നോ ആണു് വിളിയ്ക്കപ്പെട്ടിരുന്നതു്. ആദിരാജാവെന്നാൽ ആദ്യത്തെ രാജാവെന്നും ആഴിരാജാവെന്നാൽ കടലിന്റെ ആധിപത്യമുള്ള ആളെന്നും അർത്ഥമുണ്ടു്. കേരളത്തിലെ ഏറ്റവും പഴക്കംചെന്ന മരുമക്കത്തായസമ്പ്രദായം അനുസരിയ്ക്കുന്ന ഒരു കുടുംബമാണു് അറയ്ക്കൽ. ഈ മരുമക്കത്തായം ചേരമാൻപെരുമാളിന്റെ പിന്തുടർച്ചയായി ലഭിച്ചതാണു്. കേരളത്തിലെ പ്രാചീന സംസ്കാരത്തിന്റെ എല്ലാത്തരം വഴ്ചബന്ധങ്ങളും ചില നൂറ്റാണ്ടുകളോളം മുസ്ലിമിങ്ങൾക്കിടയിൽ നിലനിന്നു. ഇന്നും നിശ്ശേഷം അവ മാഞ്ഞുപോയിട്ടില്ല. അറയ്ക്കൽ രാജകുടുംബം കോലത്തിരി തറവാട്ടിൽനിന്നടർത്തിയെടുത്തതാണെന്നും കേരളചരിത്രകാരന്മാർ വിശ്വസിച്ചുപോന്നു.

"കണ്ണൂർ, കോലത്തിരി രാജാധിപന്മാരുടെ കീഴിലായിരുന്നു. സാമൂതിരിയുടെ സമനായ കോലത്തിരി രാജാവ് കണ്ണൂർ സ്ഥിരതാമസമാക്കിയിരുന്നു. പ്രസ്തുത രാജാവിന്റെ നായകർ (സമിപർ) ഇസ്ലാംമതം സ്വീകരിച്ചു. അങ്ങിനെ ഒരു മുസ്ലിംരാജകുടുംബം സ്ഥാപിതമായി. പ്രശസ്തനായ അലിരാജാവിന്റെ കാലത്തു ജനങ്ങൾ അദ്ദേഹത്തെ സമുദ്രത്തിന്റെ അധിപതി (സുൽത്താനുൽബഹർ) എന്നു വിളിച്ചു." *

* Malabar Quarterly—Vol : II A 219

ഐതിഹ്യമാലയുടെ കർത്താവായ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഒരു ചരിത്രകഥയും വിശ്വാസത്തിന്നടിത്തറ പാകിയിട്ടുണ്ട്. കോലത്തിരി തറവാട്ടിലെ ഒരു തരുണിയെ ആപത്തിൽനിന്നു രക്ഷിച്ച ഒരു മുസ്ലിമിനെ ആ തരുണി ഭർത്താവായി സ്വീകരിയ്ക്കുകയാൽ പ്രത്യേക ഇല്ലമായി അവരെ മാറിനിൽത്തിയെന്നും അങ്ങിനെ അറയ്ക്കൽ മുസ്ലിംരാജവംശം ഉടലെടുത്തതെന്നുമാണ് ഐതിഹ്യം.

ഇതൊരു വിരോധാഭാസമാണ്. കോലത്തിരി രാജവംശം ചരിത്രത്തിലുടലെടുക്കുന്നതു് ചേരമാൻപെരുമാളുടെ കാലശേഷമാണ്. കോലത്തിരി സ്വാതന്ത്ര്യപത്തിന്റെ പ്രതാപകാലമാരംഭിയ്ക്കുന്നതുതന്നെ പതിനൊന്നാം നൂറാണ്ടിലാണ്. കോലത്തിരി രാജവംശം നാടുവാഴിത്തനിലയിൽനിന്നുയർന്നതു് ഒമ്പതാം നൂറാണ്ടിന്റെ അന്ത്യത്തിലാണ്. അങ്ങിനെ വരുമ്പോൾ ആദ്യമുത്ഭവിച്ച അറയ്ക്കൽ രാജവംശവുമായി ബന്ധപ്പെടാൻ വഴികാണുന്നില്ല. അറയ്ക്കൽ രാജകുടുംബം കോലത്തിരി തറവാട്ടിലെ ശാഖയല്ല. "ചേരനാട്ടുചെയ്തികൾ" എന്ന ചരിത്രഗ്രന്ഥത്തിലും കോലത്തിരിയുടെ വൈരിയായി അറയ്ക്കൽ രാജയെ ചിത്രീകരിച്ചിട്ടുണ്ട്.

യൂറോപ്പിന്റെ മിക്ക ഭാഗങ്ങളിലും, അറേബ്യയിലും, അയൽദേശങ്ങളിലും വ്യാപാരമത്സരം ആരംഭിച്ച പതിനൊന്നാം നൂറാണ്ടോടുകൂടിയാണ് അറയ്ക്കൽ രാജവംശം ലോകശ്രദ്ധയിൽ പെട്ടതു്. ധർമ്മടത്തുനിന്നു് വ്യാപാരസൌകര്യാർത്ഥം കണ്ണൂരിലേയ്ക്കു താമസം മാറിയ അറയ്ക്കൽ രാജാവു് പുതിയ പാണ്ടികശാലകളും കോട്ടകളും പണിതുതുടങ്ങി. മലഞ്ചരക്കുകച്ചവടത്തിന്റെ കേന്ദ്രമായി കണ്ണൂർ ചരിത്രത്തിൽ പ്രാധാന്യം നേടുന്നതു് അറയ്ക്കൽരാജാവി

ന്റെ വരവോടുകൂടിയാണ്. കുരുമുളക്, ഏലം, കറുവില പ്പട്ട തുടങ്ങിയ ഉല്പന്നങ്ങളുടെ വ്യാപാരകുത്തക അറയ്ക്കൽ രാജാവ് കൈയടക്കി. ഈജിപ്ത്, ആഫ്രിക്ക, ലെബനോൺ, അറേബ്യ തുടങ്ങിയ രാജ്യങ്ങളിലെ വ്യാപാരക്കപ്പലുകളിൽ "കച്ചവടക്കാരനായ അറയ്ക്കൽ രാജാ"വിന്റെ പേരുണ്ടായിരുന്നു. വിദേശമാതൃകയിലുള്ള കെട്ടിടനിർമ്മാണവും, പട്ടണപരിഷ്കരണവും, പട്ടാളപരിശീലനവും അറയ്ക്കൽ രാജാവ് നടപ്പിൽവരുത്തി. കരുത്തുറ്റ രാഷ്ട്രത്തിന്റെ ഭദ്രതയ്ക്കാവശ്യമായ ചുറുചുറുക്കും സൃഷ്ടിച്ചു. വിദേശവ്യാപാരികളെ ആകർഷിയ്ക്കാനുള്ള തുറമുഖപരിഷ്കരണങ്ങളും നടപ്പാക്കി, സമുദ്രത്തിന്റെ ആധിപത്യംതന്നെ കൈയടക്കി. മാലദ്വീപ്, ലക്ഷദ്വീപ്, അന്ത്രോത്തുദ്വീപ് തുടങ്ങിയവയുടെ മേൽനോട്ടവും ഏറ്റെടുത്തു. ചിറയ്ക്കൽ രാജകുടുംബവുമായി ഇണങ്ങിയും പിണങ്ങിയും അറയ്ക്കൽരാജാവ് തന്റെ നിലപാട് സുരക്ഷിതമാക്കി. ദൂരരാജ്യങ്ങളിൽ അറയ്ക്കൽകുടുംബത്തിലെ വ്യാപാരക്കപ്പലുകളും ചെന്നെത്തിയിരുന്നു. പുതിയ പുതിയ വ്യാപാരഉടമ്പടികളും ഉണ്ടാക്കുമ്പോൾ പായ്ക്കപ്പലുകളും മറ്റു ചരക്കുകപ്പലുകളും മറ്റും പ്രത്യേകം പണിതീർത്തിരുന്നു. കേരളക്കരയിലെ കപ്പൽനിർമ്മാണത്തിൽ കണ്ണൂർതുറമുഖം പ്രശസ്തിനേടി. കണ്ണൂരിന്റെ അഭിവൃദ്ധി അയൽതുറമുഖങ്ങളിലും വ്യാപാരകായ്മത്തിൽ മാറ്റങ്ങളും വരുത്തി. മാലദ്വീപുകളുടെ ഭരണാധികാരം അറയ്ക്കൽ രാജകുടുംബത്തിന്റെ കിഴിൽ വന്നതോടുകൂടി രാഷ്ട്രീയമായ പല മാറ്റങ്ങളും മലബാറിലുണ്ടായി. മാലദ്വീപുകാർ സ്വയം നിർണ്ണയാവകാശത്തിന്നായി മുറവിളികൂട്ടി. ഹൈദരാലിയും, ടിപ്പുവും അറയ്ക്കൽസേനയുടെ സഹായത്തോടുകൂടി വൈദേശികശ

ക്തികളെ പൊറുത്തുനിന്നു. അക്കാലങ്ങളിലെല്ലാം കോലത്തിരിപട്ടാളം അറയ്ക്കൽപടയെ ഭീഷണിപ്പെടുത്തുകയുണ്ടായി. രണ്ടു പ്രാവശ്യം ഈ രണ്ടു സൈന്യങ്ങളും കൂട്ടിമുട്ടി. രണ്ടുകൂട്ടർക്കും നാശനഷ്ടങ്ങൾ സംഭവിച്ചു. മലബാറിലെ രാജകുടുംബങ്ങളുടെ മത്സരത്തിൽ കടന്നുകൂടി പോർത്തുഗീസുകാർ മുതലെടുത്തു. തങ്ങളുടെ വ്യാപാരശക്തി വർദ്ധിപ്പിയ്ക്കാനെന്ന വ്യാജേന 1505-ൽ പോർത്തുഗീസുസേനകണ്ണൂർ ഒരു കോട്ട പണിതു. മലബാറിലെ ശക്തി ക്ഷയിച്ചുവരുന്ന രാജകുടുംബങ്ങൾക്ക് ഈ കോട്ട ഒരു പേടിസ്വപ്നമായിത്തീർന്നു. പതിമൂന്നു പ്രാവശ്യം ഈ കോട്ട പിടിച്ചടക്കാൻ പൊരിഞ്ഞ യുദ്ധംതന്നെ നടന്നിട്ടുണ്ട്.

സൈനികപ്രാധാന്യമുള്ള ഈ കോട്ട നാടിന്റെ ജയാപജയങ്ങളുടെ സങ്കേതമാണെന്നു ഗ്രഹിയ്ക്കാൻ പ്രയാസമുണ്ടായില്ല. ഡച്ചുകാർ വിജയക്കൊടി ഉയർത്തിയ ഘട്ടത്തിലും അറയ്ക്കൽകുടുംബത്തിന്റെ സൈനികശക്തിയ്ക്ക് കോട്ടംതട്ടിയിരുന്നില്ല. ധർമ്മാരായ കടൽസഞ്ചാരികൾ വഴി വിദേശരാജ്യങ്ങളുമായി അറയ്ക്കൽരാജാവ് ഉടമ്പടികൾ ചെയ്തു. ഈജിപ്ത്, ടർക്കി, ഇറാൻ, അഫ്ഘാനിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിലെ സൗഹാർദ്ദപ്രതിനിധികളെ (അമ്പാസിഡർമാരെ) രാജാവു സ്വീകരിച്ചു. അറയ്ക്കൽ രാജകുടുംബത്തിന്റെ നയതന്ത്രജ്ഞതയിൽ അത്ഭുതവും ഭയവും ജനിച്ച ഡച്ചുകാർ കണ്ണൂർകോട്ട 1770-ൽ രണ്ടു ലക്ഷം ഉറുപ്പികയ്ക്ക് അറയ്ക്കൽ ബീബിയ്ക്കു വിറ്റു. പുറത്തുനിന്നുള്ള ഏതൊരാക്രമണത്തേയും തടയുവാനായി രാജ്യരക്ഷാവിഭാഗം ബലപ്പെടുത്തി; നാവിക, കാലാൾ, കുതിര തുടങ്ങിയ എല്ലാ പട്ടാളവിഭാഗങ്ങളും സംഘടിപ്പിച്ചു. സ്വതന്ത്രം രാജ്യത്തിന്നായി മരിയ്ക്കാൻ തയ്യാറാണെന്ന

പ്രതിജ്ഞയിൽ ഭടന്മാർ ഒപ്പുവെച്ചു. അറയ്ക്കൽ രാജവംശത്തിലെ പട്ടാളത്തിന്റെ വിശ്വസ്തതയും ധീരോദാത്തതയും അറിഞ്ഞ ഹൈദരാലിഖാൻ മലബാറിലെത്തി ബീബിയുമായി സന്ധിയുണ്ടാക്കി. ടിപ്പുസുൽത്താനും ഈ സന്ധിയുടെ വെളിച്ചത്തിൽ ചില ഉടമ്പടികൾ ചെയ്തു. രാജ്യരക്ഷയ്ക്കായുള്ള സൈനികശക്തിയിൽ ടിപ്പു ശ്രദ്ധിച്ചു. ടിപ്പു രാജ്യതന്ത്രപരമായ കാര്യങ്ങളിൽ മേൽനോട്ടം വഹിച്ചു. ബീബിയുടെ ബഹുമാന്യാതിഥിയായി കണ്ണൂർ കുറെക്കാലം താമസിച്ചു. ഈസ്റ്റിൻഡ്യാക്കമ്പനിയുമായുള്ള അവസാനയുദ്ധത്തോടുകൂടിയാണ് ടിപ്പുവിന്റെ ബന്ധം അറയ്ക്കൽനിന്നും വേർപെട്ടത്.

ടിപ്പുവിന്റെ തിരോധാനത്തിനുശേഷം അറയ്ക്കൽ രാജകുടുംബത്തിന്റെ അധഃപതനവും ആരംഭിച്ചു. ടിപ്പു സ്വദേശത്തിന്റെ വിമോചനസേനാനിയായിരുന്നുവെന്നകാരണത്താൽ വെള്ളക്കാർക്ക് അടക്കാനാകാത്ത അമർഷമുണ്ടായിരുന്നു. ചിറയ്ക്കലും മറ്റയൽരാജ്യങ്ങളും ടിപ്പുവിനെതിരായി ഈസ്റ്റിൻഡ്യാക്കമ്പനിയുടെ പേരിയിലേയ്ക്കു മാറി. ഈ മാറ്റം അറയ്ക്കൽ രാജകുടുംബത്തിന്റെ നാശത്തിനു വഴിതെളിയിച്ചു. പ്രഥമഘട്ടത്തിൽ മമതയിൽ കഴിഞ്ഞ വെള്ളക്കാർ കായ്ത്തോടടുത്തപ്പോൾ തനിനിറം കാണിച്ചു. ഈസ്റ്റിൻഡ്യാക്കമ്പനിയുടെ ലക്ഷ്യം കണ്ണൂർ കോട്ട സ്വായത്തമാക്കുകയായിരുന്നു. രണ്ടാമത്തേത് അറയ്ക്കൽ രാജകുടുംബത്തിന്റെ വ്യാപാരക്കുത്തക പിടിച്ചടക്കുക. 1793-ൽ കോട്ടയും, സൈനികപരിശീലനത്തിനായി കോട്ടമൈതാനവും പിടിച്ചുവാങ്ങി. 1905-ലെ വെള്ളക്കാരുടെ ജൈത്രയാത്രയുടെ ചരിത്രം നാട്ടുരാജ്യങ്ങളെ ഒന്നൊന്നായി പാട്ടിലാക്കുന്ന ചരിത്രമായിരുന്നു. വലിയ

ധനാഗമമാർഗ്ഗമായിരുന്ന ദ്വീപുഭരണം തട്ടിയെടുത്തതോടൊ
ക്കൂടി വെള്ളക്കാർക്ക് പരിപൂർണ്ണതുപ്തി വന്നു. ഇരുപതാം
നൂറാണ്ടിന്റെ ആദ്യഘട്ടമായപ്പോഴെയ്ക്കും രാജവംശത്തി
ന്റെ ഉടവാൾപോലും ബ്രിട്ടീഷുകാർ പിടിച്ചുപറ്റി.
1793-ലും, 1795-ലും അറയ്ക്കൽ കുടുംബവുമായി ബ്രിട്ടീ
ഷുകാർ ചില ഉടമ്പടികളിൽ ഒപ്പുവെച്ചിരുന്നു ഉടമ്പടി
യുടെ നിശ്ചയപ്രകാരം ദ്വീപുകളുടെ ആദായത്തിൽ കരു
ഓഹരി കമ്പനിയ്ക്കു നല്കാമെന്നുണ്ടായിരുന്നു. പിന്നീട്
ഓഹരിസംഖ്യ കുട്ടിക്കുട്ടി മുഴവനും വിഴുങ്ങുന്ന സമ്പ്രദായം
ബ്രിട്ടൻ സ്വീകരിച്ചു. അറയ്ക്കൽ രാജവംശത്തെ ഉടമ
സ്ഥവകാശത്തിൽനിന്നു നിശ്ശേഷം മാറ്റി. സ്വത്തുപ
ത്തിനെതിരായി ദ്വീപുകളിൽവിനും നാട്ടുകാരിൽനിന്നും
ആക്ഷേപങ്ങൾ കമ്പനിയ്ക്കു ലഭിയ്ക്കുകയായി. അങ്ങിനെ
ഉപജാപങ്ങളിലൂടെ സ്വാതന്ത്ര്യസമരത്തിൽ ടിപ്പുവിനു
പിൻബലം നൽകിയെന്ന കാരണത്താൽ രാജകുടുംബ
ത്തിന്റെ നിലനില്പിനുതന്നെ കത്തിവെച്ചു. രാജകുടുംബ
ത്തിലെ എല്ലാ സ്വത്തുക്കളും ജപ്തിചെയ്യാനാണ് പിന്നീ
ടുള്ള ശ്രമം. നിശ്ചിതസംഖ്യയിൽ കുടിശ്ശികയുണ്ടെന്ന
കാരണം കാണിച്ചു മദ്രാസ്ഗവണ്മെന്റിന്റെ അനുമതിയോടു
കൂടി ജപ്തി നടന്നു. രാജകുടുംബത്തിന്റേയും ബീബിയുടേ
യും സ്വന്തം സാധനങ്ങൾ ജപ്തിചെയ്യുന്നതു അന്യായമാ
ണെന്നു കാണിച്ചു കമ്പനിയുടെ ബോർഡ് ഓഫ് ഡയ
റക്ടേഴ്സിനു ആക്ഷേപം ബോധിപ്പിച്ചു. ബോർഡിന്റെ
വിധി ബീബിയ്ക്കനുകൂലമായിരുന്നു. 1861-ൽ പിടിച്ചെ
ടുത്ത സ്ഥലങ്ങൾ തിരിച്ചേല്പിച്ചു. ഈസ്റ്റിൻഡ്യാക്കമ്പനി
ക്കാരുടെ പഴയ കാലത്തെ ബോർഡ് ഓഫ് ഡയറക്ടേറ
ഴ്സിന്റെ തീരുമാനം പ്രത്യക്ഷത്തിൽ സ്വീകരിച്ചെങ്കിലും

എങ്ങിനെയെങ്കിലും അറയ്ക്കൽകുടുംബം തകർത്തേ മതിയാകൂ എന്നു് ബ്രിട്ടീഷുകാരനായ മദ്രാസ് ഗവണ്മെന്റർ തീരുമാനിച്ചു. 1793-ലെ ഭീകരമായ ഒരു കൂട്ടക്കൊലയ്ക്കുശേഷമാണു് കണ്ണൂർകോട്ട കമ്പനി പിടിച്ചടക്കിയതു്. ഏതാനും ദിവസങ്ങളോളം നീണ്ടുനിന്ന ഒരു യുദ്ധത്തിന്റെ ഫലമായി ബീബിയുടെ ഭർത്താവായ രാജാവും മറ്റനവധി പ്രമുഖന്മാരും മരിച്ചു. മാപ്പിളപ്പട്ടാളത്തെ പരാജയപ്പെടുത്തുന്ന കാര്യത്തിൽ ആദ്യമാദ്യം കമ്പനി പരാജയപ്പെട്ടു. തുടർന്നുള്ള ആക്രമണത്തിൽ അവർ വിജയിച്ചു. രണ്ടു ലക്ഷത്തിൽപരം ഉറുപ്പിക കമ്പനിക്കാർ യുദ്ധനഷ്ടം വാങ്ങി. 1796-ലെ സന്ധിക്കരാറുപ്രകാരം കണ്ണൂർകോട്ട നിരുപാധികം കമ്പനിയ്ക്കു വിട്ടുകൊടുത്തു. കച്ചവടക്കായ്ത്തിൽ കമ്പനി അനിയന്ത്രിതമായി കൈകടത്തി. വിദേശവ്യാപാരികൾ കയറിക്കൊണ്ടുപോകുന്ന മരക്കുകൾക്ക് അമിതമായ ചുങ്കം ചുമത്തി. അതോടുകൂടി വിദേശവ്യാപാരികൾ ആയിരത്തിൽപരം വർഷങ്ങളായി തുടർന്നുപോന്ന അറയ്ക്കൽ രാജകുടുംബവുമായി നിലനിന്നിരുന്ന കച്ചവടക്കാരിൽനിന്നു വ്യതിചലിച്ചു് കമ്പനിയുടെ ഭീഷണിയ്ക്കു വഴങ്ങി. പുറത്തുനിന്നു് രാജകുടുംബത്തിനു വരുന്ന മരക്കുകൾക്കു ചുങ്കം ചുമത്തി. കുരുമുളകിന്റെ വ്യാപാരക്കുത്തക കൈയടക്കിയതോടെ കമ്പനിയ്ക്കു് നിവർന്നുനില്ക്കാറായി.

1793-ലെ ലഹളക്കാലത്തു് അറയ്ക്കൽനിന്നു അക്രമിച്ചുകൊണ്ടുപോയ വസ്തുക്കളിൽ വിലപിടിച്ച തളികകൾ, രത്നഖചിതമായ ഉടവാൾ, ലോഹനിർമ്മിതമായ കിരീടവും കട്ടിലും ഇവ ഉൾപ്പെട്ടിരുന്നു. ഈ സാധനങ്ങളുടെ വില 26 ലക്ഷം ഉറുപ്പികയാണെന്നു് ബോർഡ് ഓഫ് ഡയറക്ടറേഴ്സിന്റെ നിഷ്പക്ഷാനുഷ്ഠാനകമ്മീഷൻ രേഖപ്പെടുത്തിയിട്ടുണ്ടു്. അതെല്ലാം മടക്കിക്കൊടുക്കണമെ

ന്നു പറഞ്ഞിട്ടുണ്ടെങ്കിലും അതുപോലെയൊന്നും ബ്രിട്ടീഷുകാർ ചെയ്തില്ല. രാജകീയാചാരങ്ങൾതന്നെ നടപ്പിലാക്കുന്നതിലും ആചരിയ്ക്കുന്നതിലും ബ്രിട്ടിഷുകാർ കൈ മെലുത്തി. അറയ്ക്കൽസ്വരൂപത്തിന്റെ തകച്ചയ്ക്ക് മൂകസാക്ഷിയായിനിന്ന ജുമ്മബീബി 1819-ൽ അന്തരിച്ചു.

കാരോ കാലഘട്ടങ്ങളിലുണ്ടായിട്ടുള്ള സന്ധിക്കരാറുകളുടേയും ഉടമ്പടികളുടേയും രേഖകൾ ഇന്നും സൂക്ഷിയ്ക്കപ്പെടുന്നു. നയതന്ത്രജ്ഞതയില്ലാത്ത ഒരു റാണിയായതുകൊണ്ടാണ് രാജവംശം അധഃപതിച്ചതെന്നു പ്രത്യക്ഷത്തിൽ കാണാമെങ്കിലും ബ്രിട്ടിഷുകാരുടെ അന്യായമായ കൊള്ളയും കൈകടത്തലുമാണ് എല്ലാവിധ അധഃപതനത്തിനും മൂലകാരണമെന്നു നിഷ്പക്ഷമതികൾ സമ്മതിയ്ക്കും. അവർ എഴുതിയ വ്യവസ്ഥകൾ അവർതന്നെ ലംഘിയ്ക്കുകയെന്നത് സാധാരണമായിരുന്നു. ചേലുതമ്പിദളവയുടേയും, ടിപ്പുവിന്റേയും മാർഗ്ഗങ്ങൾ തുടർന്നു സമരം ചെയ്ത് രണഭൂമിയിൽ വീഴാൻ അറയ്ക്കൽ ബിബി അക്കാലത്തു തയ്യാറായിരുന്നില്ല. സമാധാനമാർഗ്ഗങ്ങൾ ആശിച്ചതുകൊണ്ട് നീണ്ടകാലത്തെ സമരത്തിനും സന്ധികൾക്കും ശേഷം സ്വയം നശിയ്ക്കാനാണ് അവയ്ക്കു സാധിച്ചത്. സന്ധിക്കരാറുകളിലും വ്യാപാരഉടമ്പടികളിലും സത്യസന്ധത പരിപാലിയ്ക്കുന്നതിൽ അറയ്ക്കൽ രാജകുടുംബം മുൻപന്തിയിൽതന്നെ നിന്നു. പോർത്തുഗീസ് ചരിത്രകാരന്മാരും, ഡച്ചുകാരും സ്വരൂപത്തിന്റെ സത്യസന്ധതയെ പല ഘട്ടങ്ങളിലും പുകഴ്ത്തിയിട്ടുണ്ട്. ശിക്ഷണബോധമുള്ള ഒരു സൈന്യവും, സ്നേഹവും പരസ്പരവിശ്വാസവും വളർത്തിയിരുന്ന ജനതയും അറയ്ക്കൽ രാജകുടുംബത്തിന്റെ പ്രശസ്തിയ്ക്കു നിദാനമായിരുന്നു. "അറയ്ക്കൽ രാജാക്കന്മാർ വിശ്വസ്തതയ്ക്ക് കീർത്തിനേടിയവരാണെന്നു ചരി

ത്രമുൽഘോഷിയ്ക്കുണ്ടു്. പ്രബലരായ കണ്ണൂർ ആലി രാജാക്കന്മാർ സ്വച്ഛാധിപതികളായിരുന്നില്ല നികുതിയും ചുങ്കവും രാജ്യമുതലെടുപ്പിൽ പ്രധാന പങ്കു വഹിച്ചിരുന്നു. ഖജനാവിന്നു് നാലു താക്കോലുകളും സൂക്ഷിച്ചിരുന്നു. ഒന്നു് രാജാവും, മറ്റൊന്നു് വ്യാപാരത്തലവനും, വേറൊന്നു് ന്യായാധിപനും, നാലാമത്തേതു് പണം സൂക്ഷിപ്പുകാരനായ ഖജാൻജിയും കൈവശം സൂക്ഷിച്ചിരുന്നു. നാലു പേരും പണം എടുക്കുമ്പോൾ സന്നിഹിതരായിരുന്നു." *

കേരളക്കരയ്ക്കു വിദേശങ്ങളിൽ സുഹൃൽപ്രതിനിധികളെ നിയമിച്ചതും വ്യാപാരബന്ധം വർത്തിയതും അറയ്ക്കൽ രാജകുടുംബമാണു്. കേരളത്തിലെ മുസ്ലീമിങ്ങളുടെ ഇടയിൽ ദേശാഭിമാനവും സംഘടനാബോധവും വളർത്താൻ അവർക്കു കഴിഞ്ഞു. ചരിത്രകാരനായ എഫ്. എസ്സ്. ഡേവിഡിന്റെ ഭാഷയിൽ പറയുകയാണെങ്കിൽ "കളവും ചതിയും നിഷിദ്ധമായി കല്പിയ്ക്കുകയും, സത്യവും സ്നേഹവും മുദ്രാവാക്യമായി അംഗീകരിയ്ക്കുകയും ചെയ്ത മുസ്ലീംരാജാവിന്റെ പ്രശസ്ത പാരമ്പര്യം മറ്റുള്ളവർക്കുകൂടി മാതൃകയായിത്തീർന്നു....."

ഒരു പുതിയ കേരളചരിത്രം നിർമ്മിയ്ക്കുമ്പോൾ ചരിത്രാന്വേഷകന്മാർക്കു് അറയ്ക്കൽ രാജവംശത്തിലെ കൈയെഴുത്തുരേഖകൾ പ്രയോജനപ്പെടും. ഇക്കാലമത്രയും നമ്മുടെ മുൻഗാമികളായ ചരിത്രകാരന്മാർ തുടർന്നുപോന്ന ബഹിഷ്കരണനയം നാമെങ്കിലും ഉപേക്ഷിയ്ക്കണം. ശാസ്ത്രീയവീക്ഷണം ഗവേഷണമാർഗ്ഗത്തിൽ ഉയർന്നുകാണാനാഗ്രഹിയ്ക്കുന്ന പുതൻജനതയുടെ മുമ്പിൽ ഐതിഹ്യങ്ങളുടെ കടലാസ്കോട്ടകൾക്കു് പകരം വസ്തുനിഷ്ഠമായ സത്യത്തിനു പ്രാധാന്യം നൽകണം.

* Hamilton

6. തുളുവും കേരളവും

പൌരാണികകേരളത്തിന്റെ സാംസ്കാരികപ്രബുദ്ധതയെപ്പറ്റി വണ്ണപ്പുകിട്ടേറിയ പല ചിത്രങ്ങളും നമ്മുടെ മുമ്പിൽ നിരത്തിവെച്ചിട്ടുണ്ട്. പ്രസ്തുത ചിത്രങ്ങളുടെ ഭാവാവിഷ്കരണഭംഗിയ്ക്ക് മഹത്തായ ജീവൻ നൽകിയ കേന്ദ്രമതാണെന്നു കണ്ടുപിടിയ്ക്കാൻ ശാസ്ത്രീയമായ ഒരന്വേഷണം നടത്തേണ്ടിയിരിയ്ക്കുന്നു. പ്രാചീന ഇതിഹാസങ്ങളിലും, പുരാണങ്ങളിലും, തദനന്തരം നിർമ്മിതമായ സങ്കല്പചിത്രരേഖകളിലും കേരളത്തിന്റെ ആത്മീയപാരമ്പര്യത്തെപ്പറ്റി പ്രകീർത്തിച്ചുകാണാം. രാമായണത്തിലും, വായുപുരാണത്തിലും, രഘുവംശത്തിലും കേരളം മഹാവിഷയമാണ്. ഋഗ്വേദത്തിന്റെ നിർമ്മാണകാലഘട്ടത്തിലും കേരളം സ്പഷ്ടാവസ്ഥായിട്ടുണ്ട്. ആ കാലഘട്ടങ്ങൾക്കു ശേഷം പരിഷ്കാരങ്ങളുടെ പരിവേഷമണിഞ്ഞു കേരളം പുതിയ രൂപം പൂണ്ടു. എന്നാലും ആദിമനിവാസികളുടെ ജീവിതരീതിയും ആചാരക്രമങ്ങളും ചരിത്രവിജ്ഞാനത്തിന്നു മഹാസംഭാവനകൾ നല്കുന്ന മൂലഘടകങ്ങളാണ്. ഇന്നത്തെ മലയാളിയുടെ പൂർവ്വകാലപ്രാകൃതാവസ്ഥയെക്കുറിച്ചു പഠനം നടത്തുമ്പോൾ തുളുനാടിന്റെ ചരിത്രത്തിലേയ്ക്ക് ശ്രദ്ധതിരിയുന്നതു് ഉപയോഗപ്രദമായിരിയ്ക്കും. തുളുനാടും കേരളവും തമ്മിൽ നൂറാണ്ടുകൾക്കു മുമ്പെ അഭേദ്യമായ സാംസ്കാരികബന്ധം സ്ഥാപിച്ചിട്ടുണ്ട്. തുളുനാടിന്റെ തളർച്ചയും, വളർച്ചയും, ആചാരവും,

ജീവിതരീതികളും കേരളത്തിലെ സാമൂഹ്യക്രമത്തിൽ പ്രതിഫലിച്ചുകാണാം.

കേരളചരിത്രത്തിൽ നാഗന്മാക്ക് അതിപ്രധാനമായ ഒരു സ്ഥാനമുണ്ട്. പ്രാചീനകേരളത്തിന്റെ സാംസ്കാരികമുന്നേറ്റത്തിനു നേതൃത്വം നല്കിയ നാഗപരമ്പരകളുടെ ആചാരാവശിഷ്ടങ്ങൾ ഇന്നും കേരളീയരിൽ കാണാം. "മുൻകുടുമ" കെട്ടി നാഗങ്ങളെ പൂജിയ്ക്കുന്നതിൽ തുളുനാട്ടുകാരും പ്രസിദ്ധരാണ്. വിവാഹം, മരണം തുടങ്ങിയ കാര്യങ്ങളിലും കേരളത്തിന്റെ പ്രാകൃതാചാരങ്ങൾ അവർ അനുഷ്ഠിച്ചുപോരുന്നു. തുളുവിൽ എഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾ—കേരളീയാചാരക്രമങ്ങൾ വ്യക്തമാകുന്നവയാണ്. പുരാതനകേരളത്തിലെ ആദിമനിവാസികളായ ദ്രാവിഡവർഗ്ഗത്തിൽപ്പെട്ട കോലായ്മക്കാരാണ് തുളുനാട്ടുകാരെന്നു എസ്. കെ. അയ്യങ്കാരടക്കമുള്ള ഒരു വിഭാഗം ചരിത്രകാരന്മാർ പ്രസ്താവിച്ചിരിയ്ക്കുന്നു. പ്രസിദ്ധ കണ്ണാടക ചരിത്രകാരനും ആസ്ഥാനകവിയുമായ ശ്രീ: ഗോവിന്ദപ്പൈയുടെ വിശ്വാഭിപ്രായം പ്രസ്തുത കാര്യത്തിലേയ്ക്ക് വെളിച്ചംവീശുന്നതാണ്.

* "ദക്ഷിണകേരളത്തിലെ മുക്കുവന്മാരെ "പംഗന്മാർ" എന്നു വിളിയ്ക്കുന്നുണ്ട്. തുളുവിലെ "ശംഖനൂർ" നിവാസികളും പംഗന്മാരാകാനാണ് മാർഗ്ഗം കാണുന്നത്. തുളുനാട്ടിലെ മഞ്ചേശ്വരത്തിനു "സംഗമലെ" എന്നു പേരുണ്ട്. ഈ നാട്ടിലെ ജനങ്ങളുടെ ജീവിതരീതിയിലും കേരളീയസാമ്യം കാണുന്നു. നാഗന്മാർ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന പ്രാചീനകേരളനിവാസികളും ഉത്തരകണ്ണാടകജില്ലയിലെ ഗോകർണ്ണക്ഷേത്രത്തിനു സമീ

* ഗോവിന്ദപ്പൈയുടെ കണ്ണാടകസാഹിത്യചരിത്രം

പം കൂടിയേറിപ്പാത്തതായി ജീമൂതവാഹനകഥയിൽ കാണാം. "തുളുക്കാർ" എന്ന പേരിൽ തമിഴരും ഗുജറാത്തികളും മലവർഗ്ഗക്കാരെ വിളിച്ചിരുന്നതായി രാമചന്ദ്രദീക്ഷിതർ അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ പറയുമ്പോൾ കർണ്ണാടകരാജാവിന്റെ ചരിത്രകാരനായിരുന്ന ഹർഷരി "മുഗേരർ" എന്നാണ് സംബോധനചെയ്യുന്നതു്. പശ്ചിമതീരത്തു് അധിവസിച്ചിരുന്നവരെ "മുഗേർസ്" എന്നു അറബിസഞ്ചാരികളും വിളിച്ചിരുന്നു. ഈ മുഗേരർ സംജ്ഞയ്ക്കു് പിൻബലം നല്കുന്ന ഒരു പദ്യം ഹരിവംശം വിഷ്ണുപർവ്വത്തിൽ കാണാം.

"ഹരിതോപി സമുദ്രസ്യ
ദ്വീപം സമഭി പാലയൻ
തസ്യാശാ ജലമഗ്നാ
മുദ്ഗരാ നാമവിശ്രുതാ
യേ ഹരന്തി സദാ ശംഖാൻ
സമുദ്രോദരചാരിണം"

സമുദ്രദ്വീപം എന്ന രാജ്യം ഭരിച്ചിരുന്ന ഹരിതരാജാവിന്റെ പ്രജകളും സമുദ്രാന്തർഭാഗത്തു് മുങ്ങിത്തപ്പി ശംഖുകളും ശേഖരിച്ചു് കാലയാപനം ചെയ്തിരുന്നു. മുദ്ഗരരായ മുങ്ങിത്തപ്പുകാർ ലോഭിച്ചു് "മുഗേരർ" ആയെന്നാണു് വിഷ്ണുപർവ്വവ്യാഖ്യാതാവായ ശ്രീ: നീലകണ്ഠശാസ്ത്രികളും അഭിപ്രായപ്പെടുന്നതു്. ഗോവിന്ദനെ സൂചിപ്പിച്ച മുക്കുവന്മാരുടെ ബന്ധവും ഇതു് വെളിപ്പെടുത്തുന്നു. പടിഞ്ഞാറൻ കരയിലെ ആദിമവർഗ്ഗക്കാരുടെ പിൻഗാമികളുതന്നെയാണു് ഇന്നത്തെ തുളുനാട്ടുകാരെന്നു അനുമാനിക്കുവാൻ പറയാം.

തുളുനാടിന്റെ പ്രശസ്തി ക്രി: ആറും ഏഴും നൂറ്റാണ്ടുകളിൽ ഇന്ത്യയ്ക്കു പുറത്തു് എത്തിയിരുന്നു. ടോളമിയും പ്ലിനിയും ഈ രാജ്യത്തെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ടു്. രംഗമ, ആളുക, ശാന്തിക എന്നീ പേരുകളും തുളുനാടിനുണ്ടു്. പുലികേശൻറേയും മാലൂക്യവംശജരായ മംഗലേശൻറേയും രേഖകളിലും സമ്പൽസമൃദ്ധിയുള്ള രാജ്യമെന്ന അർത്ഥത്തിലാണു് തുളുനാടിനു പ്രാധാന്യം നൽകിയതു്. "തുലൂക്കാബാദ്" എന്നു തുളുനാടിനെ അറബികൾ സംബോധനചെയ്യുന്നു."

* "മലബാറിന്റെ സമീപപ്രദേശമായ തുലൂക്കാബാദിൽ വിലകൂടിയ ഉല്പന്നങ്ങളുണ്ടു്. ഏലക്കായ്, ജാതിപത്രി, അടയ്ക്ക, കുരുമുളകു് എന്നിവ ഇവിടെ സമൃദ്ധിയായി ഉണ്ടാകുന്നു. ബിലാദുൽ ഫുൽ ഫുൽ (കുരുമുളകിന്റെ നാടു്) മഅ്ദനെ തൽബുൽ (വെറ്റിലയുടെ കേന്ദ്രം) എന്നെല്ലാം പേരുകേട്ട മലബാറിന്റെ ഒരു ഭാഗംതന്നെയാണിതു്. സുഖവാസസ്ഥലമായി ഇവിടം കരുതുന്നു പുറം രാജാക്കന്മാരുടെ സ്വാധീനശക്തി ഈ നാട്ടിൽ കാണാം. മലബാർകരയിലെ ജനങ്ങളുടെ ആചാരക്രമങ്ങൾ ഇവർ അനുഷ്ഠിയ്ക്കുന്നു. വ്യാപാരഭാഷയായ തുളുവിൽ ഗ്രന്ഥങ്ങൾ കുറവാണു്. എല്ലാ ഭാഷകളുടേയും കലവ്വാണു് തുളു. ജനങ്ങൾ ശാന്തരും പ്രയത്നശാലികളും ആണു്. നാഗപട്ടണത്തിൽനിന്നും, ആസ്സാമിൽനിന്നും കുടിയേറിപ്പാർത്തവരേയും കാണാം" മറ്റൊരു സഞ്ചാരിയുടെ വിവരണം ഇങ്ങിനെയാണു് :—

"കേരളത്തിന്റെ പർവ്വതനിരകളെ ഉരുമ്മിക്കിടക്കുന്ന മനോഹരങ്ങളായ പ്രദേശങ്ങൾ എന്നെ ആകർഷിച്ചു. വ്യവസായതല്പരർ താവളമടിച്ചിരിയ്ക്കുന്ന തുല്ലൂടു് (തുളുനാടു്) വിഭവങ്ങളുടെ കലവറയാണു്. ജനങ്ങൾ പ്രായേ

* Mohammedan India—Persian Text 2

ണ അപരിഷ്കൃതരാണെങ്കിലും കച്ചവടത്തിൽ അവക്കു് ശ്രദ്ധയുണ്ടു്. നാടൻജീവിതത്തിൽ അവരുടെ പ്രാകൃത വാസനകളും നിഴലിച്ചുനില്ക്കുന്നു. കേരളത്തിൽനിന്നു വിട്ടുപിരിഞ്ഞുപോന്ന ഒരു വിഭാഗം ആളുകളുടെ രാജ്യമാണിതു്. ഇവക്കു് പച്ചത്തത്തിൽ സ്ഥിതിചെയ്യുന്ന ഏതോ ഒരു ദൈവമുണ്ടു്. സ്നേഹമുള്ള ഒരു രാജാവും. കേരളക്കരയിലെ അനുഭവങ്ങളെത്തന്നെയാണിവിടേയും ഉണ്ടാകുന്നതു്. വെറിലക്ഷ്മിയ്ക്കു് ഈ രാജ്യം പ്രസിദ്ധമാണു്. മറ്റെല്ലാ വനോല്പന്നങ്ങളും ഇവിടെ ലഭിയ്ക്കുന്നു. വിവിധങ്ങളായ കാഴ്ചപ്പാടുകളിലൂടേയാണു് സഞ്ചാരികൾ തുളുനാടിനെ കാണുന്നതു്. "തുളു" എന്നതിന്റെ ഉല്പത്തിസ്ഥാനത്തെപ്പറ്റി ഭാഷാശാസ്ത്രജ്ഞന്മാർ ഇന്നും വിവിധാഭിപ്രായക്കാരാണു്. "തുളുബൻ പെരുമാളു"ടെ സ്മരണയ്ക്കുവേണ്ടിയാണിപ്പേരിട്ടതെന്നു ചിലർ വാദിയ്ക്കുന്നു. പെരുമാളുടെ സുഖവാസകേന്ദ്രമായി വളരെക്കാലം പരിലസിച്ചിരുന്ന തുളുനാടിനു് അതുകൊണ്ടാണു് ഈ പേരുണ്ടായതു്. ബ്രാഹ്മണപുരോഹിതനു് സൌജന്യമായി ലഭിച്ച നാടാണിതെന്നു് ഐതിഹ്യമുണ്ടു്. പാപപരിഹാരാർത്ഥം രോഹിലകണ്ണത്തിൽനിന്നു വന്ന ഒരു ബ്രാഹ്മണൻ "കടംബകുല"വംശജനായ രാമഭോജൻ രാജാവിനു സ്വർണ്ണതുലാഭാരം നടത്തി. ഈ തുലാഭാരത്തോടുകൂടി "തൌളവബ്രാഹ്മണൻ" എന്ന പേരദ്ദേഹത്തിനു ലഭിച്ചു. * ഇങ്ങനെ "തൌളവ" തുളുവായെന്നാണു് ഒരു കൂട്ടരുടെ വാദം. കേരളചരിത്രനിർമ്മാണത്തിനായി പരിശ്രമിച്ചവരിൽ ശിലാലേഖനങ്ങളും പരിശോധിച്ചവരുണ്ടു്. "ആളുവഖേട" എന്ന ശിലാരേഖ കണ്ടപ്പോൾ ആളുവാദേശമെന്നാണു് അവർ പകത്തിയതു്. പക്ഷെ "സപ്തകൊങ്കർണ്ണ"യിൽ "ആളുവാഖേട"യ്ക്കു് തുളുനാടെന്നാണർത്ഥം. ആഠംവാർ എന്ന ഗ്രാ

* ആഠംവാർകുലം : ഉപാദ്ധ്യായ.

മക്കാരുടെ ആധിപത്യമുള്ള രാജ്യമെന്നും ആഠംവാരികളായ തമിഴരുടെ കടിയേറാസ്ഥലമെന്നും വ്യാഖ്യാനിയ്ക്കപ്പെടുന്നു. വടക്കൻകണ്ണാടകത്തിന്റെ അതിർത്തിപ്രദേശമായ തുളുനാട് സ്വതന്ത്രരാജ്യമായിരുന്നു. പോർത്തുഗീസ്സുകാർ "കെനറ" എന്ന പേരു നൽകിയതോടെ തുളുനാടിന്റെ കേരളീയപ്രതാപം ക്ഷയിച്ചു. വളച്ചുപ്രാപിച്ചിട്ടില്ലാത്ത തുളുഭാഷയുടെ മുകളിൽ കണ്ണാടകക്കാരും ബങ്കരാജാവും അമിതമായ സ്വാധീനം ചെലുത്തി. കണ്ണാടകഭാഷയുടെ പുരോഗതിയുടെ ചരിത്രം വിവരിയ്ക്കുമ്പോൾ ശ്രീ: എസ്സ്. സാമുവൽ വ്യക്തമായി ഈ കാര്യം ചൂണ്ടിക്കാട്ടുന്നു. മലയാളക്കരയുമായി രക്തബന്ധമുള്ള തുളുനാടൻ സഹോദരിയെപ്പറ്റി കഥകൾ വളരെയധികമുണ്ട്. കണ്ണാടകസാഹിത്യകാരനായ ശ്രീ: ഹരിഹരൻ "ഇതു് തുളുമലയാളദേശഗണത്തൊത്തി" എന്നു പ്രത്യേകം എടുത്തുപറയുന്നു. മലയാളക്കരയുടെ തൊട്ടടുത്ത സഹോദരിയാണ് തുളുനാടെന്നാണിതിന്റെ അർത്ഥം. തുളുഭാഷയിലെ അക്ഷരമാലയ്ക്ക് മലയാളത്തിനോടാണ് സാമ്യം. മലയാളത്തിലെ ഏതാനും അക്ഷരങ്ങൾ മാത്രം ശിലാലേഖനങ്ങളിൽ കാണുന്നില്ലെന്നേയുള്ളൂ. ഓലെഴുത്തുകാലത്തെ ആ പ്രാകൃതരൂപം തുളുശിലാലിഖിതങ്ങളിൽ കാണാം. കണ്ണാടകഭാഷാസാഹിത്യചരിത്രം നിർമ്മിയ്ക്കുന്നവർ തുളുഭാഷയുടെ പൌരാണികപാരമ്പര്യത്തെ തുടച്ചുനീക്കിക്കൊണ്ടിരിയ്ക്കുകയാണ്. കണ്ണാടകസാഹിത്യപുരോഗതിയുടെ ചരിത്രം ആരംഭിയ്ക്കുന്നതുതന്നെ തുളുവിലെ കേരളീയച്ഛായ കലർന്ന നാടൻപാട്ടുകളിൽനിന്നാണെന്ന യാഥാർത്ഥ്യം അവർ വിസ്മരിയ്ക്കുകയാണ്.

കേരളത്തിലെ ധീരകഥാപാത്രങ്ങളായ തച്ചോളി ഒതേനനും ഉണ്ണിയാർച്ചയും തുളുനാട്ടുകാർക്ക് സുപരിചിതരാ

ണ്ട്. വിരസാഹസികതയുടെ മമ്മസ്സുക്കായ കഥകൾ പറയുന്ന പ്രസ്തുത കഥാപാത്രങ്ങളെപ്പറ്റി നാടോടിഗാനങ്ങൾ തുളുവിലുണ്ട്. മറാത്തി, കൊങ്കിണി, കണ്ണാടകം എന്നീ ഭാഷകളും തുളുനാട്ടിലെ സംസാരഭാഷയാണ്. കണ്ണാടകം ഔദ്യോഗികഭാഷയായിത്തീരാൻ പരിശ്രമിച്ചവരിൽ ബ്രിട്ടീഷ് ഭരണകാലത്തെ വിദ്യാഭ്യാസവിദഗ്ധന്മാരുൾക്കൊള്ളുന്നു "ദ്രാവിഡഭാഷകളുടെ ഉൾപിരിവുകളിൽപെട്ടതല്ലെങ്കിലും സ്വന്തമായ ഒരു ലിപിയുള്ള ഭാഷയാണ് തുളു. ഇത്തരം പ്രമാണം ഇല്ലാത്ത ഭാഷകളുടെ പൂർവ്വകാലചരിത്രത്തിലേയ്ക്ക് കണ്ണോടിച്ചാൽ രാജ്യഖണ്ഡങ്ങളുടേയും സാമൂഹ്യജീവിതത്തിന്റേയും ചിത്രങ്ങൾ കണ്ടുപിടിയ്ക്കാം. തുളുനാടിന്റെ ശബ്ദം അയൽപ്രദേശങ്ങളുടെ ചെവിയിലെത്തുന്നില്ല. കേരളചരിത്രനിർമ്മാണത്തിനുപയുക്തമായ രേഖകൾ പ്രാചീനതുളുഭാഷയിൽനിന്നു ലഭിയ്ക്കുന്നതാണ്. മലയാളത്തിന്റെ മണം കലർന്ന തുളുനാടൻ സംസ്കാരം നിറം മങ്ങിത്തുടങ്ങിയിരിയ്ക്കുന്നു. മലയാളഭാഷയുടെ ഉല്പത്തിയെപറ്റിയും രാജവാഴ്ചകാലത്തെ ശിലാശാസനങ്ങളെപറ്റിയും ഗവേഷണം നടത്തുന്നവർ തുളുവിനെ മറക്കരുതു്. ചരിത്രഗവേഷകന്മാർക്ക് വിലപ്പിടിപ്പുള്ള രേഖകൾ തുളുവിൽനിന്നു ലഭിയ്ക്കും. നമ്മുടെ ഭാഷാപടങ്ങളിൽ നല്ലൊരു ഭാഗം തുളുവുമായി കെട്ടുപിണഞ്ഞാണ് കിടക്കുന്നതു്. പുറത്തുവന്നിട്ടുള്ള ഭാഷാസാഹിത്യചരിത്രഗ്രന്ഥങ്ങളിലും തുളുനാടിനേയും അവരുടെ ഭാഷയേയും അവഗണിച്ചിരിയ്ക്കുകയാണ്. കണ്ണാടകക്കാരും തമിഴരും അവഗണിയ്ക്കുന്നതോടൊപ്പം കേരളവും അവഗണിയ്ക്കുന്നതു് നിതിയായിരിയ്ക്കുകയില്ല. കേരളചരിത്രത്തിന്റെ വസ്തുനിഷ്ഠമായ നിർമ്മാണശ്രമത്തിൽ തുളുനാടിനു മഹത്തായ പങ്കുവഹിയ്ക്കാനുണ്ട്.

7. പോർത്തുഗീസ്സാക്രമണം

പോർത്തുഗീസ്സുകാർ ആദ്യമായി കേരളക്കരയിൽ വന്നതു് 1498 മെയ് 7-ാംനു- കോഴിക്കോട്ടു് സമീപമുള്ള കാപ്പാട്ടു് എന്ന പ്രദേശത്താണു്. ഇന്ത്യയും യൂറോപ്പുമായുള്ള വ്യാപാരസമ്പർക്കത്തെത്തുടർന്നാണു് വാസ്കോഡിഗാമ കേരളക്കരയിൽ എത്തിയതു്. സാമൂതിരിയുടെ ഉദ്യോഗസ്ഥന്മാരുമായി സന്ദേശങ്ങൾ കൈമാറുകയും സൌഹാർദ്ദപരമായ ഒരു നില അംഗീകരിയ്ക്കുകയും ചെയ്തതോടുകൂടി പന്തലായിനിയിൽ താവളമുറപ്പിച്ചു. ഇവരുടെ ആഗമനം കേരളക്കരയിലെ അന്നത്തെ മുസ്ലീമിങ്ങളുടെ വ്യാപാരത്തേയും നിലനില്പിനേയും ബാധിയ്ക്കുമെന്നു അവർ ആദ്യമേ കണ്ടു. നാട്ടിലെ ആഭ്യന്തരകാര്യങ്ങൾ ഗ്രഹിയ്ക്കുവാനായി അവർ കുറച്ചു മാസങ്ങൾ അവിടെ താമസിച്ചു. വ്യാപാരസാധനങ്ങളുടെ മേൽ ചുങ്കം ചുമത്തുന്ന വ്യവസ്ഥയിലുള്ള തർക്കത്തിൽ സാമൂതിരിയുമായവർ തെറ്റിപിരിഞ്ഞു. 1498 ആഗസ്റ്റ് 29-ാംനു- കോഴിക്കോട്ടുനിന്നു കണ്ണൂരിലെത്തി. സാമൂതിരിയുടെ വിരോധിയായ കോലത്തിരിരാജാവ് അവർക്കു വേണ്ടവിധത്തിലുള്ള സഹായങ്ങൾ ചെയ്തു. കണ്ണൂരിൽനിന്നവർ നവമ്പർ 20-ാംനു- ആഞ്ജലീദിപിലേയ്ക്കു പോയി.

രണ്ടു സംവത്സരങ്ങൾക്കുശേഷം 1500-ൽ അവർ ഒരു വ്യാപാരസംഘമെന്ന നിലയിൽ കോഴിക്കോട്ടിറങ്ങി. സാമൂതിരിയുടെ കടൽസംബന്ധമായ അധികാരങ്ങളിൽ

അവർ കൈകടത്തുകയും അവരുടെ അനുവാദമില്ലാതെ പോകുന്ന കച്ചവടക്കപ്പലുകളെ അവർ കൊള്ളയടിയ്ക്കുകയും നശിപ്പിയ്ക്കുകയും ചെയ്തു. എതിർപക്ഷം വ്യാപാരസംബന്ധമായ മത്സരത്തിനു തയ്യാറായിരുന്നു. പക്ഷേ പോർത്തുഗീസ്സുകാർ അതിനു തയ്യാറുണ്ടായില്ല. അവർ അറേബ്യൻകപ്പലുകളെ കൊള്ളയടിയ്ക്കാനായി സംഘടിതശ്രമം നടത്തി. ഇവരുടെ ഈ പ്രവർത്തിയിൽ ക്ഷുഭിതരായ ജനങ്ങൾ പോർത്തുഗീസ്സുകാരുടെ കോഴിക്കോട്ടുള്ള കോട്ട ആക്രമിച്ചു് വളരെ അധികം പേരെ മുറിവേല്പിയ്ക്കുകയും ചെയ്തു. കോഴിക്കോട്ടുനിന്നു് പലായനംചെയ്ത പോർത്തുഗീസ്സുകാർ നേരിട്ടു കൊച്ചിയിൽ വരികയും കൊച്ചിയിലെ രാജാവുമായി ഒരു ഉടമ്പടിയുണ്ടാക്കുകയും ആ ഉടമ്പടിയുടെ വെളിച്ചത്തിൽ അവർ അവരുടെ ആദ്യത്തെ കോട്ട കൊച്ചിയിൽ പണിയുകയും ചെയ്തു.

തദനന്തരം കണ്ണൂരിലും അവർ ഒരു കോട്ട പണിതു. അതോടുകൂടി അവർ വീണ്ടും പോർച്ചുഗലിലേയ്ക്കു മടങ്ങി. വ്യവസായതല്പരരായ അവർ വാസ്കോഡിഗാമയുടെ നേതൃത്വത്തിൽ വീണ്ടും കേരളത്തിൽ എത്തി. രണ്ടാമത്തെ ആഗമനത്തിന്റെ ലക്ഷ്യം ആക്രമണമായിരുന്നു. ഈ യാത്രയുടെ മദ്ധ്യത്തിൽ കോഴിക്കോട്ടിലെ ഖാജാകാസിമിന്റെ സഹോദരന്റെ ഒരു കപ്പൽ മെക്കയിൽനിന്നു മടങ്ങിവരുംവഴി കൊള്ളയടിയ്ക്കുകയും കപ്പലിനു തീ കൊടുത്തു് അതിലുള്ളവരെ വധിയ്ക്കുകയും ചെയ്തു. സൌഹാർദ്ദം സന്ധിയ്ക്കു സാമൂതിരി തയ്യാറായിരുന്നെങ്കിലും—മുസ്ലീമിങ്ങളെ പട്ടണത്തിൽനിന്നു നിഷ്കാസനംചെയ്യണമെന്ന ഗാമയുടെ ആജ്ഞയെ അദ്ദേഹം തിരസ്കരിച്ചു. അതുകാരണം പോർത്തുഗീസ്സുകാർ കോഴിക്കോട്ടു പട്ടണത്തെ ആ

ക്രമിച്ചു. ഇവരുടെ ക്രൂരപ്രവർത്തികളിൽ ക്ഷുഭിതനായ സാമൂതിരി പോർത്തുഗീസ്സ്കാരെ പരാജയപ്പെടുത്താൻ വിപുലമായ സന്നാഹങ്ങൾ ചെയ്തു. ഒരു വലിയ നാവികപട ഖാജാകാസിമിന്റെ കീഴിൽ തയ്യാറാക്കി. യുദ്ധമുന്നണിയിൽ ഏറ്റുമുട്ടുന്നതിനു പകരം ഗാമ താൻ കൊള്ളയടിച്ച ധനവുമായി സ്വയം രക്ഷപ്പെടുകയാണുണ്ടായത്. ഗാമയുടെ കൊള്ളയും കൊള്ളിവെപ്പും നാട്ടിലുടനീളം വിഷമങ്ങൾ വളർത്തി.

കൊച്ചിയ്ക്കുനേരെയുള്ള ആക്രമണങ്ങളെ നേരിടാൻ വളരെയേറെ സൈകര്യമുണ്ടായിരുന്ന ഒരു തുറമുഖമായിരുന്നു അന്നു കൊടുങ്ങല്ലൂർ. സാമൂതിരിയുടെ പട്ടാളനായകനായ മമ്മാലി ഈ തുറമുഖമാണ് ആക്രമണത്തിനെതിരായി സുരക്ഷിതാവസ്ഥയുണ്ടാക്കുവാൻ തിരഞ്ഞെടുത്തത്. കൊച്ചിരാജാവ് ഈ സംരംഭം ഗ്രഹിച്ച ഉടനെ പോർത്തുഗീസ്സ്കാരെ അറിയിച്ചു. പോർത്തുഗീസ്സ്കാർ സാമൂതിരിയുടെ സൈന്യവുമായി ഏറ്റുമുട്ടി. ആ യുദ്ധത്തിൽ മമ്മാലിയും അദ്ദേഹത്തിന്റെ രണ്ടു പുത്രന്മാരും വളരെ അധികം അനുചരന്മാരും വധിയ്ക്കപ്പെട്ടു. പോർത്തുഗീസ്സ്കാരുമായി വീണ്ടും ഒരു യുദ്ധം ചെയ്യുവാനും അവരെ തോല്പിയ്ക്കുവാനുമായുള്ള ഒരു സന്നാഹം അവർ തയ്യാറാക്കിയിരുന്നില്ല. പക്ഷെ കെയ്റോവിലേയ്ക്കും, മെക്കയിലേയ്ക്കും യാത്രപോകുവാനുള്ള 17 കപ്പലുകൾ മുസ്ലിമിങ്ങൾ പന്തലായിനിയിൽ തയ്യാറുചെയ്തു. അവിടെവെച്ചു പോർത്തുഗീസ്സ്കാരുടെ സുശക്തമായ സൈന്യവുമായി മുസ്ലീംസേനാവിഭാഗം സുധീരം പൊരുതി. ഈ യുദ്ധത്തിൽ വലിയ ആൾനാശമാണ് മുസ്ലിമിങ്ങൾക്കുണ്ടായത്.

സാമൂതിരി സഹായത്തിനായി ഗുജറാത്തിലെ സുൽത്താനായ മുഹമ്മദുഷാ ഒന്നാമനോടപേക്ഷിച്ചു. (1453–1511) മുഹമ്മദുഷായ്ക്ക് തക്കസമയത്തു സഹായംചെയ്യാൻ കഴിഞ്ഞില്ല. മരക്കാർ മുഖേന ഈജിപ്ത് രാജാവിനോട് സാമൂതിരി സഹായത്തിനാവശ്യപ്പെട്ടു. ഈജിപ്ത് ഭരിച്ചിരുന്ന അന്നത്തെ ഭരണാധികാരി ഖൻസൽഖവാരിയായിരുന്നു. (1501–1516) ഖവാരി തന്റെ മന്ത്രിമാരിൽ ഒരാളായ ഹുസൈയിന്റെ കീഴിൽ 13 കപ്പലുകളും നിറയെ സൈന്യത്തെ അയച്ചു. അവർ ആദ്യം ഗുജറാത്തിലെ 'ഡ്യൂ' തുറമുഖത്തെത്തി. അവിടത്തെ ഖാസിമാലിക് ഇയാസും അദ്ദേഹത്തിന്റെ സഹോദരനായി പുറപ്പെട്ടു. പോർത്തുഗീസ്കാരുമായി അവർ ഏറ്റുമുട്ടി. ഈ യുദ്ധം വിജയിച്ചതിനുശേഷം അവർ ഗുജറാത്തിലേയ്ക്കു മടങ്ങി. മഴക്കാലമായതുകൊണ്ടു തുടർന്നു യാത്രചെയ്യാൻ കഴിഞ്ഞില്ല. മലബാറിൽനിന്നും സാമൂതിരിയുടെ സൈന്യം ഡ്യൂ ദ്വീപിലെത്തി. ഈ വിവരമറിഞ്ഞ പോർത്തുഗീസ്കാർ ആകസ്മികമായി അമീർഹുസൈനെ ആക്രമിച്ചു പരാജയപ്പെടുത്തി. പോർത്തുഗീസ്കാർ കൊച്ചിയിലേയ്ക്കു മടങ്ങുകയും ചെയ്തു. ഭഗ്നാശയനായ അമീർഹുസൈൻ ഈജിപ്തിലേയ്ക്കു തിരിയെ പോയി. കുപിതനായ ഖവാരി വീണ്ടും 22 വലിയ കപ്പലുകളും ആവശ്യമുള്ള യോദ്ധാക്കളും കൂടി അമീർസുലൈമാന്റെ നേതൃത്വത്തിൽ പോർത്തുഗീസ്കാരോട് പ്രതികാരംചെയ്യുവാൻ തയ്യാറായി. ഈ സംരംഭത്തിൽ അമീർഹുസൈനും പങ്കെടുത്തിരുന്നു. ഈ യാത്രയിൽ ജിദ്ദാതുറമുഖത്തിന്നടുത്തുവെച്ച് മിലപട്ടണങ്ങൾ കൊള്ളയടിയ്ക്കുകയും അമീർസുലൈമാനും അമീർഹുസൈനും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുകയും

അവർ അന്യോന്യം പിരിയുകയും ചെയ്തു. അമീർഹുസൈനെ ഹിജാസിലെ സുൽത്താൻ പിടിച്ചു കടലിൽ താഴ്ത്തുകയും ചെയ്തു. ടക്കിയിലെ രാജാവും ഖവാരിയുമായി (1516) യുദ്ധമുണ്ടാകുകയും ഖവാരി കൊല്ലപ്പെടുകയുമുണ്ടായി. ഇതുകാരണം മലബാറിലേയ്ക്കുള്ള യാത്ര നിർത്തിവെയ്ക്കപ്പെട്ടു. 1519 വരെ സുൽത്താൻ സലീംഷായുടെ കീഴിൽ ഈജിപ്ത് നിലനിന്നു.

1507-ൽ പോത്തുഗീസ്സ്കാർ പൊന്നാനി ആക്രമിച്ചപ്പോൾ സാമൂതിരിയുടെ പൂവ്വികനാവികസേനാനായകനായ കുഞ്ഞാലിമരക്കാർ തന്റെ സൈന്യസങ്കേതം കോട്ടയ്ക്കലേയ്ക്കു മാറ്റി. അവിടത്തെ കപ്പലുകൾ നശിപ്പിയ്ക്കുകയും 70 മുസ്ലിമുകളെ രക്തസാക്ഷികളാക്കുകയും ചെയ്തു. 1510 ജനുവരി 3-ാംനു പോത്തുഗീസ്സ്കാർ സാമൂതിരി ഇല്ലാത്ത സമയത്തു് കോഴിക്കോട്ടിറങ്ങി കോട്ടയും പണവും കൊള്ളയടിച്ചു. കോഴിക്കോട്ട് കൊള്ളയടിച്ചപ്പോൾ നഹ്ദമിദ്ഖാൽപള്ളി കത്തിയ്ക്കുകയും മറ്റു പ്രധാന ദേവാലയങ്ങൾ നശിപ്പിയ്ക്കുകയുമുണ്ടായി. (നഹ്ദ—നാവികസേനാനി) ഒരു വലിയ വ്യക്തിപ്രമാണിയും സേനാനിയും ആയ നഹ്ദയാണ് ഈ പള്ളി പണിചെയ്യിച്ചതു്.

പോത്തുഗീസ്സ്കാർ കൊച്ചിയിലും കണ്ണൂരിലും അവരുടെ നില ശരിയ്ക്കുറപ്പിച്ചശേഷം കൊല്ലം രാജാവുമായി ഒരു സന്ധിയുണ്ടാക്കി. വളരെ അധികം കുരുമുളക് ലഭിയ്ക്കുന്ന തെക്കൻനാടുകളുമായി ബന്ധം പുലർത്തുവാനാണ് ഈ സന്ധി വഴി പ്ലാനിട്ടതു്. തദനന്തരം പോത്തുഗീസ്സ് കാർ (1510 മാർച്ച് 15-ാംനു) ഗോവ പിടിച്ചടക്കി. ബീജാപ്പൂർ സുൽത്താൻ ഇസ്മായിൽ ആദിൽഷാ രണ്ടു മാസത്തിനുശേഷം ഗോവ മടക്കിപ്പിടിയ്ക്കുകയും, പക്ഷേ വീണ്ടും

പോർത്തുഗീസ്സുകാർതന്നെ ഗോവയെ കീഴടക്കുകയും ചെയ്തു. ഗോവയുടെ ആധിപത്യം കൈവന്നതോടുകൂടി പടിഞ്ഞാറൻതീരങ്ങളുമായുള്ള വ്യാപാരബന്ധം വളർത്താൻ പോർത്തുഗീസ്സുകാർക്ക് സാധിച്ചു. പോർത്തുഗീസ്സുകാരുടെ ആക്രമണപ്രവർത്തനങ്ങൾ നാൾക്കുനാൾ വളർന്നുവന്നു. മുസ്ലീം ബഹുജനങ്ങളുടെ സാമൂഹ്യവും, സാംസ്കാരികവും, വ്യാപാരപരവുമായ എല്ലാ വഴികളിലും പോർത്തുഗീസ്സുകാർ പ്രതിബന്ധങ്ങൾ സൃഷ്ടിച്ചു. മുസ്ലീംസ്ത്രീകളെ മാനഭംഗപ്പെടുത്തുവാനും, അവരുടെ വിശ്വാസങ്ങളെയും, ആചാരങ്ങളെയും മായിട്ടിമെതിയ്ക്കുവാനും, അവരെ അടിമകളാക്കിവെയ്ക്കാനും, നീചമായും ക്രൂരമായും അവരെ മർദ്ദിയ്ക്കുവാനും പോർത്തുഗീസ്സ് ഭരണാധികാരികൾ മടിച്ചില്ല. മുസ്ലീംദേവാലയങ്ങൾ നശിപ്പിയ്ക്കുക, മുസ്ലീമിങ്ങളുടെ പൊതുസ്വത്ത് അപഹരിയ്ക്കുക, തൊഴിൽപരമായ മാർഗ്ഗങ്ങൾ തടയുക, ഹജ്ജ് തീർത്ഥയാത്രക്കാരെ തടയുക, രാത്രിയിലും പകലും കരുതലോടെ മുസ്ലീംബഹുജനങ്ങളെ പെട്ടെന്നാക്രമിയ്ക്കുക ഇതെല്ലാം ഇവരുടെ പ്രവർത്തനങ്ങളിൽപ്പെട്ടിരുന്നു. മനുഷ്യോചിതമല്ലാത്ത ക്രൂരപ്രവർത്തികൾ മുസ്ലീമിങ്ങളോട് ചെയ്യാൻ ഒരിയ്ക്കലും മടികാണിച്ചിട്ടില്ലാത്ത പാശ്ചാത്യവർഗ്ഗമായിരുന്നു പോർത്തുഗീസ്സുകാർ. നിരന്തരമുള്ള ആക്രമവും മർദ്ദനവും മുസ്ലീംജനസമുദായത്തെ പലവിധത്തിലും അധഃപതിപ്പിച്ചു. അവരുടെ വിഷമകരങ്ങളായ ചുറുപാടുകൾ അവരെ ലജ്ജിപ്പിച്ചു. കൊലയാളികളും കൊള്ളക്കാരുമായ പോർത്തുഗീസ്സുകാരോട് പകരം ചോദിയ്ക്കാനുള്ള ശക്തി വീണ്ടെടുക്കാൻ അവർ തയ്യാറായി. മലബാർ, ഗുജറാത്ത് മുതലായ പ്രധാന സ്ഥലങ്ങളിൽ നിന്നു മുസ്ലീം കച്ചവടക്കപ്പലുകളെ ആക്രമിച്ചു കീഴടക്കി

കൊള്ളയടിച്ച് മുസ്ലീംബഹുജനങ്ങളെ നിർബ്ബന്ധപരിവ
ത്തനം ചെയ്യിപ്പിയ്ക്കുകയായിരുന്നു പോത്തുഗീസ്സ്കാരുടെ
അവസാനഅടവ്. ഈ മർദ്ദനമനോഭാവം മുസ്ലീമിങ്ങളെ
സംഘടിതരും സമരസന്നദ്ധരുമാക്കുകയും ചെയ്തു. കൊ
ച്ചിയിൽ സൈ്വരമായി വസിയ്ക്കുന്ന മുസ്ലീമിങ്ങളെ തുര
ത്തുവാൻ കൊച്ചിരാജാവിനോടവർ ആവശ്യപ്പെട്ടു.

മുസ്ലീമിങ്ങളെ ആക്രമിയ്ക്കുവാൻ സദാ ഉത്സുകരായ
പോത്തുഗീസ്സ്കാർ കൊല്ലത്തുവെച്ച് അവരുടെ ആ കൃ
ത്യത്തിപ്രവൃത്തി നില്ക്കോടം നിർവ്വഹിച്ചു. ഈ അനുഭവ
ങ്ങളിൽനിന്നൊക്കെയും പോത്തുഗീസ്സ്കാക്കെതിരായി സാമൂ
തിരിവംശവും കേരളമുസ്ലീമിങ്ങളും ഐക്യബന്ധം സ്ഥാ
പിച്ചുപോന്നു. 1524-ൽ കുട്ടിആലിമരക്കാരുടെ നേതൃ
ത്വത്തിൽ പോത്തുഗീസ്സ്കാരുടെ ഒരു കപ്പൽ സൈന്യ
ത്തെ മുസ്ലീമിങ്ങൾ ആക്രമിച്ചു കീഴടക്കി. കൂടെക്കൂടെയു
ള്ള പോത്തുഗീസ്സാക്രമണങ്ങളുണ്ടായിട്ടും മുസ്ലീമിങ്ങൾ ധീ
രോചിതമായി ആക്രമണത്തിനെതിരായി കാൽപതറാ
തെനിന്നുകൊണ്ട് കേരളവുമായുള്ള സൌഹാർദ്ദബന്ധം കാ
ത്തുരക്ഷിച്ചുകൊണ്ടിരുന്നു. ഇതിനിടയ്ക്കു 1524 (ഹി: 930)
കൊടുങ്ങല്ലൂർവെച്ച് ജൂതന്മാരും മുസ്ലിമിങ്ങളും തമ്മിൽ ഒരു
ഭിന്നിപ്പുണ്ടാക്കുകയും, ആ അഭ്യന്തരകലാപത്തിൽ ജൂത
ന്മാർ ഒരു മുസ്ലിമിനെ വധിയ്ക്കുകയും, ജൂതന്മാരോടു പകരം
ചോദിയ്ക്കുവാൻ മുസ്ലിമിങ്ങൾ അയൽദേശങ്ങളിലുള്ള മുസ്ലീം
ജനതയുടെ സഹായം അപേക്ഷിയ്ക്കുകയും ചെയ്തു. ഈ
സംഭവം ഒരു വലിയ കലാപത്തിനിടവരുത്തുമെന്നു കണ്ട
പ്പോൾ ജൂതന്മാർ കൊടുങ്ങല്ലൂരിൽനിന്നു മേന്ദമംഗലത്തേ
യ്ക്കു പലായനംചെയ്യുകയാണുണ്ടായതു്. ആ കൊല്ലത്തിൽ
തന്നെ ധർമ്മടം, കണ്ണൂർ, തിരുവങ്ങാടി, ഏഴിമലചെമ്പ്ര

മുതലായ സ്ഥലങ്ങളിലെ മുസ്ലീമിങ്ങൾ ഒന്നിച്ചുചേർന്ന് പോർത്തുഗീസ്സ്കാരെ എതിർത്തു. മറ്റു പട്ടണങ്ങളിലെ മുസ്ലീമിങ്ങളും ഈ സംരംഭത്തെ സഹായിച്ചു. ഈ കാലഘട്ടത്തിൽ കൊച്ചിയിലെ പ്രമുഖ സമുദായനേതാക്കന്മാരായ അഹമ്മദ് മരക്കാർ, അദ്ദേഹത്തിന്റെ സഹോദരൻ കുഞ്ഞാലിമരക്കാർ, അവരുടെ മാതുലൻ മുഹമ്മദാലിമരക്കാർ ഇവരെല്ലാംകൂടി പോർത്തുഗീസ്സ്കാരെ എതിർക്കാനുള്ള ഒരൈക്യമുന്നണിയുണ്ടാക്കി. ഈ സമൂഹത്തോട് ഏറ്റുമുട്ടുവാൻ പോർത്തുഗീസ്സ്കാർ കൊച്ചിയിൽനിന്നും പുറപ്പെട്ടു. കൊച്ചിയിലും കൊയിലാണ്ടിയിലും ഇറങ്ങി അനവധി മുസ്ലീമിങ്ങളെ കൊല്ലുകയും അവരുടെ ദേവാലയങ്ങൾ തീവെയ്ക്കുകയും ചെയ്തു. അത്തരുണത്തിൽ സാമൂതിരിരാജാവ് വിദൂരനാട്ടുരാജ്യങ്ങളുമായി യുദ്ധത്തിലേർപ്പെട്ടിരിയ്ക്കുകയായിരുന്നു. അതിനാൽ പോർത്തുഗീസ്സ്കാരുമായി യുദ്ധംചെയ്യാൻ പ്രധാനമന്ത്രി കല്പനകൊടുത്തു. ഈ യുദ്ധത്തിൽ പോർത്തുഗീസ്സ്കാർ ഭക്ഷണം കിട്ടാതെ വളരെ ബുദ്ധിമുട്ടി. പോർത്തുഗീസ്സ്കാരുടെ കോട്ട പിടിച്ചടക്കാൻ നായർസൈന്യവും, മുസ്ലീംപട്ടാളവും യോജിച്ചു വാശിയോടുകൂടി യുദ്ധംചെയ്തു. കോട്ട കൈവശപ്പെടുത്തുകയാൽ പോർത്തുഗീസ്സ്കാർ പൂർവ്വാധികം രോഷാകുലരായി. ഈ കാലഘട്ടത്തിൽ പോർത്തുഗീസ്സ്കാരുടെ അധഃപതനത്തെയാണ് കുറിയ്ക്കുന്നത്. 1527-ൽ താഞ്ചൂർസമീപംവെച്ച് പോർത്തുഗീസ്സ്കാരുടെ ഒരു കപ്പൽ കാറ്റിലകപ്പെട്ടു. താഞ്ചൂർ രാജാവ് കപ്പലിലുള്ളവരെ രക്ഷിച്ചു. അദ്ദേഹത്തിന്റെ സഹായത്തോടുകൂടി സാമൂതിരിയെ എതിർക്കുവാൻ പോർത്തുഗീസ്സ്കാർ ഒരു പദ്ധതിയുണ്ടാക്കി. സാമൂതിരി താഞ്ചൂർ രാജാവിനോട് പോർത്തുഗീസ്സ്കാരെ വിട്ടുകിട്ടു

വാൻ ആവശ്യപ്പെട്ടു. താണ്ടർ രാജാവ് അതു നിരസിയ്ക്കയാണുണ്ടായതു്. പോത്തുഗീസ്സ്കാരുടെ പാസ്സ് പോർട്ടു് വാങ്ങി താണ്ടർ രാജാവ് കച്ചവടംചെയ്യുവാൻ തുടങ്ങി. സാമൂതിരിയുടെ ശക്തി കുറയ്ക്കുവാൻ പൊന്നാനിപുഴയുടെ വടക്കുഭാഗത്തു ഒരു കോട്ട കെട്ടുവാൻ പോത്തുഗീസ്സ്കാക്കു് അനുമതി കൊടുത്തു. പക്ഷെ അവരുടെ ഈ സംരംഭം വിജയിച്ചില്ല. സാമൂതിരി താണ്ടർ രാജാവിനെ ആക്രമിച്ചു പരാജയപ്പെടുത്തി, പല ഗ്രാമങ്ങളും പിടിച്ചടക്കി.

കണ്ണൂരിൽവെച്ചു കുട്ടിആലിയുമായി പോത്തുഗീസ്സ് കാർ ഏറ്റുമുട്ടി. തുടർന്നു 1528-ൽ ഉണ്ടായ യുദ്ധത്തിൽ കുട്ടിആലി തടവുകാരനാക്കപ്പെട്ടു പക്ഷെ ഇതുകൊണ്ടും സാമൂതിരിയുടെ നാവികശക്തി കുറഞ്ഞില്ല. കുട്ടിആലിയുടെ മകൻ കുഞ്ഞാലി രണ്ടാമൻ യുദ്ധംചെയ്തു പൂർവ്വാധികം വിജയം കൈവരിച്ചു. (1530-1531) സാമൂതിരിയും മുസ്ലീമിങ്ങളും ഏകോപിച്ചു 80 കപ്പലുകളിലായി കച്ചവടസാധനങ്ങൾ കയറ്റി ഗുജറാത്തിലേയ്ക്കു തിരിച്ചു. ഇക്കൂട്ടത്തിൽ സമുദായനേതാക്കന്മാരായ ആലിഇബ്രാഹിംമരക്കാരും അദ്ദേഹത്തിന്റെ മരുമകൻ കുട്ടിഇബ്രാഹിംമരക്കാരും മറ്റു പല യോദ്ധാക്കളും നാട്ടുപ്രമാണികളും ഉണ്ടായിരുന്നു. പക്ഷെ പോത്തുഗീസ്സ്കാരുടെ സൈന്യസമൂഹത്തിനു മുമ്പിൽ ഇവർ പരാജിതരായി. 1531-ൽ (938 ഹിജറ) പോത്തുഗീസ്സ്കാർ പട്ടാളപിൻബലത്തോടുകൂടി ഒരു വലിയ കോട്ട പണിതു. ഇസ്ലാമിന്റെ കേരളത്തിലുള്ള പുരാതനസ്മാരകമായ ആദ്യത്തെ പള്ളി അവർ പൊളിച്ചുകളഞ്ഞു. അതിന്റെ കല്ലുകൾ എടുത്തു കോട്ടകെട്ടുവാൻ ഉപയോഗിച്ചു. ശ്മശാനഭൂമിയിലെ കബർസ്ഥാനത്തിലുള്ള കല്ലുകൾപോലും അവർ കുഴിച്ചെടുക്കുകയുണ്ടാ

യി. അന്നത്തെ സാമൂതിരി അന്തരിയ്ക്കുകയും അടുത്ത പിൻതുടച്ചാവകാശിയായ സാമൂതിരി സ്ഥാനത്തുവരികയും ചെയ്തു. നിഷ്ഠുരമായ ഇവരുടെ പ്രവൃത്തിയിൽ കുപിതനായ സാമൂതിരി ചാലിയം ആക്രമിയ്ക്കുകയും നശിപ്പിയ്ക്കുകയും ചെയ്തു. വൈരാഗ്യം അധികം നാൾ നീണ്ടുനിന്നില്ല. ചാലിയം രാജാവ് സന്ധിയ്ക്കു നിർബ്ബന്ധിതനായി. പോർത്തുഗീസ്സ്കാരെ നശിപ്പിയ്ക്കുവാൻ—ഗുജറാത്തിയിലെ ബഹദൂർഷായെ സഹായിയ്ക്കുവാൻ കോസ്റ്റണ്ടിനോപ്പിളിലെ സലീംഷായോടു മരുമകനായ അമീർമുസ്തഫാ 1531-ൽ ഡ്യൂതനുമുഖത്തെത്തുകയും ഡ്യൂവിലെ ഗവണ്ണറായ മാലിക് ഇയാസിന്റെ മകൻ അദ്ദേഹത്തെ സത്കരിയ്ക്കുകയും 1531-ൽ ഉണ്ടായ ആ നാവികയുദ്ധത്തിൽ പോർത്തുഗിസ്സ്കാർ പരാജയപ്പെടുകയും ചെയ്തു. ഈ വിജയത്തിൽ സന്തുഷ്ടനായ സുൽത്താൻ അദ്ദേഹത്തിനു "റുമിഖാൻ" എന്ന ബഹുമതി കൊടുക്കുകയും കുറച്ചുകാലത്തിനുശേഷം ഡ്യൂവിലെ ഗവണ്ണറായി അമീർമുസ്തഫയെ നിയമിയ്ക്കുകയും ചെയ്തു. 1535-ൽ ഹുമയൂൺചക്രവർത്തി ഗുജറാത്തിനെ ആക്രമിച്ചപ്പോൾ അമീർഹുസൈൻ ഹുമയൂണിന്റെ ഭാഗം ചേർന്നു മേരിമാറുകയാണുണ്ടായതു്. പോർത്തുഗീസ്സ്കാക്ക് എതിരായി സുൽത്താനെ യുദ്ധത്തിൽ സഹായിയ്ക്കുവാൻവേണ്ടി അഹമ്മദുമരക്കാരും കുട്ടുകാരും പാരിതോഷികങ്ങളുമായി കോഴിക്കോട്ടെത്തി. പക്ഷേ മരക്കാരിന്റെ ഉദ്ദേശം സഫലമായില്ല. 1535 അവസാനത്തോടുകൂടി ഹുമയൂൺചക്രവർത്തി ഡൽഹിയിൽ തന്റെ ശക്തി ഉറപ്പിച്ചു. ഗുജറാത്തിലെ ചില സ്ഥലങ്ങൾ ആക്രമിച്ചു പിടിച്ചടക്കി.

ഷാ പേടിച്ച് പോർത്തുഗീസ്സ്കാരോട് സഹായം അഭ്യർത്ഥിച്ചു. പോർത്തുഗീസ്സ്കാർ സഹായിക്കാമെന്നേറ്റു. ചില തുറമുഖങ്ങളെല്ലാം പോർത്തുഗീസ്സ്കാക്ക് വിട്ടുകൊടുത്തു. പോർത്തുഗീസ്സ്കാർ തുറമുഖത്തോടൊപ്പം അയൽദേശങ്ങളും കീഴടക്കി. വളരെ നാൾ സമരംചെയ്തിട്ടു ലഭിയ്ക്കാത്ത ഡ്യൂതുറമുഖവും അവർക്ക് വിട്ടുകൊടുത്തു. പക്ഷെ പിന്നീട് തന്നെ പ്രവർത്തി തെറ്റിപ്പോയെന്നു സുൽത്താനു മനസ്സിലായി, അതു വീണ്ടെടുക്കുവാനുള്ള പോംവഴി ആലോചിച്ചു പോർത്തുഗീസ്സ്കാർ ഇതു മനസ്സിലാക്കി സുൽത്താനെ ഡ്യൂവിലേയ്ക്കു ക്ഷണിച്ചുവരുത്തുകയും മടക്കയാത്രയിൽ അദ്ദേഹം കൊല്ലപ്പെടുകയും ശവശരീരം കടലിൽ എറിയുകയുമാണുണ്ടായത്.

പാച്ചാച്ചിമരക്കാരുടെ കീഴിൽ ഒരു നാവികസേന പോർത്തുഗീസ്സ്കാരെ എതിർക്കാൻ സജ്ജമാക്കി. കുട്ടിആലിയുടെ മകനായ കുഞ്ഞാലി രണ്ടാമനെ പാച്ചാച്ചിമരക്കാരുടെ കൂടെ അയച്ചു. ഇദ്ദേഹമായിരുന്നു സാമൂതിരിയുടെ നാവികസേനാനിയിൽവെച്ചു പ്രശസ്തനായ കുഞ്ഞാലി രണ്ടാമൻ. മറ്റൊരു വിഭാഗം ആലിഇബ്രാഹിമിന്റെ കീഴിലായിരുന്നു. ഈ രണ്ടു സേനാവിഭാഗങ്ങളും കൂടി പോർത്തുഗീസ്സ്കാരെ സിലോണിൽവെച്ചു എതിർത്തു് ഈ യുദ്ധം 1535 വരെ നീണ്ടുനിന്നു.

കോഴിക്കോട്ടസേനാവിഭാഗത്തിലെ പ്രമുഖനായ കുട്ടി അഹമ്മദുമരക്കാർ 1531-ൽ കൊല്ലപ്പെട്ട അദ്ദേഹത്തെ പിൻതുടർന്നതു് കുഞ്ഞാലി രണ്ടാമനായിരുന്നു. അദ്ദേഹത്തിന്റെ കഴിവുകളേയും നയതന്ത്രജ്ഞതയേയും പോർത്തുഗീസ്സ് ചരിത്രകാരന്മാർകൂടി പ്രശംസിച്ചിട്ടുണ്ടു്. ആധുനിക നാവികയുദ്ധസമ്പ്രദായങ്ങളിലെല്ലാം അദ്ദേഹത്തിനു നൂ

ല്ല നൈപുണ്യം സിദ്ധിച്ചിരുന്നു. ശത്രുക്കളെ പിൻതിരിപ്പിയ്ക്കുന്നതിനു അദ്ദേഹത്തിനു നല്ല പാടവമുണ്ടായിരുന്നു. ഒരു കൊല്ലത്തിൽ ചുരുങ്ങിയതു് 50 പോർത്തുഗിസ്സ് കപ്പലുകളിലധികം അദ്ദേഹം ആക്രമിച്ചു. അക്കാലത്തു സാമൂതിരിയ്ക്ക് കൊച്ചിയെ ആക്രമിയ്ക്കുവാനുള്ള ഏറ്റവും നല്ല സങ്കേതമായിരുന്നു ഇടപ്പള്ളി. ഈ വസ്തുത മനസ്സിലാക്കിയ പോർത്തുഗിസ്സ്കാർ ഇടപ്പള്ളി ആക്രമിച്ചു കൊള്ളയടിയ്ക്കുകയും ചെയ്തു. ഈ സന്ദർഭത്തിൽ സാമൂതിരി ഇടപ്പള്ളിരാജാവിന്റെ സഹായത്തിനായി എത്തിച്ചേർന്നു. പോർത്തുഗിസ്സ്കാർ സാമൂതിരിയുമായി കമ്പളത്തുവെച്ചു് ഏറ്റുമുട്ടി. ആ സമയത്തു കുഞ്ഞാലിമരക്കാരുടെ നാവികസൈന്യം കൊച്ചിയിൽ പോർത്തുഗിസ്സ്കാരുമായി യുദ്ധത്തിനു തയ്യാറായി. തന്നിമിത്തം ഗത്യന്തരമില്ലാതെ പോർത്തുഗിസ്സ്കാർ കുഞ്ഞാലിയുടെ സമരസന്നാഹത്തെ എതിർക്കാൻ ഇടപ്പള്ളിയുള്ള സൈന്യത്തെ പിൻവലിച്ചു. അങ്ങിനെ ഇടപ്പള്ളിരാജാവ് രക്ഷപ്പെടുകയും സാമൂതിരിരാജാവ് മടങ്ങിപ്പോവുകയും ചെയ്തു. കുഞ്ഞാലിനാവികസൈന്യം പിന്നേയും തുടർന്നുകൊണ്ടിരുന്നു. അവർ കന്യാകുമാരി ചുറ്റി നാഗപട്ടണത്തിലുള്ള പോർത്തുഗിസ്സ് സങ്കേതം ആക്രമിച്ചു. പോർത്തുഗിസ്സ്കാരുടെ സുശക്തമായ സൈന്യവ്യൂഹത്തോടു ഏറ്റുമുട്ടാൻ കുഞ്ഞാലിയ്ക്കു കഴിഞ്ഞില്ല. വേഷച്ചുന്നനായാണു് കുഞ്ഞാലി കോഴിക്കോട്ടേയ്ക്കു മടങ്ങിയതു്.

ആലിഇബ്രാഹിംമരക്കാരും, സഹോദരൻ കുഞ്ഞാലിമരക്കാരും, ഖാലിഫ് അഹമ്മദുമരക്കാരും നാല്പത്തിരണ്ടു കപ്പലുകളോടുകൂടി തമിഴ്നാട്ടിലെ കായൽപട്ടണത്തിൽ വന്നിറങ്ങി. അവിടെവെച്ചു് പോർത്തുഗിസ്സ്കാരുമായി കൂട്ടിമുട്ടി. ഒരു വലിയ യുദ്ധം നടന്നു. മുസ്ലീമിങ്ങളിൽ

പലരും കൊല്ലപ്പെട്ടു. വഴിമദ്ധ്യേ പള്ളിയിൽവെച്ച് ആലിഇബ്രാഹിംമരക്കാർ കാലഗതിപ്രാപിച്ചു. ആലിഇബ്രാഹിംമരക്കാരുടെ മരണാനന്തരം അഹമ്മദുമരക്കാരും സഹോദരൻ കുഞ്ഞാലിമരക്കാരും പതിനൊന്നു കപ്പലുകളിലായി സിലോണിലേയ്ക്കു പുറപ്പെട്ടു. പോത്തുഗീസ്സ്കാർ അവരെ പിൻതുടർന്നു എതിർത്തു രക്ഷപ്പെട്ടു സിലോണിലെത്തിയ മരക്കാരുമാരേയും സിലോൺരാജാവു കൊലപ്പെടുത്തുകയാണുണ്ടായതു്.

നിരന്തരമായ യുദ്ധംകൊണ്ടും ക്ഷീണിതനായ സാമൂതിരി പോത്തുഗീസ്സ്കാരുമായി ഒരു സന്ധി ആലോചന നടത്തി. കുഞ്ഞാലിമരക്കാരുടെ ബന്ധുവായ കുട്ടിആലിയെ സാമൂതിരിയുടെ പ്രതിനിധിയായി ഗോവയിലേയ്ക്കയച്ചു 1540 ജനുവരി 1-ാംനു- പൊന്നാനിയിൽവെച്ചു സന്ധിയുണ്ടായി.

അൽബുക്കർക്കിന്റെ കാലത്തു പ്രശസ്തനായിരുന്ന മമ്മാലിമരക്കാരുടെ മരുമകൻ അബൂബക്കർആലിയെ പോത്തുഗീസ്സ്കാർ വഞ്ചനചെയ്തു കൊന്നു കണ്ണൂരിലെ വ്യവസായികളിൽ പ്രമുഖന്മാരും ധനാഢ്യരും ജനസമ്മതിനമുള്ളവരുമായിരുന്നു മമ്മാലികുടുംബം. അബൂബക്കർആലിയുടെ വധത്തോടുകൂടി കണ്ണൂരിൽ പോത്തുഗീസ്സ്കാരുമായി യുദ്ധം പ്രഖ്യാപിച്ചു. കണ്ണൂർ ആലിരാജാവിന്റെ പിതാവായ കുഞ്ഞിസ്സൂപ്പിയേയും പോത്തുഗീസ്സ്കാർ വധിച്ചു. ഈ സംഭവം നടന്നതു 1545-ലാണ്.

പൊന്നാനിയിലെ സന്ധിയ്ക്കുശേഷം പോത്തുഗീസ്സ്കാരുടെ കയ്യേറ്റങ്ങൾ നടന്നുകൊണ്ടിരുന്നു. ഇതുകാരണം മുസ്ലീമിങ്ങൾ സന്ധി ലംഘിയ്ക്കുവാൻ നിർബ്ബന്ധിതരായി. കുഞ്ഞാലിമരക്കാരുടെ നേതൃത്വത്തിലുള്ള കടൽവഴിയുള്ള

ഒളിയുദ്ധം കാരണം പോർത്തുഗീസ്സ്കാർക്ക് വളരെയധികം നാശനഷ്ടങ്ങൾ ഉണ്ടായി. 1558 വരെ വിശ്രമമായ ഈ ഒളിയുദ്ധം നടന്നു. കുഞ്ഞാലിയ്ക്കു കണ്ണൂരിലെ നാവികനായകന്റെ സഹായം വേണ്ടത്ര ലഭിച്ചിരുന്നു. കണ്ണൂർവെച്ചു നടന്ന യുദ്ധത്തിൽ കുഞ്ഞാലിയുടെ മുന്നണിക്കപ്പൽ തകർക്കുകയും മറ്റു മൂന്നു കപ്പലുകൾ പോർത്തുഗീസ്സ്കാർ പിടിച്ചെടുക്കുകയും ചെയ്തു. കൂടാതെ പോർത്തുഗീസ്സ്കാർ അവരെ പിന്തുടരുകയും ചെയ്തു. കുഞ്ഞാലിയുടെ ഒരു പ്രബലകേന്ദ്രമായിരുന്ന പുതുപട്ടണത്തുനിന്നു കൂടുതൽ സൈന്യസഹായം ലഭിച്ചു. ഈ കാരണത്താൽ പോർത്തുഗീസ്സ്കാർ പിരിഞ്ഞു. കുഞ്ഞാലി വീണ്ടും ഒരു വലിയ യുദ്ധത്തിനുള്ള സജ്ജീകരണങ്ങൾ ചെയ്തു. 1569-ൽ 36 കപ്പലുകളോടുകൂടി പോർത്തുഗീസ്സ്കാർ കുഞ്ഞാലിയെ എതിർത്തു. നയതന്ത്രജ്ഞനായ കുഞ്ഞാലി സൂത്രത്തിൽ രക്ഷപ്പെടുകയും ചെയ്തു. പക്ഷെ വീണ്ടും നടന്ന യുദ്ധത്തിൽ കുഞ്ഞാലി വിജയിച്ചു. പൊതുസമാധാനത്തെ മുൻനിറുത്തി സാമൂതിരി പോർത്തുഗീസ്സ്കാരുമായി സന്ധിയ്ക്കു ശ്രമിച്ചു. കുഞ്ഞാലിയോടു പോർത്തുഗീസ്സ്കാർക്കുള്ള രോഷം തീർന്നില്ല. പോർത്തുഗീസ്സ്കാരുടെ ആക്രമണഭയത്താൽ മുസ്ലീമിങ്ങൾ കഷ്ടപ്പെടുന്നതു കണ്ടു് ബീജാപ്പൂരിലെ സുൽത്താൻ ആലിആദിരാജാ യുദ്ധസന്നാഹങ്ങൾ ഒരുക്കി. ഈ സന്ദർഭത്തിൽ ധാരാളം പണം മിലവഴിച്ചു. കോലത്തിരിരാജാവ് പറയത്തക്ക സഹായം ചെയ്തില്ല.

ഈ അവസരത്തിലാണു് ആദിരാജാവിന്റെ കീഴിലുള്ള ലക്ഷദ്വീപ് പോർത്തുഗീസ്സ്കാർ ആക്രമിച്ചതു്. യുദ്ധസമ്പ്രദായങ്ങൾ ഒന്നുംതന്നെ അറിവില്ലാത്ത മുസ്ലീമിങ്ങൾ കല്ലും വടിയുമായി പോർത്തുഗിസ്സ്കാരോടു് എതിരിട്ടു മര

ണം വരിച്ചു. അചിടെ അവർ സങ്കേതങ്ങൾ ഉറപ്പിച്ചു. മുസ്ലീമിങ്ങളെ കച്ചവടത്തിന്നനുവദിച്ചില്ല. പോർത്തുഗീസ്സ്കാരുടെ കപ്പലിൽ ചരക്കുകൾ കൊണ്ടുപോകണമെന്നു് അവരെ നിർബ്ബന്ധിയ്ക്കുകയും, സമ്മതിച്ചു പോകുന്ന ചരക്കുടമസ്ഥന്മാരെ കപ്പലിൽവെച്ചു വധിയ്ക്കുകയും ചരക്കുകൾ കൈവശപ്പെടുത്തുകയുമാണു് ചെയ്തിരുന്നതു്.

സുൽത്താൻ ആദിൽഷായുടെ നേതൃത്വത്തിൽ ഒരു വലിയ സൈന്യം ഗോവ ആക്രമിച്ചു. സുൽത്താൻ സാമൂതിരിയ്ക്കു് ഒരെഴുത്തു് കൊടുത്തയച്ചു. അതിൽ ഗോവയിൽ പോർത്തുഗീസ്സ്കാരുമായി യുദ്ധംചെയ്യുന്നുണ്ടെന്നും, സാമൂതിരിയുടെ നാവികസേനയുടെ സഹായം ആവശ്യമാണെന്നും, പോർത്തുഗീസ്സ്കാക്കു് ഭക്ഷണം കിട്ടാത്തവിധം സർവ്വ ഒരുക്കങ്ങളും ചെയ്യണമെന്നും പറഞ്ഞിരുന്നു. പോർത്തുഗീസ്സ്കാരെ ചാല്യത്തു് എതിർത്തുകൊണ്ടിരുന്ന വേളയിലാണു് ആ എഴുത്തു കിട്ടിയതു്. 4 മാസത്തെ നിരന്തരപരിശ്രമംകൊണ്ടു് 1571-ൽ ചാലിയം കോട്ട പിടിച്ചു. ഈ യുദ്ധത്തിൽ പരപ്പൂർ, താണൂർ, പരപ്പനങ്ങാടി മുതലായ രാജ്യങ്ങളിലെ മുസ്ലിമിങ്ങൾ പങ്കെടുത്തിരുന്നു. ചാല്യം രാജാവു് നിവൃത്തിയില്ലാതായപ്പോൾ സന്ധിചെയ്തു. ആദിൽഷായ്ക്കു് പറയത്തക്ക പിൻതുണ ലഭിയ്ക്കാത്തതു കാരണം അദ്ദേഹം സംരംഭത്തിൽനിന്നു പിൻവാങ്ങുകയും പോർത്തുഗീസ്സ്കാരുമായി സന്ധിചെയ്തയുമാണുണ്ടായതു്. സാമൂതിരി മരക്കാർമാരിൽ ഒരാളുടെ നേതൃത്വത്തിൽ ഒരു കപ്പൽ സൈന്യം ഗോവയിലേയ്ക്കയച്ചു. പക്ഷെ ആക്രമണം നടത്താതെ അവർ മടങ്ങുകയും മംഗലാപുരത്തുള്ള പോർത്തുഗീസ്സ്കാരുടെ സങ്കേതം ആക്രമിയ്ക്കുകയും ചെയ്തു. ആ പടനായകൻ കുട്ടിഅബൂബക്കറായിരുന്നു.

വളർപട്ടണം, തിക്കോടി, പന്തലായിനി മുതലായ സ്ഥലങ്ങളിൽനിന്നും വെറിയ കപ്പലിൽ പോർത്തുഗീസ്സ് കാരെ മുസ്ലിമിങ്ങൾ എതിർക്കുവാൻ തുടങ്ങി. കക്കാട്ട്, കോഴിക്കോട്ട്, പൊന്നാനി എന്നീ പ്രദേശങ്ങളിലെ മുസ്ലീ മിങ്ങളും പോർത്തുഗീസ്സ്കാരുടെ കപ്പലുകൾ ആക്രമിച്ചു അവരെ കീഴടക്കി. ഇങ്ങിനെ സർവ്വവ്യാപകമായ ആക്ര മണം ഹേതുവായി പോർത്തുഗീസ്സ്കാർ അധഃപതനഘട്ട ത്തെ പുണർന്നുതുടങ്ങി.

കുട്ടിഅബൂബക്കറിൻെറ സൈന്യത്തെ പോർത്തുഗീ സ്സ്കാർ പിന്തുടർന്ന് കണ്ണൂരിൽവെച്ചു നശിപ്പിച്ചു. 1567-ൽ പൊന്നാനിയിൽനിന്നും ഒരു നാവികസൈന്യം പോർത്തുഗീസ്സ്കാർ അരിയും, പഞ്ചസാരയും കയറ്റിയ ഒരു കപ്പൽ പിടിച്ചടക്കി. മാലിയത്തുണ്ടായ തോൽവി പോർത്തുഗീസ്സ്കാരുടെ കേരളത്തിലുണ്ടായ ശക്തിയ്ക്കു ഒരു തിരിച്ചടിയായിരുന്നു. അവർക്കു സംഭവിച്ച നാശങ്ങൾ അത്രയ്ക്ക് അപരിഹാര്യമാണ്. അർദ്ധരാത്രിയിൽ എല്ലാ സാധനങ്ങളും ആയുധങ്ങളും ഉപേക്ഷിച്ചു പ്രാണരക്ഷാ ർത്ഥം കാടി കപ്പലിൽ കയറി രക്ഷപ്രാപിയ്ക്കുകയാണു ചെയ്ത ത്. താനൂർ രാജാവ് അവർക്കു വേണ്ട സൌകര്യം ചെയ്തു കൊടുത്തു. കൊച്ചിയിൽനിന്നും പോർത്തുഗീസ്സ്കാർ താ നൂരിൽ വന്നു് അഭയാർത്ഥികളുമായി കൊച്ചിയിലേയ്ക്കു മട ങ്ങുകയാണുണ്ടായത്.

സാമൂതിരി പോർത്തുഗീസ്സ്കാരുടെ കോട്ട പൊളിച്ചു് വലിയ തോക്കുകളും, കല്ലുകളും, മരങ്ങളും കോഴിക്കോട്ട കൊണ്ടുവന്നു പൊളിച്ച മുസ്ലീംപള്ളി പുതുക്കിപ്പണിയു വാൻ വേണ്ട സാധനങ്ങൾ അതിൽനിന്നു നല്കി.

കുഞ്ഞാലിയുടെ സമുദ്രപ്രാബല്യം ഒന്നുകൂടി വർദ്ധിച്ചു. കുഞ്ഞാലി മൂന്നാമൻ പ്രസ്തുത യുദ്ധങ്ങളിൽ വിജയിച്ചതു കാരണം തന്റെ സൈന്യശക്തിയെ ഒന്നു വർദ്ധിപ്പിച്ചു. അതോടുകൂടി സാമൂതിരിയുടെ അനുമതി വാങ്ങി കുഞ്ഞാലി പുതുപട്ടണത്തിൽ ഒരു കോട്ട പണിതു. ഈ കോട്ട യ്ക്കാണു മരക്കാർകോട്ട എന്നു പറയുന്നതു്. കരയിലും മരക്കാരിന്റെ ശക്തി വർദ്ധിപ്പിച്ചു. മറ്റു നായർതലവന്മാരെപ്പോലെ സ്ഥാനമാനങ്ങൾ അദ്ദേഹത്തിന്നുണ്ടായിരുന്നു. പോർത്തുഗീസ്സുകാർ ഇടയ്ക്കിടയ്ക്കു് വീണ്ടും തുറമുഖകേന്ദ്രങ്ങളെ ആക്രമിയ്ക്കാൻ തുടങ്ങി. 1572-ൽ പോർത്തുഗീസ്സുകാർ പരപ്പനങ്ങാടിയിൽ ഇറങ്ങി പതിവുപോലെ മുസ്ലീംദേവാലയങ്ങൾക്കു് തീകൊടുത്തു. 1577-ൽ അമ്പതു കപ്പലുകൾ നിറയെ അരിയുമായി രാമനാട്ടിലുള്ള തുളയ്മന്നാർ എന്ന സ്ഥലത്തുനിന്നും വന്ന ഒരു കപ്പൽക്കൂട്ടത്തെ പോർത്തുഗീസ്സുകാർ പിടിച്ചടക്കി. ഈ പരാജയം മുസ്ലീമിങ്ങളുടെ കച്ചവടത്തെ വല്ലാതെ കഷ്ടപ്പെടുത്തി. ജിദ്ദയിൽ നിന്നു വരുന്ന ഗുജറാത്തുകാരുടെ ചില കപ്പലുകൾ അവർ പിടിച്ചെടുത്തു. ഈ കൂട്ടത്തിൽ മഹാനായ അക്ബർ പാദുഷായുടെ ചില കപ്പലുകൾ പെട്ടിരുന്നു. കുപിതനായ ചക്രവർത്തി പോർത്തുഗീസ്സുകാരെ ഡ്യൂ, ഗുജറാത്തി, ഡാമൻ, സീൽ എന്നീ സ്ഥലങ്ങളിൽനിന്നു തുരത്തി.

1578-ൽ പോർത്തുഗീസ്സുദ്യോഗസ്ഥന്മാർ തിരുനാവായി അമ്പലത്തിൽ ചെന്നു സാമൂതിരിയെ മുഖം കാണിച്ചു. സാമൂതിരി കോഴിക്കോട്ടു ഒരു കോട്ട കെട്ടുവാൻ അനുമതി നല്കി. പൊന്നാനിയിൽ കോട്ട കെട്ടുവാൻ ആവശ്യപ്പെട്ടെങ്കിലും അദ്ദേഹം അതിനനുവദിച്ചില്ല. പോർത്തുഗീസ്സുകാരുടെ ആക്രമണം വീണ്ടും തലപൊക്കി. കൊ

ച്ചിരാജാവ് പോർത്തുഗീസ്സുകാരുടെ സഹായത്തോടെ സാമൂതിരിയെ ആക്രമിച്ചെങ്കിലും യാതൊരു ഫലവുമുണ്ടായില്ല.

1586-ൽ കുഞ്ഞാലി പോർത്തുഗീസ്സുകാരെ ഒരു യുദ്ധത്തിൽ തോല്പിച്ചു. 1589-ൽ കുഞ്ഞാലിയുടെ മരുമകനായ ഖ്വാജമൂസയുടെ നേതൃത്വത്തിൽ ഒരു നാവികസൈന്യം പോർത്തുഗീസ്സുകാരെ തോല്പിച്ചു. ഈ രണ്ടു വിജയങ്ങളും കുഞ്ഞാലിയുടെ പ്രതാപത്തെ വളർത്തി. മൂസ ഇടതടവില്ലാതെ യുദ്ധംചെയ്ത പോർത്തുഗീസ്സുകാരെ പരാജയപ്പെടുത്തി. മൂസയുടെ ആക്രമണത്തിൽനിന്നു രക്ഷനേടാൻ ഒരു വലിയ സൈന്യത്തെ പോർത്തുഗീസ്സുകാർ സംഘടിതമാക്കി. അതിൽ മൂസയുടെ മിക്ക കപ്പലുകളും നഷ്ടപ്പെട്ടു. മൂസ സ്വയംരക്ഷാർത്ഥം വെള്ളത്തിൽ ചാടി രക്ഷപ്പെട്ടു. ബുദ്ധിമതിയായ കുഞ്ഞാലിയെ മൂസയുടെ പരാജയം ഭഗ്നാശനാക്കിയില്ല. അദ്ദേഹം പോർത്തുഗീസ്സുകാരെ മലബാറിൽനിന്നും യുദ്ധംചെയ്തു തുരത്തി. ഇതുകാരണം പോർത്തുഗീസ്സുകാർ സാമൂതിരിയുമായി സന്ധിയ്ക്കാരുങ്ങി.

1591-ൽ തൃപ്തികരമായ ഒരു സന്ധിയിൽ പോർത്തുഗീസ്സുകാർ ഒപ്പുവെച്ചു. ഈ സന്ധി അധികകാലം നിലനിന്നില്ല. സാമൂതിരിയുടെ കപ്പലുകൾ പോർത്തുഗീസ്സുകാർ ആക്രമിച്ചു 1595-ൽ കുഞ്ഞാലി നാലാമൻ പുതുപട്ടണത്തിലുള്ള മരക്കാർകോട്ടയുടെ അവകാശിയായിത്തീർന്നു

ഗോപുരങ്ങളും, കിടങ്ങുകളും, മറ്റു സൈനികസജ്ജീകരണങ്ങളും സജ്ജമാക്കി തന്റെ പിതാവിനേക്കാൾ കൂടുതൽ വിജയം അദ്ദേഹം കരസ്ഥമാക്കി. ഈ പ്രതാപത്തിൽ അഹങ്കരിച്ച കുഞ്ഞാലി നാലാമൻ സാമൂതിരിയുമായുള്ള കോയ്മാവകാശം തീരെ വിസ്മരിച്ചു. സാമൂതിരിയുടെ

ഒരാനയുടെ വാൽ മുറിയ്ക്കുകയും ഒരു നായരെ ദേഹോപദ്രവമേല്പിയ്ക്കുകയും ചെയ്തു. കുപിതനായ സാമൂതിരി പോത്തുഗീസ്സ്കാരുമായി 1597-ൽ ഒരു സന്ധിയിലേർപ്പെട്ടു. പുതുപട്ടണംകോട്ട ഉടൻ പിടിച്ചില്ലെങ്കിൽ സാമൂതിരിഭരണം കുഞ്ഞാലി നാലാമൻ അറബിക്കടലിലാക്കുമെന്നു് പോത്തുഗീസ്സ്കാർ പറഞ്ഞു ഭയപ്പെടുത്തി. പോത്തുഗീസ്സ്കാരുടെ നിരന്തരമായ യുദ്ധപ്രേരണ നിമിത്തം സാമൂതിരി കുഞ്ഞാലിയോടു യുദ്ധത്തിനൊരുങ്ങി. സാമൂതിരി പുതുപട്ടണത്തിലേയ്ക്കു് കരയിലൂടേയും പോത്തുഗീസ്സ്കാർ കടലിലൂടേയും യാത്രയായി. നദീമുഖത്തു് സ്ഥിതിചെയ്യുന്ന മരക്കാർകോട്ടയെ രക്ഷിയ്ക്കാൻ അവരും തയ്യാറായി. പ്രതിരോധനനടപടികൾ കുഞ്ഞാലിയുമെടുത്തു കരസൈന്യവും കടൽസൈന്യവും തമ്മിലുള്ള യോജിപ്പില്ലായ്മയാൽ സാമൂതിരിയും പോത്തുഗീസ്സ്കാരും ആ യുദ്ധത്തിൽ തോറ്റു. 1599-ൽ സാമൂതിരിയും പോത്തുഗീസ്സ്കാരും ഒരു സന്ധിയിലൊപ്പിട്ടു. പോത്തുഗീസ്സ്കാരും സാമൂതിരിയും കുഞ്ഞാലിയ്ക്കെതിരായി ഒരു വലിയ സൈന്യം തയ്യാറാക്കി. യുദ്ധത്തിൽ നായർപട്ടാളത്തലവന്മാരും കോഴിക്കോട്ടെ പൌരമുഖ്യന്മാരും എതിരഭിപ്രായം പ്രകടിപ്പിച്ചു. മാലിയത്തുനിന്നും ധർമ്മടത്തുനിന്നും പട്ടാളക്കാരെ കോഴിക്കോട്ടേയ്ക്കു് മടക്കിവിളിച്ചു. പട്ടാളക്കാരിൽപോലും പോത്തുഗീസ്സ്കാർക്കു് വിശ്വാസമുണ്ടായിരുന്നില്ല. സാമൂതിരിയുടെ പേരിൽ പോത്തുഗീസ്സ് സന്നാഹം പുതുപട്ടണത്തെത്തി. സാമൂതിരിയുടെ പ്രതിനിധികളായി മൂന്നു പേർ മാത്രമേ ആ സൈന്യത്തിലുണ്ടായിരുന്നുള്ളൂ. വളരെ വാശിയോടുകൂടി കുഞ്ഞാലി യുദ്ധംചെയ്തു. പുറത്തുനിന്നുള്ള പട്ടാളസഹായം കുഞ്ഞാലിയ്ക്കു് ലഭിയ്ക്കാതായപ്പോൾ സന്ധിയ്ക്കപേക്ഷിച്ചു. ഈ സന്ധിയുടെ ഉദ്ദേശം ജനങ്ങളുടെ വി

ലയേറിയ ജീവൻ രക്ഷിയ്ക്കുവായിരുന്നു. സാമൂതിരിയ്ക്കായി തന്റെ വാൾ സമർപ്പിച്ചു. കുഞ്ഞാലിയെ സ്വതന്ത്രനാക്കി വിടണമെന്നും നിരുപാധികം എല്ലാ തടവുകാരേയും മോചിപ്പിയ്ക്കണമെന്നും സാമൂതിരി ആവശ്യപ്പെട്ടു. പക്ഷേ പോർത്തുഗീസ്സുകാർ മൂർഖിയമായ ഉടമ്പടികൾ ഏല്പിച്ചശേഷം കുഞ്ഞാലിയെ വധിച്ചു.

കുഞ്ഞാലിയുടെ അനുയായികളായ മരക്കാർപ്രമുഖികളെ പൊന്മലോട്ട്, വളപട്ടണം, മാടായി, കാസർകോഡ്, പരപ്പനങ്ങാടി എന്നീ സ്ഥലങ്ങളിൽനിന്നും പോർത്തുഗീസ്സുകാർ സാമൂതിരിയുടെ അനുമതികൂടാതെ തടവിലാക്കി. പോർത്തുഗീസ്സുകാരുടെ ഭീഷണിയ്ക്കും, മർദ്ദനത്തിനും, പട്ടാളവാഴ്ചയ്ക്കും സാമൂതിരിയുടെ "നിസ്സഹായത" വളച്ചുനല്കി. പോർത്തുഗീസ്സുനാവികർ കുറെ തടവുകാരെ ഗോവയിൽ കൊണ്ടുപോയി വധിച്ചുവെന്നും ഈ ദാരുണവാർത്തയറിഞ്ഞപ്പോൾ സാമൂതിരി പൊട്ടിക്കരഞ്ഞുപോയെന്നും പോർത്തുഗീസ്സ് ചരിത്രകാരനായ എഫ്. എസ്സ്. ഡേവിസ് പോലും പറയുന്നു. പോർത്തുഗീസ്സുകാരുടെ നിരന്തരമായ മർദ്ദനംകൊണ്ടു മാത്രമാണ് മരക്കാർമാർ തങ്ങളുടെ കേന്ദ്രങ്ങൾ കണ്ണൂഴിച്ചതു്. പോർത്തുഗീസ്സ് ചരിത്രകാരന്മാരിൽ ചിലർ മരക്കാർവംശജന്മാരുടെ പേരിൽ പല കള്ളക്കഥകളും സൃഷ്ടിച്ചിട്ടുണ്ട്. പോർത്തുഗീസ്സ് സേനയുടെ കീഴിൽ പട്ടാളസേവനം ചെയ്തിരുന്നവരെ മരക്കാർമാർ തട്ടിക്കൊണ്ടുപോവുകയും അവരെക്കൊണ്ടു അടിമവേല ചെയ്യിയ്ക്കുകയും ചെയ്തുവെന്നാണ് പോർത്തുഗീസ്സുകാരുടെ ആക്ഷേപം.

Ref: Malabar & Portugeese—K. M. Panikkar.
Malabar Fighting—John Splinter Slavanius.
Military Races of Malabar—Sir William Hunter.

8. കേരളകടൽക്കള്ളന്മാർ

പരാക്രമശാലികളായ പടനായകന്മാരുടെ സംഭ്രമജനകങ്ങളായ കഥകൾകൊണ്ട് നിറഞ്ഞതാണ് പൗരാണികയവനേതിഹാസങ്ങൾ. സമുദ്രമദ്ധ്യത്തിൽ സച്ഛന്ദം വിഹരിച്ചിരുന്ന ഐതിഹാസികപാരമ്പര്യമുള്ള വന്മന്മാരുടെ വിരസ്മരണകൾ ഗ്രീക്കുകാരിലും, പൌരാണികഅറബികളിലും, ടൂണീഷ്യരിലും, റോമക്കാരിലും ആവേശം കുത്തിവെച്ചിരുന്നു വായിയ്ക്കാൻ കൊള്ളാവുന്ന ഗ്രീക്ക് ഐതിഹാസികഗ്രന്ഥങ്ങളിൽ സമുദ്രത്തിന്റെ അധിപന്മാരായി വാണിരുന്ന കൊള്ളത്തലവന്മാരെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. കാർത്തേജിന്റെയും ബാബിലോണിന്റെയും അധഃപതനത്തിനു മാഗ്ഗം തുറന്നതു് കടൽകൊള്ളക്കാരാണെന്നു് ചരിത്രരേഖകളുണ്ട്. ക്രിസ്തുവിനു മുമ്പുതന്നെ കേരളം വൈദേശികബന്ധം സ്ഥാപിച്ചിരുന്നു. വ്യാപാരമാഗ്ഗത്തിലൂടെ ബന്ധം കെട്ടിപ്പടുത്ത കേരളവുമായി അക്കാലത്തുതന്നെ ഏഡൻതുറമുഖതിരത്തെയും, റോമാക്കടലുകളിലേയും, മഡഗാസ്കർതുരുത്തിലെയും കള്ളന്മാർക്കു് പരിചയപ്പെടാൻ കഴിഞ്ഞിരുന്നു. ടോളമി, പെരിപ്ലീസ്, പ്ലിനി തുടങ്ങിയ പ്രഗത്ഭരായ ചരിത്രകാരന്മാർ തീരപ്രദേശങ്ങളിൽ ആക്രമണം നടത്തിയ കടൽക്കള്ളന്മാരെക്കുറിച്ചു് പറഞ്ഞിട്ടുണ്ട്. വ്യാപാരതല്പരരും മതപ്രചാരകന്മാരും കേരളക്കരയിൽ പ്രാബല്യം നേടിയപ്പോൾ തസ്കരപ്രവീണന്മാർ കേരളത്തിന്റെ കടൽക്കരയിൽ വി

ജയക്കൊടി നാട്ടി, നിരവധി നൂറാണ്ടുകാലം ആഴിയുടെ അധിപന്മാരായി ജീവിച്ചു. നമ്മുടെ കായംകുളം കൊച്ചുണ്ണിയും ചേകണ്ണനും ആ പാരമ്പര്യം നിലനിർത്തി. അനന്തമായ അറബിക്കടലിന്റെ വിരിമാറിൽ നടന്ന ആയിരമായിരം അറുകൊലകാലം എത്രകാലം കേരളം നോക്കിനിന്നിട്ടുണ്ട്. അജ്ഞാതരായ ആ സാഹസീകരുടെ ആത്മരോദനം ആർത്തലച്ചണയുന്ന തിരമാലകളിൽ ലയിച്ചു.

അലക്സാണ്ടരുടെ ചരിത്രപ്രസിദ്ധമായ ആക്രമണത്തിനു മുമ്പുതന്നെ കേരളത്തിലെ വനവിഭവങ്ങൾ വിദേശക്കമ്പോളങ്ങളിലെ വിലപ്പിടിപ്പുള്ള വസ്തുക്കളായിരുന്നു. കാലവർഷക്കാറ്റിന്റെ കണ്ടുപിടുത്തത്തിനു മുമ്പെ വളരെ ദൂരം യാത്രചെയ്ത് വിദേശവ്യാപാരികളോടൊപ്പം കടൽക്കള്ളന്മാർ ഇവിടെ എത്തിയിരുന്നു. അക്കാലത്ത് പേഴ്സ്യൻ ഉൾക്കടൽ വഴി അറേബ്യയുടെ ദക്ഷിണഭാഗങ്ങളിലേയ്ക്കും അവിടെനിന്ന് യമനം ഹിജാസും കടന്ന് സിറിയയിലേയ്ക്കും ഈജിപ്തിലേയ്ക്കും ഉല്പന്നങ്ങൾ കയറ്റിഅയച്ചിരുന്നു. പ്രകൃതകേന്ദ്രങ്ങളിലെല്ലാം കൊള്ളക്കാരുടെ താവളങ്ങളുണ്ടായിരുന്നു. ഗ്രീക്കിലും, ഹിബ്രുവിലും, കേരളക്കരയിലും ആക്രമണം നടത്തിയിരുന്ന കടൽകള്ളന്മാരെ 'മൊളന്ദന്മാർ' എന്നാണ് വിളിച്ചിരുന്നത്. കടലുകളിൽ പൊങ്ങിക്കാണുന്ന മൺതിട്ടകളിലും ദ്വീപുകളിലും മൊളന്ദന്മാർ താവളമുറപ്പിച്ചിരുന്നു. ഇവരിൽ മത്സ്യം പിടിച്ചു കഴിയുന്നവരായിരുന്നു അധികവും. മത്സ്യം ഇവരുടെ പ്രധാന ക്ഷേണസാധനമായിരുന്നു. ഫിലിപ്പയിൻദ്വീപ് കളിലെ കച്ചവടക്കാരുമായി ബന്ധം പുലർത്തിയിരുന്ന മൊളന്ദന്മാർ കൂട്ടമായിട്ടാണ് സമുദ്രസഞ്ചാരം ചെയ്തിരു

ന്നത്. * "മൊളന്ദന്മാർ നാവികപാരമ്പര്യമുള്ള വർഗ്ഗത്തിൽപ്പെട്ടവരാണ്. ഭക്ഷണമന്വേഷിച്ചു മൊറോക്കൻ രാജ്യങ്ങളിൽനിന്ന് നാടുവിട്ടവരാണിവരെന്നു സംശയിയ്ക്കപ്പെടുന്നു. ഹൂണന്മാരുടെ ആക്രമണകാലത്തു് ബോംബെയ്ക്കടുത്തുവെച്ചു തടവിലാക്കപ്പെട്ട മൊളന്ദന്മാരിൽനിന്നു് പിടിച്ചെടുത്ത സാമഗ്രികൾ അതാണ് തെളിയിയ്ക്കുന്നത്. മദ്ധ്യപൌരസ്ത്യദ്വീപുകളിൽ കോളനികൾ സ്ഥാപിച്ചിട്ടുള്ളവർക്ക് ചില പ്രാകൃതാചാരങ്ങളുണ്ട്. ഒരു സംഘത്തലവനും അലിഖിതനിയമങ്ങളും ഇവർക്കുണ്ടായിരുന്നു. ഭക്ഷണത്തിനു ബുദ്ധിമുട്ടാകുമ്പോൾ കടൽസഞ്ചാരികളെ ആക്രമിച്ചു കാര്യം നടത്തുന്നവരാണ്. സൈരമായി ജീവിയ്ക്കാനുള്ള അവകാശം നിഷേധിയ്ക്കപ്പെട്ടപ്പോൾ ഇവർ കൊള്ളക്കാരായിത്തീർന്നതായിരിയ്ക്കണം. ഇവരുടെ വലിയ കേന്ദ്രം നാലാം നൂറ്റാണ്ടിൽ അറബിക്കടലിലെ പീരിയദ്വീപായിരുന്നു. സിലോണിലും അയൽദ്വീപുകളിലും ഇവർക്ക് കേന്ദ്രങ്ങളുണ്ട്. മലബാറിലെ കച്ചവടക്കപ്പലുകൾ സമുദ്രാതിർത്തിയിലെത്തുമ്പോൾ ഇവർക്ക് പ്രതിഫലം നല്കിയിരുന്നു." ഹാവലിന്റെ അഭിപ്രായത്തെ സാധൂകരിയ്ക്കുന്ന രേഖകളാണ് പ്രസിദ്ധ സഞ്ചാരികളായിരുന്ന ഇബ്നുബത്തൂത്ത നല്കുന്നത്. ഇബ്നുബത്തൂത്തയുടെ വിശ്വവിഖ്യാതി നേടിയ ആത്മകഥയായ "തുഹ്ഫത്തുനസ്സാരി"ൽ മലബാർകരയിലെ കടൽക്കള്ളന്മാരെപ്പറ്റി പറയുന്നതിങ്ങനെയാണ്. * "ആഫ്രിക്കൻമരുഭൂമിയിലൂടെ സഞ്ചാസും, തഗാസയും, ദാമത്തുമയും, സാഗരിയും കടന്നാണ് രണ്ടാമത്തെ യാത്ര അവസാനിപ്പിച്ചത്. മരുഭൂമി

* Molandis on the Sea—P. 34.
* Ibnubattutas Adventure Vol: I.

യിൽ ഒട്ടകപ്പുറത്തു കയറി സഞ്ചരിച്ച് കളവുനടത്തുന്നവരെപ്പറ്റി ഞാൻ കേട്ടിട്ടുണ്ട്. പക്ഷെ അവക്ക് എന്നെ ആവശ്യമുണ്ടായില്ല. ഇന്ത്യയിൽ മുഹമ്മദ് തഗ്ലക് ഭരിയ്ക്കുന്ന കാലത്താരംഭിച്ച എന്റെ യാത്രയിൽ കവച്ചു സംഘക്കാരെ നേരിട്ടു കാണാൻ എനിക്കു കഴിഞ്ഞു. മലബാർ തീരത്തെ ഫാക്കനൂരിൽനിന്നു (തെക്കൻകണ്ണാടകത്തിലെ ഒരു കേന്ദ്രം) പിടിച്ച മുന്നൂറോളം തടവുകാരെ തഗ്ലക് ജയിലിലടച്ചിരുന്നു. അവരുമായി ഞാൻ സംസാരിച്ചു. ഈ തസ്കരസംഘത്തിൽ കവർച്ചചെയ്തുകൊണ്ടുവന്ന സ്ത്രീകളും ഉൾപ്പെട്ടിരുന്നു. കപ്പലുകളുടെ മാഗ്നദ്ധ്യത്തിൽ പ്രതിബന്ധങ്ങൾ സൃഷ്ടിച്ച് ആക്രമണം നടത്തുകയാണിവരുടെ തൊഴിൽ. ആവശ്യമുള്ള സാധനങ്ങൾ കവച്ചുചെയ്തശേഷം യാത്രക്കാരെ പിടിച്ചു ടിപുകളിൽ കൊണ്ടുപോകാറുണ്ട്. അങ്ങിനെ ഇവരുടെ സംഘത്തിൽ അംഗങ്ങൾ കൂടിവന്നു. ബോംബെ മുതൽ മലബാർതീരം വരെ ഇവർ സമുദ്രാധിപത്യം വഹിച്ചിരുന്നു. ഹാമോയിവർഗ്ഗക്കാരുടെ പ്രാകൃതാചാരങ്ങൾ അനുഷ്ഠിയ്ക്കുന്നവരും ഇവരിലുണ്ട്. ചൈനാക്കാരും ഈജിപ്ഷ്യരും ഈ സംഘത്തിലെ പ്രമാണികരാണ്. സമുദ്രസഞ്ചാരത്തിന്റെ എല്ലാപ്പാഗ്രങ്ങൾ ഇവർ കണ്ടുപിടിച്ചിട്ടുണ്ട്. കടലിൽ വേലിയേറ്റം ഉണ്ടാകുന്നതു മുൻകൂട്ടി ഇവർ മനസ്സിലാക്കുന്നു. ഇവരുടെ ആക്രമണത്തിൽനിന്നു രക്ഷനേടാൻ കൊല്ലം രാജാവു് കടൽസൈന്യത്തെ സജ്ജീകരിച്ചിരുന്നു. ഉല്പന്നങ്ങൾ കയറ്റിക്കൊണ്ടുപോകുന്ന കപ്പലുകൾക്കു് സൈന്യം കാവൽനില്ക്കുന്നു. കച്ചവടക്കാരുടെ സങ്കേതമായിരുന്ന നെത്താടീപിൽ സംഘത്തലവനായ മന്ത്രവാദി അഗ്നിയ്ക്കുരികെ ഇരുന്നു മന്ത്രം ജപിയ്ക്കുകയാണു് പതിവു്. അപകട

ങ്ങളിൽനിന്നു രക്ഷനേടാൻ "മുത്തിബി" എന്ന ആ സംഘത്തലവൻ പ്രാർത്ഥിച്ചിരുന്നു. ഒരു കവച്ച് വിജയകരമായി പര്യവസാനിച്ചാൽ സമുദ്രദേവതയെ സന്തോഷിപ്പിയ്ക്കാൻ ഇവർ സദ്യ നടത്തുന്നു. ഇത്തരം പ്രാകൃതാചാരം ഹാമോയികളുടെയും പൌരാണികഈജിപ്ഷ്യകാരുടെയും ഇടയിൽ നടപ്പുണ്ടായിരുന്നു."

സിസർ ക്ലോഡിയസ്സിന്റെ കാലത്തുതന്നെ മലബാർകരയുമായി വ്യാപാരബന്ധം പുലർത്തിയ കപ്പൽസഞ്ചാരികൾക്ക് അറബിക്കടലിൽവെച്ചു കവച്ചുക്കാരുമായി ഏറുമുട്ടേണ്ടിവന്നിട്ടുണ്ട്. മുസരിബന്ദർ എന്ന സ്ഥലത്തുവെച്ചു നടന്ന ഒരു യുദ്ധകഥ റോമൻചരിത്രേതിഹാസത്തിൽ വർണ്ണിച്ചിട്ടുണ്ട്. ക്ലോഡിയസ്സിന്റെ കാലം സീസർ അഗസ്റ്റസിനു ശേഷമാണ്. 'മുസരിബന്ദർ' എന്നു പറയുന്നത് കൊടുങ്ങല്ലൂർതുറമുഖത്തെയാണ്. അപ്പോൾ ക്രിസ്താബ്ദാരംഭത്തിൽതന്നെ കടൽക്കൊള്ളക്കാരുടെ ചരിത്രപ്രസിദ്ധമായ സാഹസികയത്നങ്ങൾ നടന്നിട്ടുണ്ടെന്നു തെളിയുന്നു.

കേവലം കൊള്ളചെയ്യുന്ന അസംഘടിതരായി ജീവൻ ബലിയർപ്പിച്ചിരുന്ന അപരിഷ്കൃതർ മാത്രമായിരുന്നില്ല കടൽക്കള്ളന്മാരിൽ ഉൾപ്പെട്ടിരുന്നത്. മുത്തുച്ചിപ്പി സംഭരിയ്ക്കുന്നവർ, അടിമവ്യാപാരം നടത്തുന്നവർ, നാവിക പരിശീലനം നല്കുന്നവർ, മത്സ്യം പിടിച്ചു കാലയാപനം ചെയ്യുന്നവർ തുടങ്ങിയ വിവിധതരക്കാരുടെ ഒരു വർഗ്ഗമായിരുന്നു അവരുടേത്. കേരളക്കരയുടെ പ്രധാന സ്ഥലങ്ങളായ ഫാക്കനൂർ (ബൽക്കൂർ), ഷിംഗലായി (കൊടുങ്ങല്ലൂർ), കൊല്ലാഃമലി (തെക്കൻകൊല്ലം), ഫന്ദരീന (പന്തലായിനി), മഞ്ചരൂർ (മംഗലാപുരം), ശ്രീകാൽന്തോനീം

(ശ്രീകണ്ഠപുരം) പുരാക്കാട് (പുറക്കാട്) തുടങ്ങിയ സ്ഥലങ്ങളിൽ കടൽക്കള്ളന്മാരുമായി ബന്ധപ്പെട്ട കുടുംബങ്ങളുണ്ടായിരുന്നു. മാക്കോപോളൊ, ബർബോസ, പിരിശത്ത്, ഫെവനോവ്, ഇബ്നൽആതിർ, കാക്കലി, അബൂയഹ്യസെനഫോൺ തുടങ്ങിയ പ്രസിദ്ധരായ സഞ്ചാരികളും അവരുടെ ചരിത്രഗ്രന്ഥങ്ങളിൽ കടൽക്കള്ളന്മാരെക്കുറിച്ച് സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ജൂതചരിത്രപണ്ഡിതനായ ബെന്യാമിൻ തന്റെ യാത്രയിൽ കടൽക്കള്ളന്മാരോടേറ്റുമുട്ടേണ്ടതായിവന്നു. സെനഫോണിന്റെ കടൽക്കഥകളിലെ പാത്രങ്ങളും മലബാർതീരത്തെ കപ്പൽക്കാരാണ്. അബൂയഹിയ സുന്ദരമായ ഒരു കഥതന്നെയാണ് കടൽക്കള്ളന്മാരിൽനിന്നു പകർത്തിയിട്ടുള്ളത്. എട്ടാം നൂറാണ്ടിന്റെ മദ്ധ്യത്തിൽ പേർഷ്യയിൽനിന്നു മലബാറിലേയ്ക്കു യാത്രതിരിച്ച ഒരു വ്യാപാരസംഘം കടൽക്കള്ളന്മാരുമായി ഏറ്റുമുട്ടുന്നതിൽനിന്നുതുടങ്ങുന്നു കഥാവസ്തു.

* പേർഷ്യൻ വാണിജ്യപ്രഭുവായ സാദിഖാത്തു് വാസനദ്രവ്യങ്ങളും വാങ്ങാൻ മലബാർതീരത്തേയ്ക്കു യാത്രപുറപ്പെട്ടു് തീരപ്രദേശത്തടുക്കാറായപ്പോൾ ചെറിയ വഞ്ചികളിൽ കള്ളന്മാർ പ്രത്യക്ഷപ്പെട്ടു് കപ്പലിനെ ആക്രമിച്ചു. ഭീർഘനേരത്തെ പോരാട്ടത്തിനുശേഷം കള്ളത്തലവൻ സാദിഖാത്തിനേയും കൂട്ടുകാരേയും ബന്ധനസ്ഥരാക്കി. കൊള്ളക്കാരിൽപെട്ട പതിഞ്ഞ മുക്കും നീലക്കണ്ണുകളുമുള്ള സ്ത്രീ സാദിഖാത്തിനെ രക്ഷിച്ചു. ആ സ്ത്രീ മയ്യോക്കവർഗ്ഗത്തിൽപെട്ടവളായിരുന്നു. ആക്രമിച്ചു കിട്ടിയവരിൽ ഒരു വിലയേറിയതോടെ സാദിഖാത്തു് കരപറ്റി സമുദ്ര

* Hely Sinbad—Jews Digest Vol : III No. 2 (1938).

ത്തിലെ കൊള്ളക്കാരിയായ അവളെ ആ മാർഗ്ഗത്തിൽനിന്നു സാദിഖാത്തു് പിൻതിരിപ്പിച്ചു. ഹൃദ്യമായ ഒരു പ്രേമനാടകത്തിലെ നായികയായി ആ സമുദ്രറാണി ജീവിച്ചു. മംഗലാപുരത്തുവെച്ചു് അവർ വിവാഹിതരായി. സാദിഖാത്തിന്റെ സഞ്ചാരമാർഗ്ഗത്തിൽ അത്ഭുതാവഹങ്ങളായ രഹസ്യങ്ങൾ നല്കിയതു് ഈ കൊള്ളക്കാരിയാണു്.

ഇവരുടെ ശ്മശാനം ഹേലിയിൽ (ഏഴിമലയിൽ) കാണാം. "കടൽതീരങ്ങളിൽ അധിവസിച്ചിരുന്നവരിൽ പലരും കടൽക്കള്ളന്മാക്കവലംബം നല്കിയിട്ടുണ്ടു്.

തീരപ്രദേശനിവാസികളുടെ സഹായമില്ലാതെ സ്വച്ഛന്ദം അവക്കു വിഹരിയ്ക്കാൻ കഴിയുമായിരുന്നില്ല. നാഗപട്ടണത്തു മുത്തുച്ചിപ്പിവ്യവസായത്തിലേർപ്പെട്ടവരായിരുന്ന കടൽക്കള്ളന്മാക്കു സൌകര്യം നല്കിയിരുന്നതെന്നു ഡച്ചുചരിത്രകാരന്മാർ പറയുന്നു. വിപുലമായ തോതിൽ മുത്തുച്ചിപ്പിവ്യവസായം നടത്താൻ വിദേശികൾ കേരളതീരത്തു പാളയമടിച്ചു താമസിച്ചിരുന്നു. പ്രസിദ്ധ സഞ്ചാരിയായ മാർക്കോപോളോതന്നെ ഈ വിവരം വെളിപ്പെടുത്തുന്നുണ്ടു്.

* "സിലോണിന്നും മലബാറിന്നും മദ്ധ്യത്തിൽ ഒരു കടലിടുക്കുണ്ടു്. അവിടെനിന്നു മുത്തുച്ചിപ്പികൾ മുങ്ങിയെടുക്കാനായി ഏപ്രിൽ, മെയ് എന്നീ മാസങ്ങളിൽ വിദേശികൾ കൂട്ടംകൂട്ടമായി വരുന്നു." മുത്തുച്ചിപ്പിയുടെ വ്യവസായപാരമ്പര്യം തൂത്തുക്കുടിയിൽ ഇപ്പോഴും കാണാം. സമുദ്രത്തിന്റെ മുകൾപ്പരപ്പിൽ മാത്രമല്ല അഗാധതയിലും കടൽക്കള്ളന്മാർ നിർഭയം പ്രവേശിച്ചിരുന്നു മുത്തുച്ചിപ്പിവ്യാപാരത്തിൽ പ്രാമാണ്യം നേടിയിരുന്നതു് ടുണീ

* Marcopolo Book III—Chap: XVI.

ഷ്യരാണു്. അവർ മുഞ്ഞിത്തപ്പൽകാക്കു് പ്രോത്സാഹനം നല്കി, കേരളക്കരയുടെ പല ഭാഗങ്ങളിൽനിന്നും മുത്തുച്ചിപ്പികൾ സംഭരിയ്ക്കാൻ ശ്രമം നടത്തിയിരുന്നു.

കേരളചരിത്രത്തിൽ ഉപയോഗപ്രദമായ വിവരം ലഭിയ്ക്കാത്ത ഒരു വലിയ വിടവുണ്ടു്. വിദേശമതങ്ങളുടെ പ്രചരണവും വ്യാപാരത്തിരക്കും കഴിഞ്ഞാൽ ഏതാണ്ടു നൂറാണ്ടുകാലം ചരിത്രത്തെസ്സംബന്ധിച്ചിടത്തോളം ഇരുളടഞ്ഞുകിടക്കുകയാണു്. ചരിത്രപ്രമാണങ്ങൾ രേഖകാലം ലഭിയ്ക്കുന്നതു പോർത്തുഗീസ്സുകാരുടെ ആഗമനത്തോടുകൂടിയാണു്. കേവലം കൊള്ളക്കാരായ കേരളത്തിലെ തെരുവുകളിൽ താണ്ഡവനൃത്തം നടത്തിയ പോർത്തുഗീസ്സുകാക്കു് എതിരിടേണ്ടിവന്നതു് തീരപ്രദേശത്തെ കടൽക്കള്ളന്മാരോടാണു്. നൂറിൽപരം അറബിമരക്കാരോടുകൂടി മലബാർകരയിലെത്തിയ വാസ്കോഡിഗാമയ്ക്കു് ഹൃദ്യമായ സ്വീകരണം കാപ്പാട്ടുനിന്നു് (കോഴിക്കോട്ടുനിന്നു് ഏതാനും നാഴികവടക്കു്) ലഭിച്ചില്ല. (ഗാമയുടെ സ്മാരകം ഇന്നും അവിടെ കാണാം) അവിടെ താവളമടിച്ചിരുന്ന കടൽക്കള്ളന്മാരോടു് പൊരുതിയശേഷമാണു് പന്തലായിനിയിലും കോഴിക്കോട്ടും ഗാമയുടെ സംഘം എത്തിയതു്. 1500-ൽ വന്ന ക്രാകാബ്രാൽ കപ്പിത്താനും സാമൂതിരിയുമായി ഒരു ഉടമ്പടിയുണ്ടാക്കി. ആ ഉടമ്പടിപ്രകാരം അറബിക്കച്ചവടക്കാരുടെ സ്വാധീനശക്തി കുറയ്ക്കാൻ സാമൂതിരി നിർബ്ബന്ധിതനായിരുന്നു. പക്ഷേ കടൽക്കള്ളന്മാരുടെ സഹകരണത്തോടെ അറബികാലം കപ്പിത്താനേയും സൈന്യത്തേയും തുരത്തി. കൊച്ചിയിലേയ്ക്കു് കപ്പൽസൈന്യം പിന്തിരിഞ്ഞു. കോഴിക്കോട്ടുനിന്നു വരുന്ന വഴി തിരുവാപ്രദേശങ്ങാടം ചുട്ടുപൊട്ടിച്ചാണു് അവർ ജൈത്രയാത്ര നടത്തി

യതു്. കൊച്ചിരാജാവുമായി വ്യാപാരഉടമ്പടി ഉറപ്പിയ്ക്കയും ചെയ്തു. ധീരനായ സാമൂതിരി മൂസാച്ചിക്കക്ക (കടൽക്കള്ളന്മാരെ ദേശസേവനത്തിന്നായി തയ്യാറാക്കിയ ആ നാവികവീരൻ) യുടെ സഹായത്തോടെ പോർത്തുഗീസ്സ്കാരെ കൊച്ചിയിൽ കടന്നാക്രമിച്ചു. കൊച്ചിരാജാവു് ഭയവിഹ്വലനായി വൈപ്പിൻതുരുത്തിൽ അഭയംപ്രാപിച്ചു. രണ്ടാമത്തെ പോർത്തുഗീസ്സ് കപ്പൽപടയാണു് രാജാവിനെ രക്ഷിച്ചതു്.

കടൽക്കരയിൽ പോർത്തുഗീസ്സ്സൈന്യം കൊച്ചിരാജാവിന്റെ അനുമതിയോടുകൂടി താവളമടിച്ചു് കടൽക്കള്ളന്മാരെ അമർച്ചചെയ്യുന്നു എന്ന പേരിൽ ഉറമുഖത്തുനിന്നു മരക്കുകപ്പം കയറ്റിപ്പോയ കപ്പലുകളെ പിന്തുടർന്നു ആക്രമിയ്ക്കുവാൻ തുടങ്ങി. ആക്രമണത്തിന്റെ അപരാധം കടൽക്കള്ളന്മാരുടെ പേരിൽ ചുമത്തി. വിദേശികളായ കച്ചവടക്കാരെ ഭീഷണിപ്പെടുത്തിയും സാമൂതിരിയുടെ സൈന്യത്തിൽപ്പെട്ട പട്ടാളക്കാരെ ഉപദ്രവിച്ചും പോർത്തുഗീസ്സ്കാർ തങ്ങളുടെ ശക്തി കൂട്ടിക്കൊണ്ടിരുന്നു. കടലിലും കരയിലും ജനങ്ങൾക്കു സൈ്വരമായി ജീവിയ്ക്കാൻ നിവൃത്തിയില്ലാതായപ്പോൾ അന്നത്തെ കടൽപ്പടയുടെ നേതൃത്വം വഹിച്ചിരുന്ന മരക്കാർമാർ പോർത്തുഗീസ്സ്കാരോടു് എതിരിടാൻ പുതിയ സൈന്യസജ്ജീകരണം നടത്തി. കടലിന്റെ ആധിപത്യം വഹിച്ചിരുന്ന കുഞ്ഞാലിമരക്കാർ പൊന്നാനിയിലും കോഴിക്കോട്ടും കടൽക്കള്ളന്മാരുടെ തലമുറയിൽപ്പെട്ട സാഹസികരെ തേടിപ്പിടിച്ചു ദേശീയവിമോചനസേന രൂപവൽക്കരിച്ചു. അപരിഷ്കൃതരും ക്രൂരന്മാരുമായി പരിഗണിച്ചുപോന്ന അവരിൽ പലരും പോർത്തുഗീസ്സാക്രമണകാലത്തു സഹിച്ച യാതന

കൾക്ക് കണക്കില്ല. രോമാഞ്ചംകൊള്ളിയ്ക്കുന്ന പോരാട്ടങ്ങൾ കടലിന്റെ വിരിമാറിൽ കൂട്ടിആലിമരക്കാരുടെ നേതൃത്വത്തിൽ 1524-ൽ അവർ നടത്തി. കൊച്ചിയിലെ സമുദായപ്രമാണികളും യുദ്ധനിപുണരുമായ അഹമ്മദ്മരക്കാർ, മുഹമ്മദാലിമരക്കാർ എന്നിവരുടെ മേൽനോട്ടത്തിൽ പോർത്തുഗീസ്സ്കോട്ട അവർ പിടിച്ചടക്കി. കടൽക്കള്ളന്മാരുടെ ഇടയിൽ സാമൂഹ്യബോധം വളർത്താൻ ശ്രമിച്ച നാവികസേനാനിയാണ് പാച്ചാച്ചി. മലബാറിന്റെ തീരപ്രദേശത്ത് അസംഘടിതരായി കഴിഞ്ഞിരുന്ന ഇവരാണ് ഇന്ത്യയുടെ നാവികശക്തിയെ ഊട്ടിയെടുത്തത്. കേരളത്തിലെ രാജാക്കന്മാരുമായി ബന്ധപ്പെടാൻ കഴിഞ്ഞതോടെ തസ്കരവൃത്തിയും കൊലയും ഇവർ നിർദ്ദോഷം നിറുത്തി. മരക്കാർവംശജന്മാരിൽ പലരുമായി ഇവർ വേഴ്ച സ്ഥാപിച്ചു. സാമൂതിരിഭരണകാലത്തെ നാവികത്തലവനായ കുഞ്ഞാലി രണ്ടാമന്റെ ആജ്ഞകൾ ഇവർ നിർവ്വഹിയ്ക്കുന്നതായി കാണാം. കൊലയും കൊള്ളയും തന്നെ മതിയെന്നാഗ്രഹിച്ചവർക്ക് കരകാണാൻ കഴിഞ്ഞിട്ടില്ല. എങ്കിലും ചിലർ കാട്ടുകളിലും തുരുത്തുകളിലും അഭയം തേടി. അവരുടെ വംശജന്മാർ ഒറ്റയ്ക്കാറ്റയ്ക്ക് ഇന്നും ജീവിച്ചിരിപ്പുണ്ടാകാം.

ഒളിപ്പോരിനു പ്രസിദ്ധിയാർജ്ജിച്ച കടൽക്കള്ളന്മാരിൽനിന്നാണ് കേരളത്തിലെ നാവികർ അഭ്യസിച്ചത്. സിലോണിലെ പുത്തളത്തും, കാത്താർകുടിയിലും, തമിഴ്നാട്ടിലെ കായലോരപ്രദേശങ്ങളിലും മൊളന്ദന്മാർ അധിവസിയ്ക്കുന്നുണ്ട്. കേരളചരിത്രത്തിൽ കടൽക്കള്ളന്മാർ എന്നു വിളിയ്ക്കപ്പെട്ട മൊളന്ദന്മാരുടെ വംശം ആയിരിയ്ക്കാം ഇവർ. ജൂതഗാനങ്ങളിൽ 'ചൊനകർ' എന്നും കാ

ടൽക്കള്ളന്മാക്ക് പേരുണ്ട്. ജൂതനാടോടിപ്പാട്ടുകളിൽ വ ണ്ണിയ്ക്കുന്ന ചിരുതാനന്ദനേറയും ജോസഫ് റബ്ബാനേറയും കഥകളിൽ ഒരു ഭാഗത്തു് "മൊനകൻകെട്ടം കയറികെട്ട ങ്കാ (കടൽക്കള്ളൻ കയറിച്ചെന്നു പറഞ്ഞു) യെന്നു സൂചി പ്പിച്ചിട്ടുണ്ട്. * കടൽക്കള്ളന്മാരായ മൊനകന്മാരിൽനി ന്നു ഇസ്രായേൽമക്കളെ രക്ഷിയ്ക്കണെ എന്ന പ്രാർത്ഥന ജൂ തമുത്തശ്ശിമാർ ഉരുവിടാറുണ്ട്."

ഹൈദരാലിഖാന്റെ കാലത്തു് കടൽക്കള്ളന്മാരെ തേടിപ്പിടിയ്ക്കാൻ ശ്രമം നടന്നതായി കാണാം. കൊള്ള മെയ്യൽ കടിൽവ്യവസായമായി സ്വീകരിച്ച പലരെയും ഹൈദർ വെറുതെ വിട്ടില്ല സംഘംസംഘമായി കവച്ച് നടത്തുന്ന സമ്പ്രദായം അക്കാലത്തു നിശ്ശേഷം മാറി. ഒറയ്യൂ കാടുകളിൽ പതുങ്ങിയിരുന്നു പിടിച്ചുപറിയ്ക്കൽ മാ ത്രമായി അതു് അവശേഷിച്ചു. ടിപ്പുവിന്റെ പടയോട്ട ക്കാലത്തു് പോറുവാക്കടത്തിനു സമീപം കടൽക്കള്ളന്മാർ താവളമടിച്ചിരുന്നു. പക്ഷെ ഉഗ്രനായ സുൽത്താന്റെ ആജ്ഞയ്ക്കു വഴങ്ങാൻ അവർ തയ്യാറായി. പൊതുസ്വത്തു സൂക്ഷിയ്ക്കാൻ നയജ്ഞനായ ടിപ്പു ഈ കള്ളത്തലവന്മാരെ ഭാരമേല്പിച്ചതായി പറയപ്പെടുന്നു. അരാച്ചാരന്മാരായി ഇവരിൽനിന്നു പലരേയും തിരഞ്ഞെടുക്കുകയും ചെയ്തവ രത്രെ. ടിപ്പുവും ശക്തൻതമ്പുരാനും ആണ് കടൽക്കൊ ള്ളയും കാട്ടിലൊളിച്ചിരുന്ന കൊള്ളയും ഒതുക്കിയതു്. കള്ള ന്മാരും കൊള്ളക്കാരും മാത്രമായി മുദ്രകുത്തി മാറ്റിനിറുത്ത പ്പെട്ട ഇവരിൽ പലരും നാടോടിക്കഥകളിലെ വീരാത്മാ ക്കളായിക്കഴിഞ്ഞിട്ടുണ്ട്. ഇവരെപ്പറ്റി ഓരോ കരയിലും വീരാപദാനകഥകൾ വേണ്ടുവോളം പ്രചരിച്ചതായി കാ

* Songs of Jews—Dr: A. I. Simon.

ണാം. ഉള്ളവരുടെ മുതൽ കൊള്ളചെയ്ത് ഇല്ലാത്തവർക്ക് കൊടുത്തിരുന്ന ഇവരെപ്പറ്റി മുത്തശ്ശിക്കഥകൾ കേരളത്തിലെവിടെയും കേൾക്കാം. പറയുന്നവരുടെ ഭാവനയ്ക്കനുസരിച്ച് അവരുടെ സാഹസികവൃത്തികൾ വലുതായിത്തിരുന്നെന്നു മാത്രം.

സമഗ്രമായ കേരളചരിത്രം എഴുതുന്നവർക്ക് ഈ കടൽക്കള്ളന്മാരെ ഒഴിച്ചുനിർത്താൻ കഴിയുകയില്ല. ഐതിഹാസികസംഭവങ്ങളും കേട്ടുകേൾവിയെ അടിസ്ഥാനപ്പെടുത്തിയുള്ള കെട്ടുകഥകളും മാറ്റിനിർത്തിയാൽത്തന്നെ രണശൂരന്മാരായ കടൽക്കള്ളന്മാർ ഒരു യാഥാർത്ഥ്യമായി മാറിനില്ക്കുന്നതായി കാണാം. ഒരുപക്ഷേ ഇവരെ ഭയപ്പെട്ടതുകൊണ്ടാകാം വിദേശാക്രമണങ്ങൾതന്നെ കേരളക്കരയിൽ തലയുയർത്താതിരുന്നത്.

ഇവരുടെ കൊള്ളയും കൊലയും അനുകരണാർഹമായിരുന്നില്ലെങ്കിലും കടൽപോരാട്ടത്തിൽ പ്രകടിപ്പിച്ചിരുന്ന ധൈര്യം അംഗീകരണാർഹമായിരുന്നെന്നു പറയാം. ഇവരുടെ അജയ്യമായ ശക്തിയെ കണ്ടെത്താൻ സാധിച്ചതോടെ കേരളത്തിനു പല നേട്ടങ്ങളുമുണ്ടായി. ആ നേട്ടങ്ങളുടെ കാലാനുക്രമമായ വളർച്ച നമുക്കു കടൽസൈന്യത്തിൽ നാമിനും കാണുന്നു.



പുതിയ പുസ്തകങ്ങൾ!

"അഞ്ചരലക്ഷം" ഗ്രന്ഥകർത്താ : ബ്രഹ്മദത്തൻ.

ഒരു അഞ്ചരലക്ഷക്കേസ്.....നടന്ന കൊലപാതകങ്ങളുടെ കേളി രംഗം .....ഇൻസ്പെക്ടർ ഹസ്സൻറേയും കമാറിൻറേയും കേസ നേഷൺങ്ങൾ.....വീഴ്പ്പുമുട്ടിയ്യുന്ന രംഗംങ്ങൾ, അങ്ങിനെ പല തും, പലതും.....!!!

ഇരുന്നൂറോളം പേജുകൾ. വില : 1 ക 8 ണ.

ഞാൻ വേദനിക്കുന്നു — (കഥകൾ)

വേദനിയ്യുന്ന ഹൃദയങ്ങളെ അനുഭവിച്ചറിഞ്ഞ് ചിത്രീകരിക്കാൻ കഴിവുള്ള ഒരു യുവകഥാകൃത്തിന്റെ നീറുന്ന യഥാർത്ഥ്യങ്ങളുടെ നഗ്ന പാതീകരണമാണ് ഇതിലെ കഥകളോരോന്നും.

കഥാകൃത്ത് : കൈ കാട്ടുകൾ. വില : 12 ണ.

സ്റ്റീൽ മോതിരം — (കഥകൾ)

അനുഭവസത്യങ്ങളുടെ വെളിച്ചത്തിലെഴുതിയ ഒന്നാംതരം ചെറു കഥകൾ.

ഗ്രന്ഥകർത്താ : ഈ വി ജി. വില : 12ണ.

മനുഷ്യൻ മനുഷ്യനാണ്. (നാടകം) അച്ചടിയിൽ.

സമുദായത്തിന്റെ ചിതൽപ്പുറ്റുകളെ തുറന്നുകാട്ടുന്ന ഒരു ഒന്നാം തരം നാടകം.....മതത്തിന്റെ സങ്കുചിതാദർശങ്ങളാൽ അതിർത്തി വരമ്പിട്ട മനുഷ്യനെ മനുഷ്യനിൽനിന്നും അകറ്റിനിർത്തുന്ന യാഥാസ്ഥിതികമതമനോഭാവത്തോടുള്ള ഒരു വെല്ലുവിളിയാണ് ഈ നാടകം.....കൂടാതെ വിദേശഭരണത്തിനുകൊടുവേലചെയ്യുന്ന വിഷമങ്ങളുടെ രസികൻ ചിത്രീകരണവും.

നാടകകൃത്ത് : പൂർണ്ണമോദൻ മോലയിൽ

ബി. എ. (ഓണേഴ്സ്) വില : 1 ക.

ആവശ്യപ്പെടുക:—

അജന്താ പബ്ലിക്കേഷൻസ്,

കോതപറമ്പ്, കൊട്ടങ്ങല്ലൂർ.

പുരമേട്ട അച്ചടി വിക്ടറി പ്രസ്സ്, കന്നംകളം.